ആത്മാവിന്റെ നിറവിൽ–7

കേരള ലത്തീൻ കത്തോലിക്കാസഭയുടെ വിശ്വാസപരിശീലന പാഠാവലി

# യുഗങ്ങളുടെ പ്രതീക്ഷ



# Atmavinte Niravil - 7

# Yugangalude Pratheeksha



Published by
Kerala Regional Latin Catholic Bishops' Council
Commission for Catechetics
Carmelgiri, P.B. No. 620, U.C. College P.O., Aluva

First Published
May, 2009
11th Impression May 2019

Copy right
KRLCBC
Commission for Catechetics

Design & Layout
Lajan Orakle, Kochi-18

Printing
Green Offset, Mukkam

Distribution
Secretary
KRLCBC, Commission for Catechetics
Kerala Region Latin Catholic Secretariat (KRLCS)
Carmelgiri, P.B. No. 620, U.C. College P.O., Aluva
Phone : 0484 - 2603705, 09447508112

Imprimatur

Most Rev. Dr. Daniel Acharuparambil, Archbishop of Verapoly
Most Rev. Dr. Soosa Pakiam, Archbishop of Trivandrum
Rt. Rev. Dr. Francis Kallarakal, Bishop of Kottapuram
Rt. Rev. Dr. Vincent Samuel, Bishop of Neyyatinkara
Rt. Rev. Dr. Varghese Chakkalakal, Bishop of Kannur
Rt. Rev. Dr. Stephen Athipozhiyil, Bishop of Alleppy
Rt. Rev. Dr. Stanley Roman, Bishop of Quilon
Rt. Rev. Dr. Joseph Kalathiparambil, Bishop of Calicut
Rt. Rev. Dr. Joseph Kariyil, Bishop of Kochi
Rt. Rev. Dr. Sebastian Thekkathecheril, Bishop of Vijayapuram
Rt. Rev. Dr. Selvister Ponnumuthen, Bishop of Punalur
Rt. Rev. Dr. Joseph Karikassery, Auxiliary Bishop of Verapoly

**Latin Archbishop's House**
P. B. No. 2581, Kochi-682 031
Kerala, India
E-mail: mail@verapoly.in

# ആശംസ



“ആത്മാവിന്റെ നിറവിൽ” എന്ന ശീർഷകത്തോടെ കേരള ലത്തീൻകത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള മതബോധനഗ്രന്ഥാവലി പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്.

വിശ്വാസപരിശീലനം എന്നത് സഭയുടെ പ്രധാന ദൗത്യങ്ങളിലൊന്നാണ്. വിശ്വസിക്കുന്ന കാര്യങ്ങളെക്കുറിച്ച് വ്യക്തമായ അറിവും ബോധ്യവും ഓരോ വിശ്വാസിക്കും ലഭിക്കണം. കേരള ലത്തീൻകത്തോലിക്കാസഭയുടെ തനതായ പാരമ്പര്യവും സംസ്കാരവും ആരാധനക്രമവും വിശ്വാസിസമൂഹം വ്യക്തമായി അറിയുകയും ജീവിക്കുകയും വേണം. ക്രിസ്തുരഹസ്യങ്ങളെയും സഭാജീവിതത്തെയും ആധുനികലോകത്തിന്റെ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് ധീരമായി പ്രഘോഷിക്കാൻ വിശ്വാസികളേവർക്കും കടമയുണ്ട്.

ക്രിസ്തുജയന്തി രണ്ടായിരാമാണ്ടിലാണ് കെ.ആർ.എൽ.സി.ബി.സി. മതബോധനകമ്മീഷൻ രൂപീകരിക്കപ്പെട്ടത്. കമ്മീഷന്റെ പ്രഥമവും പ്രധാനവുമായ ദൗത്യം കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള വിശ്വാസപരിശീലനപാഠാവലി തയ്യാറാക്കുക എന്നതായിരുന്നു. ഈ ദൗത്യം സ്തുത്യർഹമാംവിധം നിർവഹിച്ച കമ്മീഷൻചെയർമാൻ അഭിവന്ദ്യ ജോസഫ് കരിയിൽ പിതാവിനും സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളിക്കും മറ്റ് കമ്മീഷൻഅംഗങ്ങൾക്കും പ്രവർത്തകർക്കും ഞാൻ നന്ദിപറയുന്നു. നമ്മുടെ മക്കളുടെ വിശ്വാസപാതയിൽ വഴിവിളക്കായി ഈ പുസ്തകപഠനം പ്രശോഭിക്കട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുന്നു.

**+ ആർച്ച്ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ**
പ്രസിഡന്റ്, കെ.ആർ.എൽ.സി.ബി.സി., കൊച്ചി
മെയ് 1 , 2009

# സമർപ്പണം



ക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോരുത്തരും മതബോധനംവഴി വിശ്വാസജീവിതത്തിൽ ആഴപ്പെടേണ്ടത് ആവശ്യമാണ്. പക്വമായ വിശ്വാസജീവിതത്തിനും ക്രൈസ്തവസാക്ഷ്യത്തിനും ഒരുവനെ ഒരുക്കുന്ന പ്രക്രിയ എന്ന നിലയിൽ മതബോധനം സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യമാണ്.

നാമാരും സ്വകാര്യവ്യക്തികളല്ല, ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളാണ്. ‘ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ’ എന്ന ക്രിസ്തുനാഥന്റെ ആഹ്വാനം സ്വീകരിച്ച് സത്യത്തിലും നീതിയിലും അധിഷ്ഠിതമായ ദൈവരാജ്യത്തിന്റെ പ്രഘോഷകരും പ്രചാരകരുമാകാനുള്ള നമ്മുടെ വിളിയെയും ദൗത്യത്തെയും നാം വിസ്മരിച്ചുകൂടാ. ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭാംഗം എന്ന നിലയിൽ സുവിശേഷമൂല്യങ്ങൾക്കനുസരിച്ച് ജീവിക്കാനും സമൂഹത്തിൽ ക്രിസ്തുവിന്റെ പ്രതിരൂപമായി പ്രവർത്തിക്കാനും നാമോരോരുത്തരും കടപ്പെട്ടിരിക്കുന്നു.

കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ മതബോധന കമ്മീഷൻ കഴിഞ്ഞ ചില വർഷങ്ങളിലായി ‘ആത്മാവിന്റെ നിറവിൽ’ എന്ന പേരിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന പാഠപുസ്തകങ്ങൾ വളർന്നുവരുന്ന തലമുറയിൽ ക്രിസ്തുവിനെ രൂപപ്പെടുത്തുന്നതിൽ ഏറെ ഉപകാരപ്രദമാണ്. മതബോധനകമ്മീഷന്റെ ചെയർമാൻ സാരഥ്യം ഏറ്റെടുത്തുകൊണ്ട് ഈ ചരിത്ര ദൗത്യത്തിൽ പങ്കുവഹിക്കുന്നതിൽ എനിക്ക് ഏറെ ചാരിതാർത്ഥ്യമുണ്ട്. ഒന്നുമുതൽ ആറുവരെയുള്ള പാഠപുസ്തകങ്ങളുടെ രൂപീകരണത്തിന് നേതൃത്വം വഹിച്ച അഭിവന്ദ്യ ആർച്ചുബിഷപ്പ് സൂസപാക്യത്തിന് ഹൃദയംനിറഞ്ഞ നന്ദി. കമ്മീഷൻ സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളിക്കും ടീമംഗങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു. നവീകരിച്ച പുസ്തകങ്ങളുടെ പഠനം വഴി കേരള ലത്തീൻ സഭയിലെ എല്ലാ മതാദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ക്രിസ്തുവിന്റെ ധീരസാക്ഷികളും സുവിശേഷപ്രചാരകരുമായി മാറാൻ കഴിയട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ബിഷപ്പ് ജോസഫ് കരിയിൽ**

ചെയർമാൻ, മതബോധന കമ്മീഷൻ
കെ.ആർ.എൽ.സി.ബി.സി., കൊച്ചി

കൊച്ചി
മേയ് 1, 2009

# കൃതജ്ഞത

"പിതാവിൻ പക്കലേക്ക്," "ക്രിസ്തുവിന്റെ പിന്നാലേ" എന്നീ ശീർഷകങ്ങളിൽ പാലാരിവട്ടം പി.ഒ.സി. പ്രസിദ്ധീകരിച്ച വിശ്വാസപരിശീലനപാഠാവലിയുടെ തുടർച്ചയെന്നോണമാണ് "ആത്മാവിന്റെ നിറവിൽ" എന്ന പേരിൽ കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള മതപഠനപുസ്തകങ്ങൾ കെ.ആർ.എൽ.സി.ബി.സി. മതബോധനകമ്മീഷൻ പ്രസിദ്ധീകരിക്കുന്നത്.

കേരള ലത്തീൻകത്തോലിക്കാസഭയ്ക്കുവേണ്ടി തനതായ വിശ്വാസപരിശീലന പാഠാവലി തയ്യാറാക്കുന്നതിന്റെ ഒരുക്കമായി Come, See and Abide എന്ന പേരിൽ ഒരു മതബോധന ഡയറക്ടറി പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത ഡയറക്ടറിയുടെ അടിസ്ഥാനത്തിലാണ് ഒന്നു മുതൽ പതിമൂന്നുവരെ ക്ലാസ്സുകൾക്കുള്ള വിശ്വാസപരിശീലന പാഠാവലി തയ്യാറാക്കിയത്. നാലു ഘട്ടങ്ങളായാണ് പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഒന്നുമുതൽ മൂന്നുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ ഒന്നാം ഘട്ടത്തിലും നാലുമുതൽ ആറുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ രണ്ടാം ഘട്ടത്തിലും ഏഴുമുതൽ പതിമൂന്നുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ മൂന്നും നാലും ഘട്ടങ്ങളിലുമായും പ്രസിദ്ധീകരിക്കുന്നു.

ധാരാളംപേരുടെ ആത്മാർത്ഥമായ സഹകരണത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഫലമാണ് ഈ പാഠപുസ്തകങ്ങൾ. കമ്മീഷന്റെ വിലപ്പെട്ട ഈ ഉദ്യമത്തിന് ആവശ്യമായ എല്ലാവിധ പ്രോത്സാഹനങ്ങളും നല്കുകയും തയ്യാറാക്കിയ പുസ്തകങ്ങൾ അംഗീകരിച്ച് പ്രസിദ്ധീകരണാനുമതി നല്കുകയും ചെയ്ത കേരള ലത്തീൻ കത്തോലിക്കാസഭയിലെ എല്ലാ അഭിവന്ദ്യ മെത്രാന്മാർക്കും പ്രത്യേകിച്ച് ആർച്ച്ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ, ആർച്ച്ബിഷപ്പ് സൂസപാക്യം എന്നിവർക്കും സ്നേഹപൂർവം നന്ദി പറയുന്നു. കെ.ആർ.എൽ.സി.ബി.സി.ക്കുവേണ്ടി പുസ്തകങ്ങൾ വേണ്ടവിധം പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ നല്കിയ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ജോസഫ് കരിയിൽ, ബിഷപ്പ് സ്റ്റാൻലി റോമൻ, ബിഷപ്പ് വർഗീസ് ചക്കാലക്കൽ, ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ എന്നീ അഭിവന്ദ്യപിതാക്കന്മാർക്ക് പ്രത്യേകം നന്ദി. മതബോധന കമ്മീഷന്റെ എല്ലാ പ്രവർത്തനങ്ങളോടും ആത്മാർത്ഥമായി സഹകരിക്കുകയും അക്ഷീണം പ്രയത്നിക്കുകയും ചെയ്യുന്ന എല്ലാ മതബോധന ഡയറക്ടർമാരെയും റിസോഴ്സ് ടീം അംഗങ്ങളെയും ഫാ. സ്റ്റീഫൻ ജി. (ഡെപ്യൂട്ടി സെക്രട്ടറി), സി. ജെ. ഹെൻറി (വരാപ്പുഴ), ഫാ. നിക്കോളാസ് (തിരുവനന്തപുരം), ഫാ. അലക്സ് (കോഴിക്കോട്), ഫാ. ഇമ്മാനുവൽ (കണ്ണൂർ), ഫാ. ടോം ജോസ് (വിജയപുരം), ജോർജ് സ്റ്റീഫൻ (കൊല്ലം), ജയപ്രകാശ് (നെയ്യാറ്റിൻകര), സി. മരിയാനൂസ് (കണ്ണൂർ) എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു.

ഒന്നുമുതലുള്ള എല്ലാ ക്ലാസുകളിലെയും പാഠപുസ്തകങ്ങളുടെ ഭാഷാശുദ്ധി പരിശോധിക്കുകയും നാലുമുതലുള്ള ക്ലാസുകളിലെ പാഠങ്ങൾക്കുവേണ്ട ഗാനങ്ങൾ തയ്യാറാക്കുകയും ചെയ്ത ഡോ. പ്രീമൂസ് പെരിഞ്ചേരിക്കും പ്രിന്റിങ് നിർവഹിച്ച തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രസ് പ്രവർത്തകർക്കും ഹൃദയപൂർവം നന്ദി പറയുന്നു.

**ഡോ. സ്റ്റാൻലി മാതിരപ്പിള്ളി**

സെക്രട്ടറി, ബൈബിൾ – മതബോധന കമ്മീഷൻ,

കെ.ആർ.എൽ.സി.ബി.സി., ആശീർഭവൻ, കൊച്ചി

മേയ് 1, 2009

# ഉള്ളടക്കം


1. ദൈവം മനുഷ്യനായി ........ 7
2. യേശുവിന്റെ ബാല്യകാലം ........ 18
3. ദൈവത്തിന്റെ കുഞ്ഞാട് ........ 26
4. ദൈവപുത്രനായ യേശു ........ 33
5. പ്രലോഭനങ്ങൾ അതിജീവിച്ചവൻ ........ 41
6. ദൈവരാജ്യം ........ 51
7. ഉപമകളിൽ വിരിയുന്ന ദൈവരാജ്യം ........ 61
8. അദ്ഭുതങ്ങളിൽ വിരിയുന്ന ദൈവരാജ്യം ........ 69
9. യേശു സമഗ്രവിമോചകൻ ........ 76
10. സഹനദാസൻ ........ 86
11. ഉത്ഥാനം ജീവന്റെആഘോഷം ........ 94
12. ക്രിസ്തു ഇന്നും ജീവിക്കുന്നു ........ 101

വിശുദ്ധ ജോൺ മരിയ വിയാനി ........ 109



# 1

# ദൈവം മനുഷ്യനായി




ദൈവത്തിന്റെ ഏറ്റവും സുന്ദരമായ സൃഷ്ടിയാണ് മനുഷ്യൻ. ആദിമാതാപിതാക്കൾ ദൈവസ്നേഹം നിരസിച്ച് ദൈവത്തിൽ നിന്ന കന്നെങ്കിലും ദൈവം അവരെ കൈവെടിഞ്ഞില്ല. മനുഷ്യനെ പാപത്തിനു പ്രേരിപ്പിച്ച സാത്താനോട് ദൈവം പറഞ്ഞു:

"നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവന്റെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും" (ഉത്പ. 3:15).

സാത്താന്റെ തലതകർത്ത് മനുഷ്യകുലത്തെ മോചിപ്പിക്കുന്ന ഒരു രക്ഷകനുവേണ്ടി ദൈവജനം കാത്തിരുന്നു.

ലോകരക്ഷകനെക്കുറിച്ചുള്ള ദൈവത്തിന്റെവാഗ്ദാനം കാലാകാലങ്ങളിൽ പ്രവാചക ന്മാരിലൂടെയും മറ്റും ദൈവം അനുസ്മരിപ്പിച്ചുകൊണ്ടിരുന്നു.

"യാക്കോബിൽ നിന്നൊരു നക്ഷത്രമുദിക്കും; ഇസ്രായേലിൽ നിന്നൊരു ചെങ്കോലുയരും" (സംഖ്യ. 24:17) എന്ന ബാലാമിന്റെ പ്രവചനവും

"യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; അവൻ ഇമ്മാനുവേൽ (ദൈവം നമ്മോടു കൂടെ) എന്നു വിളിക്കപ്പെടും" എന്ന ഏശയ്യായുടെ പ്രവചനവും (ഏശ. 7:14) അവരുടെ പ്രതീക്ഷയ്ക്ക് ശക്തി പകർന്നു.

യേശുവിനെ സംബന്ധിച്ച രഹസ്യം സൂചിപ്പിക്കാൻ മിശിഹാ (ക്രിസ്തു), പ്രവാചകൻ, മനുഷ്യപുത്രൻ, ദൈവത്തിന്റെ ദാസൻ, മഹാപുരോഹിതൻ, രക്ഷകൻ, കർത്താവ്, ദൈവപുത്രൻ തുടങ്ങിയ പല നാമങ്ങളും ബൈബിളിൽ കാണാം.

"എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ. 3:16).

## മംഗലവാർത്ത

നൂറ്റാണ്ടുകൾ കഴിഞ്ഞു. ഇസ്രായേൽജനം റോമാക്കാരുടെ ആധിപത്യത്തിലിരിക്കുന്ന കാലം. ദൈവം ഗബ്രിയേൽ ദൂതനെ നസ്രത്തിൽ കന്യകയായ മറിയത്തിന്റെ അടുത്തേക്ക് അയച്ചു. ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫുമായി അവളുടെ വിവാഹനിശ്ചയം കഴിഞ്ഞിരുന്നു. ദൈവദൂതൻ മറിയത്തോടു പറഞ്ഞു:




“ദൈവകൃപ നിറഞ്ഞവളേ, സ്വസ്തി!
കർത്താവ് നിന്നോടു കൂടെ” (ലൂക്കാ 24:17).

ദൈവദൂതന്റെ വാക്കുകൾ മറിയത്തെ അസ്വസ്ഥയാക്കി. ചിന്തയിൽ മുഴുകിയ മറിയത്തെ ധൈര്യപ്പെടുത്തിക്കൊണ്ട് ദൂതൻ പറഞ്ഞു:

“മറിയമേ, നീ ഭയപ്പെടേണ്ടാ. ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രനെന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും. യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണംനടത്തും. അവന്റെ രാജ്യത്തിന് അവസാനമുണ്ടാകയില്ല”
(ലൂക്കാ 1:30-33).



മറിയം ദൂതനോടു ചോദിച്ചു:
“ഇതെങ്ങനെ സംഭവിക്കും; ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ?” (ലൂക്കാ 1:34).

ദൂതൻ പറഞ്ഞു:
“പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും” (ലൂക്കാ 1:35-36).




രക്ഷാകരചരിത്രത്തിലുടനീളം പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളുണ്ട്. പിതാക്കന്മാരിലൂടെയും രാജാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും സംസാരിച്ചുകൊണ്ടിരുന്ന പരിശുദ്ധാത്മാവാണ് രക്ഷകനെ സ്വീകരിക്കാൻ ഇസ്രായേലിനെ ഒരുക്കിയത്. ഗർഭസ്ഥനായ നിമിഷംമുതൽ യേശു പരിശുദ്ധാത്മാവാൽ അഭിഷിക്തനാകുന്നു (ലൂക്കാ 1:35). മരണത്തിലും ഉത്ഥാനത്തിലും പരിശുദ്ധാത്മാവ് പങ്കു വഹിക്കുന്നു
(പത്രോ. 3:18; 1 കൊറി. 15:45).

ദൈവഹിതത്തിനു കീഴ്‌വഴങ്ങിക്കൊണ്ട് മറിയം പ്രതിവചിച്ചു:

**"ഇതാ, കർത്താവിന്റെ ദാസി,**
**നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1:38).**

**ദൈവഹിതത്തിനു കീഴ്‌വഴങ്ങിയ മറിയം**
**നമുക്കു വലിയ മാതൃകയാണ്**

## അവതരിപ്പിക്കാൻ

സാംസൺ, സാമുവേൽ, സ്നാപകയോഹന്നാൻ എന്നിവരുടെ ജനനം സംബന്ധിച്ചുണ്ടായ അരുളപ്പാടുകൾ സ്കിറ്റ് രൂപത്തിൽ അവതരിപ്പിക്കുക.

## രക്ഷകന്റെ ജനനം

റോമൻഭരണാധികാരിയായ അഗസ്റ്റസ് സീസർ അക്കാലത്ത് ഒരു കല്പന പുറപ്പെടുവിച്ചു. കല്പനപ്രകാരം സീസറുടെ ഭരണത്തിലുള്ള ജനങ്ങളെല്ലാം താന്താങ്ങളുടെ പട്ടണങ്ങളിൽ ചെന്ന് പേരെഴുതിക്കേണ്ടിയിരുന്നു. ജോസഫ് ദാവീദിന്റെ കുടുംബത്തിലും വംശത്തിലും പെട്ടവനാകയാൽ ഗർഭിണിയായ മറിയത്തോടൊപ്പം ബേത്‌ലെഹെമിലേക്കു പോയി. അവിടെ വച്ച് മറിയത്തിന് പ്രസവസമയമായി. ഒരിടത്തും അവർക്ക് ഇടം കിട്ടായ്കയാൽ അവൾ കാലിത്തൊഴുത്തിൽ തന്റെ പുത്രനെ പ്രസവിച്ചു.




**രക്ഷകനു ജനിക്കാൻ ഭൂമിയിൽ ആരും ഇടം കൊടുത്തില്ല.**

## ഇടയന്മാർക്കു കിട്ടിയ സൗഭാഗ്യം

രക്ഷകൻ ഭൂജാതനായത് ആരും അറിഞ്ഞില്ല. ആ രാത്രിയിൽ അടുത്ത പ്രദേശത്തെ വയലുകളിൽ ആടുകൾക്കു കാവലിരിക്കുന്ന ഇടയന്മാരുണ്ടായിരുന്നു. രക്ഷകൻ ജനിച്ച വാർത്ത ആദ്യമായി അറിഞ്ഞത് ദരിദ്രരും എളിയവരുമായ ഇടയന്മാരാണ്. ഇടയന്മാർക്ക് ദൈവദൂതൻ പ്രത്യക്ഷപ്പെട്ടുകൊണ്ടു പറഞ്ഞു:

"ഇതാ, സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു" (ലൂക്കാ 2:10-11).

യേശുക്രിസ്തു യൂദയായുടെ രാജാവായ ഹേറോദേസിന്റെ ഭരണകാലത്ത് ബി.സി. 4-ൽ യൂദയായിലെ ബേത്ലെഹെമിൽ ജനിച്ചു (ലൂക്കാ 2:1-7).

ദൈവദൂതൻ തുടർന്നു:
"ഇതായിരിക്കും നിങ്ങൾക്ക് അടയാളം: പിള്ളക്കച്ച കൊണ്ടു പൊതിഞ്ഞ് പുല്ത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും" (ലൂക്കാ 2:12).

ഇസ്രായേലിന്റെ യഥാർത്ഥഇടയൻ യാഹ്‌വേയാണ് (സങ്കീ. 23:1-4). "ഞാൻ നല്ല ഇടയനാണ്" (യോഹ. 10:11) എന്ന് യേശു സ്വയം വെളിപ്പെടുത്തുകയുണ്ടായി. ഇടയനും ആടുകളും തമ്മിൽ ഊഷ്മളബന്ധമുണ്ടായിരുന്നു. ആടുകൾ ഇടയനെ അറിഞ്ഞിരുന്നു; ഇടയൻ ആടുകളെയും. അവൻ അവരെ പേരുചൊല്ലി വിളിച്ചിരുന്നു (യോഹ. 10:1-6). സ്നേഹത്തിന്റെയും എളിമയുടെയും പ്രതീകമാണ് നല്ലിടയൻ. ആടുകൾക്ക് കാവൽ നിന്നിരുന്ന നല്ലിടയന്മാർക്കാണ് ദൈവപുത്രൻ മനുഷ്യനായി എന്ന സന്തോഷവാർത്ത ദൂതനിൽനിന്ന് ആദ്യം ശ്രവിക്കാനുള്ള ഭാഗ്യമുണ്ടായത്. നല്ലിടയനായ യേശു തിന്മകളിൽനിന്ന് നമ്മെ സംരക്ഷിക്കുക മാത്രമല്ല, സ്വജീവൻ നമുക്കായി ബലിയർപ്പിക്കുകയും ചെയ്തു.




പ്രകൃതിശക്തികൾ വഴി ദൈവം തന്റെ സാന്നിധ്യം വെളിപ്പെടുത്തുന്ന സന്ദർഭങ്ങൾ ബൈബിളിൽ നിന്ന് കണ്ടുപിടിച്ചെഴുതുക.

തത്സമയം സ്വർഗീയസൈന്യത്തിന്റെ ഒരു വ്യൂഹം പ്രത്യക്ഷപ്പെട്ട് ദൈവത്തെ സ്തുതിച്ചുകൊണ്ടു പാടി:

"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം!
ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!" (ലൂക്കാ 2:14).

മാലാഖമാരിൽ നിന്നു കിട്ടിയ വിവരമനുസരിച്ച് ആട്ടിടയന്മാർ ബേത്‌ലെഹെമിലേക്കു പോയി. അവിടെ അവർ മറിയത്തെയും ജോസഫിനെയും പുല്ത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു. രക്ഷകനെ കണ്ട ഇടയന്മാർ അത്യധികം സന്തോഷിച്ചു. ഈ വാർത്ത അവർ മറ്റുള്ളവരെയും അറിയിച്ചു (ലൂക്കാ 2:15-17).

ദൈവം മനുഷ്യനായി,
നമ്മിൽ ഒരുവനായി
നമ്മോടൊത്തു വസിച്ചു.






## കിഴക്കുനിന്നെത്തിയ ജ്ഞാനികൾ

രക്ഷകന്റെ ജനനം ഇസ്രായേൽക്കാർക്കു വേണ്ടി മാത്രമായിരുന്നില്ല, ലോകം മുഴുവനും വേണ്ടിയായിരുന്നു. രക്ഷകന്റെ ജനനം സൂചിപ്പിക്കുന്ന ഒരു നക്ഷത്രം കിഴക്കു പ്രത്യക്ഷപ്പെട്ടു. നക്ഷത്രം കണ്ട പൗരസ്ത്യദേശത്തെ ജ്ഞാനികൾ സന്തോഷത്തോടെ രക്ഷകനെത്തേടി ജറുസലേമിലെത്തി. കിഴക്കു കണ്ട നക്ഷത്രം ശിശു കിടക്കുന്ന സ്ഥലത്തിനു മുകളിൽ വന്നു നിന്നു. ജ്ഞാനികൾ ശിശുവിനെ അമ്മയായ മറിയത്തോടൊപ്പം കണ്ടു. അവർ ശിശുവിനെ കുമ്പിട്ടാരാധിക്കുകയും പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയായി അർപ്പിക്കുകയും ചെയ്തു (മത്താ. 2:1-12).

ജ്ഞാനികൾ പൊന്നും കുന്തുരുക്കവും മീറയും സമർപ്പിച്ച് ഉണ്ണിയെ ആരാധിച്ചു. ജ്ഞാനികൾ സമർപ്പിച്ച ഈ വസ്തുക്കൾ അർത്ഥമാക്കുന്നതെന്താണെന്ന് കണ്ടുപിടിക്കുക.



## ശിമയോന്റെ സാക്ഷ്യം

യഹൂദാചാരപ്രകാരം ശിശുവിനെ എട്ടാംദിവസം ദൈവാലയത്തിൽ സമർപ്പിച്ച് പരിച്ഛേദനം നടത്തണമായിരുന്നു. പരിച്ഛേദനം എന്നത് അഗ്രചർമ്മഛേദനമാണ്. എട്ടുദിവസം പ്രായമായ ആൺകുട്ടികൾ ഉൾപ്പെടെ പുരുഷന്മാരെല്ലാവരും അഗ്രചർമ്മം ഛേദിക്കണമെന്ന് ദൈവം അബ്രാഹത്തോടു പറഞ്ഞിരുന്നു. ദൈവവും അബ്രാഹവും തമ്മിലുള്ള ഉടമ്പടിയുടെ അടയാളമായിരുന്നു ഇത് (ഉത്പ. 17:10-14). യൗസേപ്പും മറിയവും യേശുവിനെ ദൈവാലയത്തിൽ കൊണ്ടു ചെന്നു കർത്താവിനു സമർപ്പിച്ചു.




ജറുസലേമിൽ നീതിമാനും ദൈവഭക്തനുമായ ശിമയോൻ എന്നൊരാളുണ്ടായിരുന്നു. കർത്താവിന്റെ അഭിഷിക്തനെ കാണുംവരെ മരിക്കുകയില്ലെന്ന് പരിശുദ്ധാത്മാവ് അദ്ദേഹത്തിനു വെളിപ്പെടുത്തിയിരുന്നു. ആത്മാവാൽ പ്രേരിതനായി ദൈവാലയത്തിലെത്തിയ അദ്ദേഹം ശിശുവിനെ കൈകളിലെടുത്ത് ദൈവത്തെ സ്തുതിച്ചു കൊണ്ടു പറഞ്ഞു:

“കർത്താവേ, അവിടത്തെ വാഗ്ദാനമനുസരിച്ച് ഇപ്പോൾ ഈ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമേ. എന്തെന്നാൽ സകലജനതകൾക്കും വേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു” (ലൂക്കാ 2:29-31).

പ്രവാചികയായ അന്നായും ദൈവാലയത്തിലുണ്ടായിരുന്നു. 84 വയസ്സായ ഈ വിധവ ദൈവാലയത്തിൽത്തന്നെ കഴിഞ്ഞുവരുകയായിരുന്നു. അവൾ ഉണ്ണിയേശുവിനെ ദർശിച്ചു. മിശിഹായുടെ വരവ് പ്രത്യാശയോടെ കാത്തിരിക്കുകയായിരുന്നു അവൾ. ഉണ്ണിയേശുവിനെപ്പറ്റി അവൾ എല്ലാവരോടും പറയുന്നുണ്ട് (ലൂക്കാ 2:38).

## ദൈവം മനുഷ്യനായി

രക്ഷകന്റെ ജനനത്തോടുകൂടെ മാനവചരിത്രത്തിൽ ഒരു പുതിയ യുഗം പിറന്നു. ലോകചരിത്രം യേശുവിനു മുമ്പുള്ള കാലം (ബി.സി), യേശുവിനു ശേഷമുള്ള കാലം (എ.ഡി.) എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടു.

ദൈവം ഒരുവൻ മാത്രമേയുള്ളൂ. ഏകദൈവമാകട്ടെ, പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന മൂന്നു വ്യക്തികളുടെ കൂട്ടായ്മയാണ്. മൂന്നു ദൈവിക ആളുകൾ ചേർന്ന് മൂന്നു ദൈവങ്ങളാകുന്നില്ല. ദൈവം ത്രിത്വമാകുന്നു എന്നു പറയുമ്പോൾ മൂന്നു ദൈവങ്ങളുണ്ടെന്നല്ല, മറിച്ച് മൂന്ന് വ്യക്തികളാകുന്ന ഏക ദൈവം എന്നാണർത്ഥം. ദൈവം ഏകസത്തയാണ്. ഈ ഏകസത്തയിലെ മൂന്നു വ്യക്തികളും ആദിയും അന്തവും ഇല്ലാത്തവരാണ്. ദൈവം മനുഷ്യനായി അവതരിച്ചപ്പോൾ പൂർണ ദൈവവും പൂർണ മനുഷ്യനുമായിരുന്നു.

## നമ്മുക്കു മറക്കാതിരിക്കാം

- ദൈവം മനുഷ്യനായത് നമ്മെ രക്ഷിക്കാനാണ്. യേശു സഹിച്ചതും മരിച്ചതും ഉത്ഥാനം ചെയ്തതുമെല്ലാം നമ്മുടെ രക്ഷയ്ക്കു വേണ്ടിത്തന്നെയാണ്.




[redacted]

## ചർച്ച ചെയ്യുക

[redacted]

## ഗാനം



[redacted]ദൈവം മനുഷ്യനായതു
നമ്മുടെ രക്ഷയ്ക്കായ്
സഹിച്ചതും മരിച്ചതും ഉത്ഥാനം ചെയ്തതും
പാപത്തിൽ വീണുപോയ നമ്മുടെ രക്ഷയ്ക്കായ്

സ്വർഗം വിട്ടു ഭൂവിൽ വന്നതു
നമ്മുടെ രക്ഷയ്ക്കായ്
പുല്ക്കൂട്ടിൽ പിറന്നതും, മഹത്ത്വമെല്ലാം വെടിഞ്ഞതും,
ദൈവമക്കളായി നമ്മെ ഉയർത്തുവാനായ്

അപരർക്കെന്നും നന്മ ചെയ്യാൻ
നമുക്കു കഴിയേണം
ദൈവത്തിൻ തൂമുഖം, മനുഷ്യരി[redacted]
സ്നേഹിച്ചെന്നും വളരാനും നമു[redacted]



ദൈവം മനുഷ്യനായി

## ഉത്തരം കണ്ടെത്താം

1. മനുഷ്യനെ പാപത്തിനു പ്രേരിപ്പിച്ച സാത്താനോട് ദൈവം പറഞ്ഞ തെന്ത്?
2. ലോകരക്ഷകനെക്കുറിച്ചുള്ള ദൈവത്തിന്റെ വാഗ്ദാനം ആരിലൂടെയാണ് ദൈവം അനുസ്മരിപ്പിച്ചുകൊണ്ടിരുന്നത്? ഉദാഹരണസഹിതം വ്യക്തമാക്കുക.
3. ദൈവദൂതൻ മറിയത്തെ ധൈര്യപ്പെടുത്തിയതെങ്ങനെ?
4. റോമൻഭരണാധികാരി അഗസ്റ്റസ് സീസർ പുറപ്പെടുവിച്ച പ്രത്യേക കല്പന എന്തായിരുന്നു?
5. ആരായിരുന്നു ശിമയോൻ? ഉണ്ണിയെ കൈകളിലെടുത്ത് ശിമയോൻ പറഞ്ഞതെന്താണ്?

## മന:പാഠമാക്കാം

യാക്കോബിൽ നിന്നൊരു നക്ഷത്രമുദിക്കും, ഇസ്രായേലിൽ നിന്നൊരു ചെങ്കോലുയരും (സംഖ്യ 24:17).

യുവതി ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും (ഏശ. 7:14).

## ധ്യാനവിഷയമാക്കാം

ദൈവഹിതത്തിനു മുമ്പിൽ നമ്രശിരസ്കയായ മറിയം

## പ്രവർത്തനം

1. ഒരു ശിശുമന്ദിരം സന്ദർശിച്ച് അവർക്കുവേണ്ടി കഴിയുന്ന സഹായം ചെയ്യുക.
2. സർവകഴിവുകളുമുണ്ടെങ്കിലും ആത്മാർത്ഥമായി പരിശ്രമിച്ചാൽ മാത്രമേ ദൈവത്തെ ദർശിക്കാൻ സാധിക്കൂ എന്ന് ദൈവജ്ഞാനികൾ നമ്മെ ദൃഷ്ടാന്തപ്പെടുത്തുന്നു. നമ്മുടെ ജീവിതത്തിൽ ലക്ഷ്യപ്രാപ്തിക്ക് എങ്ങനെയുള്ള ജീവിതരീതിയാണ് നാം തുടരേണ്ടത്? ഒരു ചെറിയ പ്രഭാഷണം ആയിക്കൂടേ?




## നമുക്കു പ്രാർത്ഥിക്കാം

മനുഷ്യാവതാരംചെയ്ത് ഞങ്ങളെ രക്ഷിക്കാൻ കടന്നുവന്ന കർത്താവേ, മറ്റുള്ളവരിൽ അങ്ങയെ ദർശിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.

## ദൈവവചനം ഓർമ്മിക്കാം

“ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും” (മത്താ. 4:8).

## യേശു എന്ന നാമം

പുതിയ നിയമത്തിൽ ‘യേശു’ എന്ന നാമം ഉപയോഗിച്ചിരിക്കുന്നത് താഴെപറയും പ്രകാരമാണ്:

| മത്താ. | മർക്കോ. | ലൂക്കാ | യോഹ. | അപ്പ. | പൗലോ. | മറ്റുള്ളവ |
|---|---|---|---|---|---|---|
| 150 | 81 | 89 | 237 | 68 | 1213 | 67 |





# 2

# യേശുവിന്റെ ബാല്യകാലം




യേശുവിന്റെ ജനനത്തിലൂടെ ദൈവസ്നേഹം ലോകത്തിനു വെളിപ്പെട്ടു. എന്നാൽ യേശുവിന്റെ ജനനം എല്ലാവർക്കും ഒരുപോലെ സ്വീകാര്യമായിരുന്നില്ല. ആട്ടിടയന്മാരും ജ്ഞാനികളും യേശുവിന്റെ ജനനത്തിൽ സന്തോഷിക്കുകയും അവിടത്തെ ആരാധിക്കുകയും ചെയ്തു. എന്നാൽ യേശുവിന്റെ ജനനം ഹേറോദേസ്‌രാജാവിനെ അസ്വസ്ഥനാക്കി. ഉണ്ണിയേശുവിനെ വധിക്കാൻ ഹേറോദേസ് ആഗ്രഹിച്ചു. ഉണ്ണിയേശുവിനെ കണ്ടശേഷം തിരിച്ചുവന്ന് വിവരങ്ങളെല്ലാം സൂക്ഷ്മമായി തന്നെ അറിയിക്കണമെന്ന് ഹേറോദേസ് രാജാവ് കല്പിച്ചിരുന്നെങ്കിലും ദൈവദൂതനിൽ നിന്നു ലഭിച്ച നിർദ്ദേശമനുസരിച്ച് ജ്ഞാനികൾ ഹേറോദേസിനെ കാണാതെ മറ്റൊരുവഴിയേ തിരിച്ചുപോയി.

ജ്ഞാനികൾ തന്നെ കബളിപ്പിച്ചു എന്നു മനസ്സിലാക്കി രോഷാകുലനായ ഹേറോദേസ് ബേത്‌ലെഹെമിലെയും സമീപപ്രദേശങ്ങളിലെയും രണ്ടും അതിനു താഴെയും വയസ്സുള്ള എല്ലാ ആൺകുട്ടികളെയും കൊല്ലാൻ ഉത്തരവിട്ടു.

**ദൈവത്തെ അന്വേഷിക്കുന്നവർക്കു മാത്രമേ ദൈവികജ്ഞാനം ലഭിക്കുകയുള്ളൂ.**

## ഈജിപ്തിലേക്കുള്ള പലായനം

ദൈവത്തിന്റെ ദൂതൻ ജോസഫിനു പ്രത്യക്ഷപ്പെട്ടു പറഞ്ഞു:
"എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പലായനം ചെയ്യുക. ഞാൻ പറയുന്നതുവരെ അവിടെ താമസിക്കുക. ഹേറോദേസ് ശിശുവിനെ വധിക്കാൻ വേണ്ടി ഉടനേ അന്വേഷണം തുടങ്ങും" (മത്താ. 2:13).

ദൈവദൂതൻ പറഞ്ഞതനുസരിച്ച് ശിശുവിനെയും അമ്മയെയും കൂട്ടിക്കൊണ്ട് ജോസഫ് ആ രാത്രിതന്നെ ഈജിപ്തിലേക്കു പോയി (മത്താ. 2:14).

**മരണസാഹചര്യത്തിൽ നിന്ന് ഉണ്ണിയേശുവിനെ സംരക്ഷിച്ച യൗസേപ്പിതാവ് ഇന്നും കുടുംബത്തിന്റെയും സഭയുടെയും കാവല്ക്കാരനാണ്.**




## ഈജിപ്തിൽ നിന്നുള്ള തിരിച്ചുവരവ്

ഹേറോദേസിന്റെ മരണശേഷം ഈജിപ്തിൽ ദൈവദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ജോസഫിനോടു പറഞ്ഞു:

"എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഇസ്രായേൽദേശത്തേക്കു മടങ്ങുക. ശിശുവിനെ വധിക്കാൻ ശ്രമിച്ചവർ മരിച്ചു കഴിഞ്ഞു (മത്താ. 2:20).

ദൈവദൂതന്റെ വാക്കുകളനുസരിച്ച് ജോസഫ് ശിശുവിനെയും അമ്മയെയും കൂട്ടി ഇസ്രായേൽദേശത്തേക്കു പുറപ്പെട്ടു. അവർ ഗലീലിയിലെ നസ്രത്തിൽ വന്നു വാസമുറപ്പിച്ചു.

"അവൻ നസ്രായൻ എന്നു വിളിക്കപ്പെടും" (മത്താ. 2:23).

## പിതാവിന്റെ ഭവനത്തിൽ

നസ്രത്തിലെ കൊച്ചുകുടുംബത്തിൽ യേശു വളർന്നു. ജ്ഞാനം നിറഞ്ഞു ശക്തനായി. യേശുവിനു പന്ത്രണ്ടു വയസ്സായപ്പോൾ മാതാപിതാക്കളോടൊപ്പം പെസഹാത്തിരുനാളിനായി ജറുസലേമിലേക്കു പോയി. തിരുനാൾ കഴിഞ്ഞ് മാതാപിതാക്കൾ സ്വദേശത്തേക്കു മടങ്ങി. യേശു യാത്രാസംഘത്തോടൊപ്പം ഉണ്ടായിരിക്കുമെന്ന് മാതാപിതാക്കൾ കരുതി. ഒരു ദിവസത്തെ യാത്രകഴിഞ്ഞപ്പോൾ അവർ യേശുവിനെ ബന്ധുക്കളുടെയും പരിചയ ക്കാരുടെയും ഇടയിൽ അന്വേഷിച്ചു, എന്നാൽ കണ്ടുകിട്ടിയില്ല.

മൂന്നുദിവസങ്ങൾക്കുശേഷം ദൈവാലയത്തിൽ തിരിച്ചെത്തിയ അവർ യേശുവിനെ വേദപണ്ഡിതന്മാരുമായി സംവാദത്തിൽ ഏർപ്പെട്ടിരിക്കുന്നതായി കണ്ടു. യേശു അവർ പറയുന്നതു കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തുകൊണ്ടിരുന്നു. യേശുവിന്റെ വാക്കുകൾ കേട്ടവരെല്ലാം അവന്റെ ബുദ്ധിശക്തിയിലും മറുപടിയിലും അദ്ഭുതപ്പെട്ടു.

യേശുവിന്റെ കാലത്ത് യഹൂദമതത്തിൽ ഉണ്ടായിരുന്നതുപോലെ ഇന്നും പലതരം അബദ്ധസിദ്ധാന്തങ്ങൾ സഭയിലും പ്രചരിച്ചു വരുന്നുണ്ട്. ഇത്തരത്തിലുള്ള ദൈവശാസ്ത്ര വിവാദങ്ങൾ പരിഹരിക്കാൻ സഭയിൽ കൗൺസിലുകൾ (സൂനഹദോസുകൾ)




വിളിച്ചുകൂട്ടാറുണ്ട്. കൗൺസിലുകളിലൂടെ ഉരുത്തിരിയുന്ന പഠനങ്ങൾ വിശ്വാസസത്യങ്ങളുടെ വികാസത്തിനും വിശദീകരണത്തിനും വളർച്ചയ്ക്കും കാരണമാകുന്നു.

വേദപണ്ഡിതന്മാരുമായി സംവാദത്തിൽ ഏർപ്പെട്ടിരുന്ന മകനെക്കണ്ട് മാതാപിതാക്കൾക്ക് വിസ്മയമായി. അവന്റെ അമ്മ അവനോടു പറഞ്ഞു:

"മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്? നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു."

യേശു അവരോടു ചോദിച്ചു:

"നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്?
ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന്
നിങ്ങൾ അറിയുന്നില്ലേ?"(ലൂക്കാ 2:48-49).

യേശു മാതാപിതാക്കളോടൊപ്പം നസ്രത്തിൽ തിരിച്ചെത്തി അവർക്കു വിധേയനായി ജീവിച്ചു.

**"യേശു ജ്ഞാനത്തിലു പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നു വന്നു"(ലൂക്കാ 2:52).**

## നമ്മുക്കു മറക്കാതിരിക്കാം

യേശുവിന്റെ രഹസ്യജീവിതകാലം എന്നറിയപ്പെടുന്ന മുപ്പതുവയസ്സുവരെയുള്ള ജീവിതത്തെപ്പറ്റി നമുക്കു വ്യക്തമായ ചരിത്രരേഖകളില്ല. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ രണ്ടു ലഘുവിവരണങ്ങൾ മാത്രമാണ് നമുക്കു ലഭ്യമായിട്ടുള്ളത്. യഹൂദാചാരപ്രകാരം യേശുവിനെ ജറുസലേം ദൈവാലയത്തിൽ സമർപ്പിക്കുന്നതാണ് ആദ്യവിവരണം (ലൂക്കാ 2:40). പന്ത്രണ്ടാംവയസ്സിൽ ജറുസലേം ദൈവാലയത്തിൽ മാതാപിതാക്കളോടൊപ്പം തിരുനാളിനു പോയ ബാലനായയേശു യഹൂദപണ്ഡിതന്മാരുമായി ദൈവാലയത്തിൽ സംവാദങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സംഭവമാണ് (ലൂക്കാ 2:41-52) രണ്ടാമത്തേത്.




ദൈവപ്രീതിയിലും അനുസരണത്തിലും വളർന്ന യേശുവിന്റെ മാതൃക നാം അനുകരിക്കേണ്ടതാണ്. പന്ത്രണ്ടുവയസ്സുവരെ മാത്രമല്ല, അതിനു ശേഷം മുപ്പതാം വയസ്സിൽ പരസ്യജീവിതം ആരംഭിക്കുന്നതുവരെ തന്റെ മാതാപിതാക്കൾക്കും ഗുരുക്കന്മാർക്കും വിധേയനായാണ് യേശു ജീവിച്ചത്. അവിടത്തെ എല്ലാ പ്രവൃത്തികളും ദൈവമഹത്ത്വത്തിനും മനുഷ്യനന്മയ്ക്കും വേണ്ടിയായിരുന്നു. ദൈവമഹത്ത്വവും മനുഷ്യനന്മ യുമായിരിക്കണം നമ്മുടെയും ജീവിതലക്ഷ്യം.

## ചർച്ച ചെയ്യുക

ബാലനായ യേശു ദൈവത്തിനും മാതാപിതാക്കൾക്കും വിധേയനായി ജീവിച്ചു. എന്നാൽ ചോദ്യങ്ങൾ ചോദിക്കുന്നതിൽ അവൻ വിമുഖത കാണിച്ചില്ല.

## ബാലനായ യേശുവിൽ കാണുന്ന ഗുണവിശേഷങ്ങൾ ശ്രദ്ധിക്കാം:

- മാതാപിതാക്കളെ ബഹുമാനിക്കുന്ന യേശു.
- ദൈവാരാധനയിൽ പങ്കുചേരുന്ന യേശു.
- വചനം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന യേശു.
- മറ്റുള്ളവരുടെ പ്രീതിയിൽ വളരുന്ന യേശു.
- ശരിയായ അറിവ് നേടുന്ന യേശു.

**ബാലനായ യേശുവിന്റെ ഗുണവിശേഷങ്ങൾ നമ്മുടെ ജീവിതത്തിൽ എങ്ങനെയെല്ലാം വളർത്തിയെടുക്കാം?**

നമ്മെ നശിപ്പിക്കാൻ അന്വേഷിക്കുന്ന ആധുനികഹേറോദേസ്മാരെ കണ്ടെത്തുക.

- *അശ്ലീലചിത്രങ്ങൾ, പാൻപരാഗ്,* ______________________
- ______________________
- ______________________



"നിന്റെ ജീവിതം
കർത്താവിനു
ഭരമേല്പിക്കുക"
(സങ്കീ. 37/5).



## ഗാനം

മാതാപിതാക്കൾക്കു കീഴ്‌വഴങ്ങി
ജീവിച്ചിടേണം നാം കൂട്ടുകാരേ
ബാലനാമേശുവിൻ മാതൃകപോൽ
ദൈവമഹത്ത്വം നാം തേടിടേണം

ജ്ഞാനത്തിൽ നിത്യം വളർന്നിടാനും
ദൈവത്തിൻ പ്രീതിയിലായിടാനും
സ്നേഹസ്വരൂപനാം ദൈവതാതൻ
എപ്പോഴും നമ്മെ തുണച്ചിടട്ടെ

ദൈവഹിതത്തിനു കീഴ്‌വഴങ്ങി
ജീവിതം ധന്യമായ്ത്തീർത്ത താതാ
തൃക്കുടുംബത്തിന്റെ നായകനേ
യൗസേപ്പിതാവേ, നീ കാവലേകൂ

## ഉത്തരം കണ്ടെത്താം

1. ഹേറോദേസ്‌രാജാവ് അസ്വസ്ഥനായത് എന്തുകൊണ്ട്? അദ്ദേഹം ജ്ഞാനികൾക്കു നല്കിയ കല്പന എന്ത്?
2. എങ്ങനെയുള്ളവർക്കാണ് ദൈവികജ്ഞാനം ലഭിക്കുന്നത്?
3. ഈജിപ്തിലേക്കുള്ള പലായനത്തിനുമുമ്പായി ജോസഫിനോട് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട ദൂതൻ പറയുന്ന വാക്കുകളെന്ത്?
4. യേശുവിന് 12 വയസ്സുള്ളപ്പോൾ മാതാപിതാക്കളോടൊപ്പം ഏതു തിരുനാളിൽ പങ്കെടുക്കാനാണ് യേശു ജറുസലേമിലേക്കു പോയത്?
5. യേശുവിന്റെ വളർച്ചയെക്കുറിച്ച് വിശുദ്ധഗ്രന്ഥം നല്കുന്ന സാക്ഷ്യമെന്ത്?




## മന:പാഠമാക്കാം

മരണസാഹചര്യത്തിൽ നിന്ന് ഉണ്ണിയേശുവിനെ സംരക്ഷിച്ച വിശുദ്ധ യൗസേപ്പിതാവ് ഇന്നും കുടുംബത്തിന്റെയും സഭയുടെയും കാവല്ക്കാരനാണ്.

## ദൈവവചനം ഓർമ്മിക്കാം

“ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?” (ലൂക്കാ 2:49).

## ധ്യാനവിഷയമാക്കാം

ദൈവഹിതത്തിനു കീഴ്‌വഴങ്ങുന്ന വിശുദ്ധ യൗസേപ്പിതാവ്.

## ചർച്ച ചെയ്യുക

നമ്മുടെ കുടുംബവും തിരുകുടുംബവും തമ്മിൽ താരതമ്യം ചെയ്യുക. നമ്മുടെ കുടുംബത്തിൽ വളർത്തിയെടുക്കേണ്ട മൂല്യങ്ങൾ എന്തൊക്കെയാണ്?

ഹേറോദേസ് ഉണ്ണിയേശുവിനെ അന്വേഷിച്ചത് കൊല്ലാനാണ്. നമ്മൾ സുഹൃദ്ബന്ധങ്ങൾ അന്വേഷിക്കുന്നത് എന്തിനെല്ലാമാണ്?

## നമുക്കു പ്രാർത്ഥിക്കാം

സ്നേഹസ്വരൂപനായ ദൈവമേ, അങ്ങയുടെ പ്രിയപുത്രൻ നസ്രത്തിലെ തിരുകുടുംബത്തിൽ മാതാപിതാക്കൾക്കു വിധേയനായി ജീവിച്ചതുപോലെ ഞങ്ങളും മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും അനുസരിച്ച് ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവരാൻ കൃപ ചൊരിയണമേ.



"അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചാലും കർത്താവ് എന്നെ കൈക്കൊള്ളും" (സങ്കീ. 27/10).



യഹൂദബാലന്മാർ തീരെ ചെറുപ്പത്തിൽത്തന്നെ മതപഠനമാരംഭിച്ചിരുന്നു. ചെറുപ്രായത്തിലേ മാതാപിതാക്കൾ അവരെ പ്രാർത്ഥനകൾ ചൊല്ലി പഠിപ്പിക്കും. അഞ്ചാമത്തെ വയസ്സിൽ കുട്ടികൾ സിനഗോഗുകളിലെ പഠനക്കളരികളിൽ ചേർന്ന് പ്രാർത്ഥനയും എഴുത്തും വായനയും പഠിക്കുമായിരുന്നു. തുടർന്ന് വിശുദ്ധലിഖിതപാരായണം തുടങ്ങും. ഏകദേശം പത്തുവയസ്സാകുമ്പോൾ നിയമഗ്രന്ഥങ്ങൾ വിശദമായി പഠിക്കും. പന്ത്രണ്ടുവയസ്സു മുതൽ യഹൂദബാലൻ മുതിർന്ന യഹൂദപുരുഷന്റെ ചുമതലകൾ ഏറ്റെടുക്കാൻ ബാധ്യസ്ഥനാണ്. ജറുസലേമിലേക്കുള്ള തീർത്ഥാടനം യഹൂദയുവാവിന്റെ നിർബന്ധിത ആചാരമായിരുന്നു. പതിമൂന്നാമത്തെ വയസ്സു മുതൽ യഹൂദബാലൻ പിതാവിനോടൊപ്പം തൊഴിൽ ചെയ്യാൻ തുടങ്ങും. യേശു യൗസേപ്പിന്റെ കുലത്തൊഴിലായ ആശാരിപ്പണിയിൽ അദ്ദേഹത്തെ മടികൂടാതെ സഹായിച്ചിരുന്നു. അവൻ മാതാപിതാക്കൾക്കു വിധേയനായി ജീവിച്ചു എന്ന സുവിശേഷവചനത്തിൽനിന്നു നാം മനസ്സിലാക്കേണ്ടത് ഇത്രയുമാണ്. നമുക്കും നമ്മുടെ മാതാപിതാക്കൾക്ക് വിധേയരായി നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റി ജീവിക്കാം.



# 3

# ദൈവത്തിന്റെ കുഞ്ഞാട്




ദൈവ-മനുഷ്യബന്ധത്തിൽ പാപംമൂലം ഇടർച്ചയുണ്ടാകുമ്പോൾ കരുണാമയനായ ദൈവം മനുഷ്യനെ പാപപരിഹാരത്തിനായി ക്ഷണിക്കുന്നു. ബലിയർപ്പണത്തിലൂടെയും മറ്റും പാപങ്ങൾക്കു പരിഹാരം ചെയ്ത് മനുഷ്യൻ വീണ്ടും ദൈവവുമായി രമ്യതപ്പെടുന്നു.

പഴയനിയമകാലത്ത് പാപപരിഹാരത്തിന് മനുഷ്യൻ പല മാർഗങ്ങളും അവലംബിച്ചിരുന്നു. അതിലൊന്നാണ് യാഗകർമ്മം. വിശ്വാസികളുടെ മുഴുവൻ പാപങ്ങളും ആവാഹിച്ചെടുത്ത് തിരഞ്ഞെടുത്ത ഒരാടിന്റെ മേൽ നിക്ഷേപിച്ചശേഷം അതിനെ മരുഭൂമിയിൽ ഉപേക്ഷിക്കുന്നു. ജന്തുക്കളും പറവകളും അതിനെ കൊത്തി വലിച്ചു തിന്നുകഴിയുമ്പോൾ തങ്ങളുടെ പാപങ്ങളും ഇല്ലാതാകും എന്നവർ വിശ്വസിച്ചുപോന്നു.

**ബലിയർപ്പണമാണ് ദൈവസന്നിധിയിൽ മനുഷ്യൻ അർപ്പിക്കുന്ന പരമമായ ആരാധന**

## യേശു: ബലിക്കായുള്ള കുഞ്ഞാട്

ഇസ്രായേൽ ദൈവാലയങ്ങളിലും മറ്റും അർപ്പിച്ചിരുന്ന ബലികളിലൂടെ മനുഷ്യർക്ക് പാപമോചനം ലഭിച്ചിരുന്നെങ്കിലും മനുഷ്യനെ പാപത്തിന്റെ അടിമത്തത്തിൽനിന്നു മോചിപ്പിക്കാനും ആത്യന്തികരക്ഷ നല്കാനും ഈ ബലികൾക്ക് കഴിഞ്ഞിരുന്നില്ല.

ആദിമാതാപിതാക്കളുടെ വീഴ്ച മൂലമുണ്ടായ പാപത്തിന്റെ അടിമത്തത്തിൽനിന്ന് മനുഷ്യവംശത്തെ സമ്പൂർണമായും മോചിപ്പിക്കാനും നിത്യരക്ഷയിലൂടെ ദൈവരാജ്യം നല്കാനും ദൈവം മനുഷ്യനായി അവതരിച്ചതാണ് യേശുക്രിസ്തു.

ജോർദ്ദാൻനദിയിൽ പാപമോചനത്തിനുള്ള അനുതാപത്തിന്റെ ജ്ഞാനസ്നാനം നല്കിക്കൊണ്ടിരുന്ന സ്നാപകയോഹന്നാന്റെ അടുത്ത്, പാപികളായ മനുഷ്യവംശത്തോടു താദാത്മ്യപ്പെടാൻ, പാപമൊന്നും ഇല്ലാതിരുന്നിട്ടും യേശു എത്തിച്ചേരുന്നു.

പാപികളോടൊപ്പം തന്റെ മുമ്പിൽ ശിരസ്സുനമിച്ചുനില്ക്കുന്ന യേശുവിനെ നോക്കി യോഹന്നാൻ പറഞ്ഞു:

"ഞാൻ നിന്നിൽ നിന്ന് സ്നാനം സ്വീകരിക്കേണ്ടിയിരിക്കേ, നീ എന്റെ അടുത്തു വരുന്നുവോ?"





യേശുവിനെ സ്നാനപ്പെടുത്തുന്നതിൽ നിന്ന് സ്നാപകൻ പിൻമാറാൻ ശ്രമിച്ചെങ്കിലും യേശു അദ്ദേഹത്തെ നിർബന്ധിച്ചുകൊണ്ടു പറഞ്ഞു:

"ഇപ്പോൾ സമ്മതിക്കുക. അങ്ങനെ സർവനീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്" (മത്താ. 3:13-16).

യോഹന്നാൻ യേശുവിനെ സ്നാനപ്പെടുത്തി.

യോഹന്നാനിൽ നിന്ന് യേശു സ്നാനംസ്വീകരിക്കാൻ തയ്യാറാകുകവഴി അനേകരുടെ പാപം വഹിക്കുന്ന സഹനദാസനും (ഏശ. 53:7) പെസഹാക്കുഞ്ഞാടുമാണു (യോഹ. 1:29; ലൂക്കാ 3:21) താനെന്ന് സ്വയം വെളിപ്പെടുത്തുകയായിരുന്നു. മാത്രമല്ല, ഈ ജ്ഞാനസ്നാന സ്വീകരണം വഴി, ശുശ്രൂഷിക്കുകയും തന്റെ ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നല്കുകയും ചെയ്യുകയാണു തന്റെ ദൗത്യമെന്ന് അവിടന്നു വെളിപ്പെടുത്തുകയും ചെയ്തു (മർക്കോ. 10:45).

ആട്ടിൻകുഞ്ഞിനെ ഇഷ്ടപ്പെടാത്തവരായി ആരുമില്ല. കുഞ്ഞാട് നിഷ്കളങ്കതയുടെയും നിസ്സഹായതയുടെയും പ്രതീകമാണ്. ഇടയന്മാരുടെ വാത്സല്യഭാജനങ്ങളായിരുന്നു ആട്ടിൻകുട്ടികൾ. കുഞ്ഞാടിനെ ബലിയർപ്പിക്കുകയെന്നാൽ ഏറ്റവും ഇഷ്ടപ്പെട്ടതിനെ നല്കുക എന്നാണർത്ഥം. യഹൂദരുടെ പ്രധാന ബലിവസ്തുക്കളിലൊന്നായ ആടിനെ (പുറ. 20:24; യോഹ. 1:29) ദഹനബലിക്കും (ലേവ്യ. 1:10) പാപപരിഹാരബലിക്കും (ലേവ്യ. 4:32) സമാധാനബലിക്കും (ലേവ്യ. 22:21) ഉപയോഗിച്ചിരുന്നു. യേശു നിഷ്കളങ്കതയുടെയും സ്നേഹത്തിന്റെ പാരമ്യവും പിതാവായ ദൈവത്തിന്റെ ഏകജാതനുമാണ്. നിസ്സഹായനായ ഒരു കുഞ്ഞാടിനെപ്പോലെ യേശു തന്നെത്തന്നെ പിതാവിന്റെ ഹിതമനുസരിച്ച് എല്ലാ മനുഷ്യരുടെയും മോചനത്തിനായി സ്വയം സമർപ്പിച്ചു. യേശുവിന്റെ അനുസരണവും നിഷ്കളങ്കതയും ത്യാഗമനോഭാവവും നമുക്കും ജീവിതത്തിൽ പകർത്താം.

ക്രിസ്തുസ്ഥാപിച്ച ജ്ഞാനസ്നാനം എന്ന കൂദാശ സ്വീകരിച്ചവരാണ് നാം. ജ്ഞാനസ്നാനത്തിൽ ത്രിയേകദൈവം പകർന്നുതരുന്ന വിശുദ്ധീകരിക്കുന്ന കൃപ (Sanctifying grace) പാപമാലിന്യവും ആസക്തിയും നീക്കി അർത്ഥികളെ ദൈവപുത്രരും സ്വർഗത്തിന് അവകാശികളും ദൈവികജീവനിൽ പങ്കുകാരും ക്രിസ്തുവിന്റെ അവയവങ്ങളും പരിശുദ്ധാത്മാവിന്റെ ആലയങ്ങളും ആക്കിത്തീർക്കുന്നു. ക്രൈസ്തവജീവിതത്തിലേക്കുള്ള പുനർജനനമാണിത്. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനവും ആത്മീയജീവിതത്തിന്റെ കവാടവുമായ ഈ കൂദാശ മറ്റ് കൂദാശകൾ സ്വീകരിക്കാൻ ഒരുവനെ യോഗ്യനാക്കുന്നു.



"രക്ഷയുടെ ദിനത്തിനു വേണ്ടി നിങ്ങളെ മുദ്രിതരാക്കിയ ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ വേദനിപ്പിക്കരുത്" (എഫേ. 4/30).

ഇങ്ങനെ ക്രിസ്തീയമതാനുഷ്ഠാനത്തിന് അനുരൂപമാക്കുന്ന മായാത്ത മുദ്ര ആത്മാവിൽ പതിക്കുന്നതിനാൽ ഈ കൂദാശ സഭാംഗങ്ങൾ ഒരിക്കൽ മാത്രമാണു സ്വീകരിക്കുന്നത്.

## യോഹന്നാന്റെ സാക്ഷ്യം

യേശുവിനു വഴിയൊരുക്കുക എന്നതായിരുന്നു യോഹന്നാന്റെ ദൗത്യം. പിതാവായ ദൈവം നല്കിയ ഈ ദൗത്യം പൂർണ്ണമായും നിർവഹിക്കുന്നതിന് സ്നാപകൻ സദാ ശ്രദ്ധാലുവായിരുന്നു. സന്ദർഭോചിതമായി സ്നാപകൻ അത് നിറവേറ്റുകയും ചെയ്തു.

മരുഭൂമിയിൽ മുഴങ്ങിയ സ്നാപകന്റെ സ്വരം യഹൂദജനതയെ ചിന്തിപ്പിച്ചു. വിമോചകനെ കാത്തിരുന്ന യഹൂദജനം സ്നാപകനെ മിശിഹായാണെന്ന് തെറ്റിദ്ധരിച്ചു. എന്നാൽ സ്നാപകൻ സത്യം വ്യക്തമാക്കി. താൻ ക്രിസ്തുവോ ഏലിയായോ പ്രവാചകനോ അല്ല, മറിച്ച് തന്റെ പിന്നാലേ വരുന്നവനാണു ക്രിസ്തുവെന്ന് തറപ്പിച്ചുപറഞ്ഞു. അവന്റെ ചെരുപ്പിന്റെ വാറഴിക്കാൻ പോലും താൻ യോഗ്യനല്ലെന്ന് സ്നാപകൻ വ്യക്തമാക്കി.

പിറ്റേദിവസം തന്റെ ശിഷ്യന്മാരിൽ രണ്ടുപേർക്ക് സ്നാപകൻ യേശുവിനെ ചൂണ്ടിക്കാട്ടിക്കൊണ്ടു പറഞ്ഞു:

"ഇതാ, ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:36).

ഇതുകേട്ട ശിഷ്യന്മാർ കുഞ്ഞാടായ യേശുവിനെ അനുഗമിച്ചു. യേശുവിന്റെ പിന്നാലേ വന്നവരോട് യേശു ചോദിച്ചു: "നിങ്ങൾ എന്ത് അന്വേഷിച്ചാണ് എന്റെ പിന്നാലേ വരുന്നത്?" അവർ പറഞ്ഞു: "ഗുരോ, അങ്ങയുടെ വാസസ്ഥലമാണ് ഞങ്ങൾ അന്വേഷിക്കുന്നത്". മറുപടിയായി യേശു പറഞ്ഞു: "വന്നു കാണുക" (യോഹ 1:39).

അവർ പോയി അവനോടൊപ്പം വസിച്ചു.

വസിക്കുക എന്നാൽ വിശ്വസിക്കുക എന്നാണ് യോഹന്നാന്റെ സുവിശേഷത്തിലെ ഭാഷ്യം. സത്യമായ ദൈവത്തെ അന്വേഷിക്കാനും കണ്ടെത്താനും അനുഗമിക്കാനും എല്ലാവരോടും പ്രഘോഷിക്കാനും സ്നാപകയോഹന്നാനെപ്പോലെ നമുക്കും കടമയുണ്ട്. സ്നാപകൻ തന്റെ ശിഷ്യന്മാരെ തന്നിലേക്കു കൊണ്ടുവരാതെ യേശുവിലേക്കു





പറഞ്ഞയയ്ക്കുകയാണുണ്ടായത്. അതുപോലെ, ഏവരെയും ക്രിസ്തുവിലേക്കു നയിക്കാൻ നാമും തയ്യാറാവണം.

## നമുക്കു മറക്കാതിരിക്കാം

അന്ധർ, മുടന്തർ, ബധിരർ, ദരിദ്രർ, വിശക്കുന്നവർ, ദാഹിക്കുന്നവർ, നഗ്നർ, കാരാഗൃഹവാസികൾ, പീഡിതർ, ദുഷ്ടർ, മരിച്ചവർ തുടങ്ങിയവരുടെ ലോകമാണ് യേശുവിന്റെ സുവിശേഷകുടുംബവും ലോകവും. ഇവരെ ജീവിതത്തിന്റെ മുഖ്യധാരയിൽ എത്തിക്കുകയും ദൈവരാജ്യത്തിൽ ജീവിക്കാൻ യോഗ്യരാക്കുകും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് യേശു പ്രവർത്തിച്ചത്. ലോകത്തിന് സമൃദ്ധമായി ജീവൻ നല്കാൻ തന്റെ തന്നെ ജീവൻ ബലിയായി യേശു അർപ്പിച്ചു.

സ്വജീവൻ നഷ്ടപ്പെടുത്തിയാലേ സ്വർഗരാജ്യം നേടിക്കൊടുക്കാൻ സാധിക്കൂ എന്ന് യേശുവിനറിയാമായിരുന്നു. ഈ സത്യം മനസ്സിലാക്കിയിട്ടും അടിച്ചമർത്തപ്പെട്ടവർക്കു വേണ്ടി ജീവിച്ചപ്പോൾ അനേകർക്കുവേണ്ടിയുള്ള പാപപരിഹാരബലിയായി യേശു പരസ്യജീവിതകാലത്തു തന്നെ മാറിയിരുന്നു (മർക്കോ. 14:24). ദൈവരാജ്യത്തിന്റെ ആഗമനത്തിനുവേണ്ടി നയിച്ച പ്രതിജ്ഞാബദ്ധതയുള്ള ജീവിതത്തിന്റെ അനിവാര്യമായ അന്ത്യമായിരുന്നു കുരിശിലെ ബലി. യേശുവിന്റെമരണം യഹൂദർ ആസൂത്രണം ചെയ്തതാണെങ്കിലും പിതാവിന്റെ ഹിതത്തോടു പൂർണമായും അനുരൂപപ്പെട്ടു നടത്തിയ യേശുവിന്റെ സ്വയാർപ്പണമായിരുന്നു അത് (യോഹ. 10:16-17). അനേകരുടെ രക്ഷയ്ക്കും പാപമോചനത്തിനുമായിരുന്നു യേശുവിന്റെ പീഡാസഹനവും മരണവും (1 കൊറി. 15:3-5).

**അശരണരോടും വിലപിക്കുന്നവരോടും ദരിദ്രരോടും കൂടെ ആയിരിക്കാനും**
**അവരുടെ ഉന്നമനത്തിനും വളർച്ചയ്ക്കും**
**വേണ്ടി പ്രവർത്തിക്കാനും യേശു നമ്മെയും ആഹ്വാനം ചെയ്യുന്നു.**

സമൂഹത്തിൽ നിന്നു പുറന്തള്ളപ്പെടുന്ന മനുഷ്യർക്കുവേണ്ടി യേശുവിനെപ്പോലെ നാമും നമ്മുടെ ജീവിതം സമർപ്പിക്കണം. ജീവകാരുണ്യപ്രവർത്തനങ്ങളിലും മനുഷ്യനന്മയ്ക്കു വേണ്ടിയുള്ള പോരാട്ടങ്ങളിലും നാമും പങ്കുചേരുമ്പോൾ നമ്മൾ ദൈവത്തിന്റെ കുഞ്ഞാടുകളായി മാറുന്നു.




വേദനയനുഭവിക്കുന്നവർക്കും പാപത്തിന്റെ അടിമത്തത്തിൽ ജീവിക്കുന്നവർക്കും അന്ധർക്കും ബധിരർക്കും മൂകർക്കും വിശപ്പും ദാഹവും അനുഭവിക്കുന്നവർക്കുമൊക്കെ വേണ്ടി കടന്നുവന്ന കുഞ്ഞാടാണ് യേശു. അവരേവരുടെയും രക്ഷയ്ക്കു വേണ്ടി ആത്മബലിയർപ്പിക്കാനുള്ള ദൈവത്തിന്റെ കുഞ്ഞാടായി യേശു മാറി. നമ്മുടെ ജീവിതവും മറ്റുള്ളവർക്കു വേണ്ടി അർപ്പിക്കപ്പെടുന്ന ബലിയാകണം. സ്വാർത്ഥതയില്ലാതെ എല്ലാവരുടെയും നന്മ ആഗ്രഹിച്ചും മറ്റുള്ളവരുടെ കണ്ണീരൊപ്പിയും ആശ്വസിപ്പിച്ചും ജീവിക്കാൻ നമുക്കു കഴിയണം.

## ചർച്ച ചെയ്യുക

സ്നാപകൻ ആഹ്വാനം ചെയ്തപോലെ, സത്യവും നീതിയും ഐശ്വര്യവും പുലരുന്ന നല്ലൊരു സമൂഹത്തെ ജ്ഞാനസ്നാനം സ്വീകരിച്ച നമുക്ക് എങ്ങനെ രൂപപ്പെടുത്താനാവും?



## ഗാനം

പാപവിമോചനമേകാനും
ശാശ്വതരക്ഷയണയ്ക്കാനും
സ്വർഗത്തിൽ നിന്നെത്തുന്നൂ
ദൈവത്തിൻ പ്രിയ കുഞ്ഞാട്!

മാനവവേദന നീക്കാനും
അവനൊരു സാന്ത്വനമാകാനും
കഴിയുമ്പോൾ നാമായീടും
ദൈവത്തിൻ പ്രിയ കുഞ്ഞാട്!

അന്ധർ, ബധിരർ, മൂകന്മാർ
ജീവിതദു:ഖം പേറുന്നോർ
അവർക്കു മോചനമേകീടാൻ
ജീവിതമൊരു ബലിയാക്കീടാം





## ഉത്തരമെഴുതുക

1. പഴയനിയമകാലത്ത് പാപപരിഹാരത്തിനായി മനുഷ്യർ അവലംബിച്ചിരുന്ന മാർഗങ്ങൾ ഏവ?
2. സ്നാപക യോഹന്നാൻ നല്കിയ സ്നാനം എപ്രകാരമുള്ളതായിരുന്നു?
3. ദൈവസന്നിധിയിൽ മനുഷ്യൻ അർപ്പിക്കുന്ന പരമമായ ആരാധന ഏത്?
4. യേശുവിനെക്കുറിച്ച് യോഹന്നാന്റെ സാക്ഷ്യം എന്തായിരുന്നു?
5. യേശുവിന്റെ ദൈവരാജ്യത്തിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു?

## മന:പാഠമാക്കാം

സത്യമായ ദൈവത്തെ അന്വേഷിക്കാനും കണ്ടെത്താനും അനുഗമിക്കാനും പ്രഘോഷിക്കാനും സ്നാപകയോഹന്നാനെപ്പോലെ നമുക്കും കടമയുണ്ട്.

## ദൈവവചനം ഓർമ്മിക്കാം

"മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കു വേണ്ടി മോചനദ്രവ്യമായി നല്കാനുമത്രേ" (മർക്കോ. 10:45).

## നമുക്കു പ്രാർത്ഥിക്കാം

പിതാവായ ദൈവമേ, ഞങ്ങളുടെ ജീവിതം ക്രിസ്തുവിനു സാക്ഷ്യംനല്കുന്ന രീതിയിൽ ക്രമീകരിക്കാൻ അനുഗ്രഹിക്കണമേ.

## പ്രവർത്തനം

പഴയനിയമകാലത്ത് ആടുകളെ ബലിയായി അർപ്പിച്ച രണ്ടു സന്ദർഭങ്ങൾ കണ്ടുപിടിക്കാമോ? മറ്റെന്തെല്ലാം ബലികളാണ് ഇസ്രായേൽക്കാർ ദൈവത്തിനർപ്പിച്ചിട്ടുള്ളത്? ഒരു പട്ടിക തയ്യാറാക്കി അവതരിപ്പിക്കുക.

## പ്രവർത്തിക്കുക

ഏറ്റവും പരമമായ ആരാധനയായ ബലിയർപ്പണം സജീവമാക്കാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും? എന്ന് ചർച്ച ചെയ്യുക.



4

# ദൈവപുത്രനായ യേശു





**യേ**ശു ദൈവപുത്രനാണെന്നും പരിശുദ്ധാത്മാവാൽ ജാതനാണെന്നും കഴിഞ്ഞപാഠങ്ങളിൽ നാം കണ്ടു.

യേശു കർത്താവിന്റെ അഭിഷിക്തനാണെന്നും സകലജനതകളുടെയും രക്ഷയ്ക്കുള്ള ദൈവത്തിന്റെ കുഞ്ഞാടാണെന്നും നാം കണ്ടുകഴിഞ്ഞു.



## പിതാവിന്റെ സാക്ഷ്യം

ദൈവത്തിനും ദൈവജനത്തിനും സ്വയം സമർപ്പിച്ചുകൊണ്ട് യേശു ജോർദ്ദാൻനദിയിൽ വച്ച് ജ്ഞാനസ്നാനം സ്വീകരിക്കുകയുണ്ടായി. തത്സമയം സ്വർഗം തുറക്കപ്പെടുകയും ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിന്റെ മേൽ ഇറങ്ങി വരുകയും ചെയ്തു (മത്താ. 3:16). യേശുവിന്റെ സമർപ്പണത്തിൽ സംപ്രീതനായ ദൈവം യേശുവിനെ ലോകത്തിന് ഇപ്രകാരം വെളിപ്പെടുത്തി:

> **"ഇവനെന്റെ പ്രിയ പുത്രൻ;**
> **ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ. 3:17).**

**ജ്ഞാനസ്നാനസ്വീകരണംവഴി നാം ദൈവമക്കളായി. ദൈവമക്കളെന്ന നിലയിൽ ദൈവത്തിനും സമൂഹത്തിനും വേണ്ടി നമ്മെത്തന്നെ സമർപ്പിക്കുമ്പോഴാണ് യഥാർത്ഥത്തിൽ നാം ദൈവമക്കളാകുക.**




തന്റെ ദൗത്യത്തിന്റെ ഭാഗമായി യേശു ജറുസലേമിലേക്കു പോകുംവഴി, താബോർമലയിൽ പ്രാർത്ഥിക്കാൻ പോയി. പ്രാർത്ഥനസമയത്ത് യേശു രൂപാന്തരപ്പെടുകയും ഏലിയായും മോശയും യേശുവിനോടു സംസാരിക്കുകയും ചെയ്തു. തത്സമയം ഒരു മേഘം വന്ന് അവരെ ആവരണം ചെയ്തു.

മേഘത്തിൽ നിന്ന് ഇപ്രകാരം ഒരു സ്വരമുണ്ടായി:

**"ഇവനെന്റെ പ്രിയപുത്രൻ; ഇവനെ ശ്രവിക്കുവിൻ".**

താബോർഅനുഭവം യേശുവിന്റ ജറുസലേമിലേക്കുള്ള യാത്രയിൽ കൂടുതൽ കരുത്തു പകരുന്നതായിരുന്നു.

**ജ്ഞാനസ്നാനം വഴി ദൈവപുത്രരായ നാം ദൈവത്തോട് നിരന്തരം ചേർന്നു നില്ക്കുകയും സഹനത്തിലൂടെ മുന്നേറുകയും ചെയ്യണം. നമ്മുടെ ജീവിതയാത്രയിൽ ഉണ്ടാകുന്ന പ്രലോഭനങ്ങളിലും സഹനങ്ങളിലും തളരാതെ വിശ്വസ്തരായി മുന്നോട്ടു പോകുകയും ലക്ഷ്യത്തിൽ എത്തിച്ചേരുകയും വേണം.**

## യേശുവും പിതാവും ഒന്നാണ്

അന്ത്യഅത്താഴവേളയിൽ പീലിപ്പോസ് യേശുവിനോടു പറഞ്ഞു:

"കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരുക, ഞങ്ങൾക്കതുമതി".

യേശു പീലിപ്പോസിനോടു പറഞ്ഞു:

"എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരുക എന്നു നീ പറയുന്നതെങ്ങനെ? ഞാൻ പിതാവിലും പിതാവ് എന്നിലുമാണെന്ന് നീ വിശ്വസിക്കുന്നില്ലേ? ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ സ്വമേധയാ പറയുന്നതല്ല. പ്രത്യുത, എന്നിൽ വസിക്കുന്ന പിതാവ് തന്റെ പ്രവൃത്തികൾ ചെയ്യുകയാണ്. ഞാൻ




പിതാവിലും പിതാവ് എന്നിലുമാണെന്ന് ഞാൻ പറയുന്നത് വിശ്വസിക്കുവിൻ" (യോഹ. 14:8–11).

**"ഞാനും പിതാവും ഒന്നാണ്" (യോഹ. 10–30).**

മൂന്നു തലങ്ങളിലാണ് ക്രിസ്തു ദൈവത്തെ പിതാവായി അവതരിപ്പിക്കുന്നത്:

1. സകലത്തിന്റെയും സ്രഷ്ടാവും ആദികാരണവും എന്ന നിലയിൽ പിതാവായ ദൈവം എന്ന് അഭിസംബോധന ചെയ്യുന്നു (മർക്കോ. 13:32; ലൂക്കാ 11:13).

2. പിതാ–പുത്രബന്ധം കാണിക്കാൻ എന്റെ പിതാവ് എന്നു വിളിക്കുന്നു (മത്താ. 16:17; ലൂക്കാ 22:29; മത്താ. 11:27).

3. സകലമനുഷ്യരുടെയും പിതാവ് എന്ന നിലയിൽ 'നിങ്ങളുടെ പിതാവ്' എന്നു പറയുന്നു (മർക്കോ. 11:26; ലൂക്കാ 12:30).

പ്രാർത്ഥനയിലൂടെയാണ് യേശു തന്റെ പിതാവുമായുള്ള ബന്ധം നിലനിറുത്തിയിരുന്നത്. വ്യക്തിപരമായും സമൂഹ മദ്ധ്യത്തിലായിരുന്നപ്പോഴും യേശുപ്രാർത്ഥിച്ചിരുന്നു.

പുരാതനകാലം മുതൽതന്നെ ഇസ്രായേൽക്കാർ ദൈവത്തെ പിതാവായി കരുതിയിരുന്നു. കുടുംബങ്ങളിൽ പിതാവിനുള്ള ഉന്നതസ്ഥാനം ജീവിതത്തിൽ അവർ ദൈവത്തിനും നല്കിയിരുന്നു. മക്കളോടുള്ള സ്നേഹവും വാത്സല്യവും ദൈവം ഇസ്രായേൽ ജനത്തോടും പ്രകടിപ്പിച്ചിരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈകദൈവം സത്തയിൽ ഒന്നാണെന്നും പിതാവായ ദൈവത്തിൽനിന്നാണ് പുത്രനായ ദൈവം പുറപ്പെടുന്നതെന്നും യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു (യോഹ. 1:1–2, 14). "ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെയായിരുന്നു.... വചനം മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ചു."




ജീവിതത്തിലെ നിർണായകനിമിഷങ്ങളിലെല്ലാം പ്രാർത്ഥനയിലൂടെ അവിടന്ന് ദൈവഹിതം ആരായുകയും അതു നിറവേറ്റുകയും ചെയ്യുന്നു.

സ്വയം പ്രാർത്ഥിക്കുമ്പോഴെല്ലാം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് യേശു പഠിപ്പിക്കുകയായിരുന്നു. ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ എന്ന് ശിഷ്യർ ആവശ്യപ്പെട്ടപ്പോഴാണ് അവിടന്ന് 'സ്വർഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന അവരെ പഠിപ്പിച്ചത്.

## പത്രോസിന്റെ സാക്ഷ്യം

കേസറിയാഫിലിപ്പിയിൽ വച്ച് ഒരിക്കൽ യേശു ശിഷ്യന്മാരോടു ചോദിച്ചു: "മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?" അവർ പറഞ്ഞു: "ചിലർ സ്നാപകയോഹന്നാൻ എന്നും മറ്റു ചിലർ ഏലിയാ എന്നും വേറെ ചിലർ ജറെമിയ അല്ലെങ്കിൽ പ്രവാചകരിലൊരുവൻ എന്നും പറയുന്നു." അവൻ അവരോടു ചോദിച്ചു: "എന്നാൽ ഞാനാരെന്നാണ് നിങ്ങൾ പറയുന്നത്?" ശിമയോൻ പത്രോസ് പറഞ്ഞു: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്" (മത്താ. 16:13-16).

**യേശുവിന്റെ ശിഷ്യരായ നാമും പത്രോസിനെപ്പോലെ നമ്മുടെ പ്രവൃത്തികൾ കൊണ്ടും ജീവിതമാതൃക കൊണ്ടും യേശുവിനെ പ്രഘോഷിക്കേണ്ടതാണ്.**

യേശു തന്റെ പീഡാസഹനവും മരണവും ഉത്ഥാനവും വഴി ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിലുള്ള ഏകമധ്യസ്ഥനായി എന്നു പൗലോസ് അപ്പസ്തോലൻ വ്യക്തമാക്കുന്നു (1 തിമോ. 2:4-5).

## നമുക്കു മറക്കാതിരിക്കാം

ദൈവപുത്രനായ യേശുവിലാണ് നമ്മുടെ രക്ഷ. ദൈവപുത്രനായ യേശു നമ്മുടെ മാത്രം രക്ഷകനല്ല. ലോകത്തിന്റെ മുഴുവൻ രക്ഷകനാണ്. യേശുവിന്റെ രക്ഷ മറ്റുള്ളവർക്ക് അനുഭവവേദ്യമാകുന്നത് നമ്മുടെ പ്രവൃത്തികൾവഴിയാണ്. രക്ഷകനായ യേശുവിന്റെ



ദൈവപുത്രനായ യേശു

പാതയിൽ നടക്കുന്നവരാണു നമ്മളെന്ന് മറ്റുള്ളവർക്കു ബോധ്യമാകണം. പാപത്തിൽനിന്നും പാപസാഹചര്യങ്ങളിൽനിന്നും നാം അകന്നു നില്ക്കുകയും അത്തരം സാഹചര്യങ്ങളിൽനിന്ന് മറ്റുള്ളവരെ അകറ്റി നിറുത്തുകയും വേണം.

## ചർച്ച ചെയ്യുക

1. ക്രിസ്തുവിശ്വാസത്തെപ്രതി പീഡനങ്ങളേറ്റുവാങ്ങുന്ന ധാരാളംപേരെ നാം കണ്ടുമുട്ടാറുണ്ട്. വിശ്വാസത്തിനുണ്ടാകുന്ന വെല്ലുവിളികളോടും സഹനങ്ങളോടുമെല്ലാം നാം എങ്ങനെ പ്രതികരിക്കണം?

2. നമ്മുടെ വിശ്വാസം സംരക്ഷിക്കുന്നതിലും ജീവിക്കുന്നതിലും ഇന്ന് നാം നേരിടുന്ന വെല്ലുവിളികൾ ഏവ? അവയ്ക്ക് പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുക.



## ഗാനം

ജ്ഞാനസ്നാനം വഴിയായി - നമ്മൾ
ദൈവത്തിൻപുത്രരായി
സമൂഹത്തിൻ നന്മയ്ക്കായ് നമ്മെ സമർപ്പിച്ചാൽ
ദൈവത്തിൻ പ്രിയപുത്രരായ്ത്തീരുമെന്നും

ജീവിതത്തിൻ ക്ലേശനിമിഷങ്ങളിൽ
പ്രാർത്ഥന, സാന്ത്വനംനല്കും
ദൈവവുമായുള്ള സ്നേഹസംഭാഷണം
പ്രാർത്ഥനയാകുമെന്നോർക്കാം

ജീവിതത്തിൻ ദു:ഖയാത്രകളിൽ
കൂട്ടായിരിക്കണേ നാഥാ
ധീരമായ് മുന്നേറാൻ, ശക്തി നേടീടാൻ
താബോർഅനുഭവം നല്കൂ.




## ഉത്തരം കണ്ടെത്താം

1. യേശുവിന്റെ ജ്ഞാനസ്നാനത്തെത്തുടർന്നുണ്ടായ സംഭവങ്ങൾ എന്തെല്ലാം?
2. നാം യഥാർത്ഥത്തിൽ ദൈവമക്കളായിത്തീരുന്നതെപ്പോഴാണ്?
3. യേശുവിന്റെ ജറുസലേമിലേക്കുള്ള യാത്രയിൽ കൂടുതൽ കരുത്തു പകർന്ന അനുഭവം എന്തായിരുന്നു?
4. "ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്" എന്ന യേശുവിന്റെ ചോദ്യത്തിന് ശിമയോൻ പത്രോസ് നല്കുന്ന മറുപടിയെന്ത്?
5. യേശു തന്റെ പിതാവായ ദൈവവുമായുള്ള ബന്ധം നിലനിറുത്തിയിരുന്നത് എപ്രകാരമായിരുന്നു?

## പ്രവർത്തനം

- യേശു ദൈവപുത്രനാണെന്ന് മറ്റുള്ളവർ തിരിച്ചറിഞ്ഞ സന്ദർഭങ്ങൾ കണ്ടുപിടിച്ചെഴുതുക.
- യേശു തന്റെ പരസ്യജീവിതകാലത്ത് പ്രാർത്ഥിച്ചിരുന്ന സന്ദർഭങ്ങൾ ഏവയെന്ന് കണ്ടുപിടിക്കുക.
- സഭയുടെ ആരാധനക്രമമനുസരിച്ച് ജ്ഞാനസ്നാനവ്രതനവീകരണം നടത്തപ്പെടുന്ന അവസരങ്ങൾ കണ്ടുപിടിക്കുക.

## മന:പാഠമാക്കാം

ജ്ഞാനസ്നാനംവഴി ദൈവമക്കളായിത്തീർന്ന നമ്മൾ ദൈവത്തോട് നിരന്തരം പ്രാർത്ഥിക്കുകയും അവിടത്തോട് ചേർന്നുനില്ക്കുകയും ചെയ്തുകൊണ്ട് ജീവിതവിജയം കൈവരിക്കണം.

## ദൈവവചനം ഓർമ്മിക്കാം

"ഇവനെന്റെ പ്രിയപുത്രനാകുന്നു, ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു" (മത്താ. 3:17).



ദൈവപുത്രനായ യേശു

## നമുക്കു പ്രാർത്ഥിക്കാം

കർത്താവായ ദൈവമേ, ഹൃദയപരമാർത്ഥതയോടെ അങ്ങയുടെ സന്നിധിയിൽ ആയിരിക്കാനും നിഷ്കളങ്കമനസ്സോടെ അങ്ങയോട് സ്നേഹസംഭാഷണം നടത്താനും ഞങ്ങളെ പ്രാപ്തരാക്കണമേ.

## പ്രവർത്തനം

യേശു കീഴ്വഴക്കങ്ങൾ ആദരിച്ചു എന്നതിനു തെളിവാണ് ജ്ഞാനസ്നാനസ്വീകരണം. ഇതു പോലെ, സമൂഹത്തിൽ നന്മയ്ക്കായി നിലനില്ക്കുന്ന കീഴ്വഴക്കങ്ങൾ ആദരിക്കാൻ യേശുവിന്റെ ശിഷ്യരായ നമുക്കു കടമയുണ്ട്. ക്രിസ്തീയസമൂഹത്തിൽ തീർച്ചയായും ആദരിക്കേണ്ട കീഴ്വഴക്കങ്ങൾ കണ്ടെത്താമോ?

യേശു ദൈവപുത്രനായതുകൊണ്ട് പിതാവായ ദൈവത്തെ 'എന്റെ പിതാവ്' (മർക്കോ. 14:36; മത്താ. 11:25) എന്നുവിളിക്കുന്നു. 'എന്റെ പിതാവും നിങ്ങളുടെ പിതാവും' (യോഹ. 20:17) എന്നു യേശു പറയുമ്പോൾ പിതാവായ ദൈവവും പുത്രനായ ദൈവവും തമ്മിലുള്ളതും മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനാവാത്തതുമായ ബന്ധമാണു സൂചിപ്പിക്കുന്നത്. നാമെല്ലാവരും ദൈവമക്കളാണെങ്കിലും യേശു ദൈവം തന്നെയായ ദൈവപുത്രനാണ്. മനുഷ്യരൂപം പ്രാപിച്ച യേശുവിൽ ഒരേസമയം ദൈവസ്വഭാവവും മനുഷ്യസ്വഭാവവുമുണ്ട്. വിശുദ്ധ പൗലോസ് അപ്പസ്തോലൻ പറയുന്നതുപോലെ, 'ദൈവത്തിന്റെ രൂപത്തിലായിരുന്നിട്ടും ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിക്കാതെ തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ രൂപം സ്വീകരിച്ചു. മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു" (ഫിലി. 2:5-8). യേശു തന്റെ പീഡാസഹനവും മരണവും ഉത്ഥാനവും വഴി ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിലുള്ള ഏകമദ്ധ്യസ്ഥനായി മാറി (1 തിമോ. 2:4-5).



# 5

# പ്രലോഭനങ്ങൾ അതിജീവിച്ചവൻ




യാക്കോബിന് ഭാര്യ റാഹേലിൽ ജനിച്ച പ്രഥമപുത്രനാണ് ജോസഫ്. അവൻ വടിവൊത്ത ശരീരമുള്ളവനും സുമുഖനുമായിരുന്നു. ഈജിപ്തിൽ ഫറവോയുടെ ഉദ്യോഗസ്ഥനായ പൊത്തിഫറിന്റെ അടിമയായി ജോസഫ് കഴിയുന്നകാലത്ത് പൊത്തിഫറിന്റെ ഭാര്യയ്ക്ക് ജോസഫിനോട് അഭിലാഷം തോന്നി. അവൾ അവനെ അവളോടൊത്ത് ശയിക്കാൻ നിർബന്ധിച്ചു. പക്ഷേ, അവൻ വഴങ്ങിയില്ല. തെറ്റുചെയ്ത് യജമാനനെ വഞ്ചിക്കാൻ അവൻ ഇഷ്ടപ്പെട്ടില്ല. മാത്രമല്ല, ദൈവസ്നേഹം നിരസിച്ച് പാപത്തിൽ വീഴാൻ അവനു കഴിയുമായിരുന്നില്ല. ജോസഫ് അവളോടു പറഞ്ഞു : "ഞാൻ എങ്ങനെയാണ് ഇത്ര നീചമായി പ്രവർത്തിച്ച് ദൈവത്തിനെതിരേ പാപം ചെയ്യുക?" എന്നാൽ കാമാർത്തയായ അവൾ പലദിനങ്ങളിലും ജോസഫിനെ പാപം ചെയ്യാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ തന്റെ ഇംഗിതത്തിനു വഴങ്ങാതിരുന്ന ജോസഫിനെതിരേ അവൾ കള്ളക്കഥ ചമച്ച് ഭർത്താവിന്റെ മുമ്പിൽ അവതരിപ്പിച്ചു. അവൾ പറഞ്ഞു: "അങ്ങു കൊണ്ടു വന്ന ഹെബ്രായവേലക്കാരൻ അപമാനിക്കാനായി എന്നെ സമീപിച്ചു". ഇതു കേട്ടപ്പോൾ പൊത്തിഫർ രോഷാകുലനായി ജോസഫിനെ കാരാഗൃഹത്തിലടച്ചു. എന്നാൽ ജോസഫ് തളർന്നില്ല. കർത്താവ് അവനോടു കൂടെ ഉണ്ടായിരുന്നു (ഉത്പ. 39:1-23).

തന്നിൽ ആശ്രയിക്കുന്നവരെ ദൈവം കൈവെടിയുകയില്ല. തന്റെ ജനത്തെ അവിടന്ന് സ്നേഹിക്കുന്നു. ദൈവം കരുണാമയനും നീതിമാനുമാണ്. അവിടന്ന് വിശുദ്ധർക്കു സമീപസ്ഥനും തിന്മ ചെയ്യുന്നവർക്ക് അപ്രാപ്യനുമാണ്. അവിടന്ന് മനുഷ്യബുദ്ധിക്കതീതനും സകല സൃഷ്ടികൾക്കും ഉപരിയുമാണ്.

അദ്ഭുത പ്രവർത്തകനായി ചമഞ്ഞ് പ്രസിദ്ധിനേടാനും ദൈവത്തിന്റെ വിശ്വസ്തത പരീക്ഷിക്കാനും രാഷ്ട്രീയാധികാരത്തിലേക്കുയർന്ന് സ്വന്തം മഹത്തം പ്രകടിപ്പിക്കാനുമുള്ള പരീക്ഷണങ്ങളെയാണ് (പ്രലോഭനങ്ങളെ) മരുഭൂമിയിൽ വച്ച് യേശു പരാജയപ്പെടുത്തിയത്. കുരിശുമരണസമയത്ത് അവിടന്നു ദൈവഹിതം ധിക്കരിച്ച് സ്വയം രക്ഷപ്പെടാനുള്ള പ്രലോഭനം അതിജീവിച്ചു. അങ്ങനെ ദൈവവചനത്തോടുള്ള വിശ്വസ്തതയും സ്വന്തം ദൗത്യത്തോടുള്ള ഉത്തരവാദിത്വവും പ്രകടമാക്കി. നമ്മുടെ വിശ്വാസത്തിൽനിന്നും ഉത്തരവാദിത്വങ്ങളിൽനിന്നും നമ്മെ പിന്തിരിപ്പിക്കാനുള്ള പ്രലോഭനങ്ങൾ ധാരാളമുണ്ടാകും. യേശുവിൽ ആശ്രയിച്ച് അത്തരം പ്രലോഭനങ്ങളെ അതിജീവിക്കാൻ നമുക്കു ശ്രമിക്കാം.




പ്രലോഭനം മനുഷ്യസഹജമാണ്. പ്രലോഭനങ്ങൾ ഉണ്ടാകാതിരിക്കുക അസാധ്യമാണ്. അവയെ അതിജീവിക്കുമ്പോഴാണ് നാം വിജയം നേടുന്നത്. നന്മയുടെ വഴികളിലൂടെ ചരിക്കുന്നവർക്കാണ് പ്രലോഭനങ്ങൾ ധാരാള മുണ്ടാകുക.

പിതാവായ ദൈവത്തിന്റെ രാജ്യം ഈ ഭൂമിയിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെയാണ് യേശു ഈ ഭൂമിയിൽ പ്രവർത്തിച്ചത്. ദൈവരാജ്യം നടപ്പിലാക്കാൻ യേശു കുരിശിന്റെവഴികളിലൂടെയാണ് യാത്രചെയ്തത്. സ്ഥലമോ സാഹചര്യമോ ആളുകളെയോ നോക്കാതെ പ്രവർത്തിച്ച യേശുവിനെ സാത്താൻ കുറുക്കുവഴികളിലൂടെ ലക്ഷ്യം നേടാൻ പ്രലോഭിപ്പിച്ചു.

കുറുക്കുവഴികൾ തേടാതെ സഹനത്തിന്റെവഴി സ്വീകരിക്കണമെന്നു യേശു തീരുമാനിച്ചു. “എന്നാൽ ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി  വീതികുറഞ്ഞതുമാണ്. അതു കണ്ടെത്തുന്നവരോ, ചുരുക്കം” (മത്താ.7:14).

എല്ലാ മനുഷ്യരുടെയും രക്ഷയായിരുന്നു യേശുവിന്റെ ലക്ഷ്യം. അതുകൊണ്ട് സാധാരണജനത്തിനു മനസ്സിലാകുന്ന ജീവിതബന്ധിയായ ഉപമകളിലൂടെയാണ് യേശു ജനങ്ങളെ പഠിപ്പിച്ചത്. നല്ല സമരിയാക്കാരന്റെ ഉപമ, വിതക്കാരന്റെ ഉപമ, നല്ല ഇടയന്റെ ഉപമ, ധൂർത്തപുത്രന്റെ ഉപമ എന്നിവ വിശ്വപ്രസിദ്ധങ്ങളാണ്. യേശു അരുൾചെയ്ത അഷ്ടസൗഭാഗ്യങ്ങൾ ജീവിതത്തിന്റെ മുഖമുദ്രയായി ഇതര മതസ്ഥർ പോലും സ്വീകരിച്ചു പോരുന്നു. അവിടന്നു പ്രവർത്തിച്ച ഓരോ അദ്ഭുതവും അവിടത്തേക്ക് പാവങ്ങളോടും രോഗികളോടുമുള്ള പരിഗണനയും സ്നേഹവും വിളിച്ചോതുന്നവയായിരുന്നു. അഞ്ചപ്പം അയ്യായിരങ്ങൾക്കായി വർദ്ധിപ്പിച്ചതും മരിച്ചവരെ ഉയിർപ്പിച്ചതും കുഷ്ഠരോഗികളെയും അന്ധരെയും തളർവാതരോഗിയെയും സുഖപ്പെടുത്തിയതും അഗതികളോടും അശരണ രോടുമുള്ള അവിടത്തെ കാരുണ്യം വെളിപ്പെടുത്തുന്നതായിരുന്നു. കുറുക്കുവഴികളിലൂടെയല്ല, കുരിശിന്റെ വഴിയിലൂടെയാണ് അവിടന്ന് നടന്നുനീങ്ങിയത്.

## എന്താണ് പ്രലോഭനം ?

ദൈവസ്നേഹത്തിനു ചേരാത്തവിധം മനുഷ്യനിൽ രൂപപ്പെടുന്ന ദുരാഗ്രഹങ്ങൾ അഥവാ ദുരാശകളാണ് പ്രലോഭനങ്ങൾ.




“നാസാ” എന്ന ഹീബ്രുപദമാണ് പഴയനിയമത്തിൽ പ്രലോഭനത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്നത്. പരീക്ഷിക്കുക, പരിശോധിക്കുക എന്നൊക്കെയാണ് “നാസാ” എന്ന വാക്കിനർത്ഥം. “പെയ്റാസ” എന്ന ഗ്രീക്കുപദമാണ് പുതിയ നിയമത്തിൽ പ്രലോഭനത്തിന് ഉപയോഗിച്ചിട്ടുള്ളത്. പരീക്ഷിക്കുക, പാപം ചെയ്യാൻ പ്രേരിപ്പിക്കുക തുടങ്ങിയവയാണ് ഈ വാക്കിന്റെ അർത്ഥം.

**പ്രലോഭനം ഉണ്ടാകുക സ്വാഭാവികമാണ്. എന്നാൽ പ്രലോഭനത്തിൽ വീണുപോകുന്നവൻ, തെറ്റു ചെയ്യുകയും മറ്റുള്ളവരെ അതിനു പ്രേരിപ്പിക്കുകയും ചെയ്യുന്നു.**

## യേശു നേരിട്ട പ്രലോഭനങ്ങൾ

സമവീക്ഷണസുവിശേഷകന്മാർ (മത്തായി, മർക്കോസ്, ലൂക്കാ) ഒരുപോലെ പ്രതിപാദിക്കുന്ന ഒന്നാണ് യേശുവിന്റെ മരുഭൂമിയിലെ പ്രലോഭനം.

പരിശുദ്ധാത്മാവാൽ മരുഭൂമിയിലേക്കു നയിക്കപ്പെട്ട യേശു നാല്പതുദിവസം അവിടെ ഉപവാസത്തിലും പ്രാർത്ഥനയിലും കഴിഞ്ഞുകൂടി.

(മത്താ. 4:1-11; മർക്കോ. 1:12-13; ലൂക്കാ 4:1-13)

## പ്രവർത്തനം

യേശു സമൂഹമദ്ധ്യത്തിൽ പിതാവിനോടു പ്രാർത്ഥിച്ച മൂന്ന് അവസരങ്ങൾ കണ്ടുപിടിച്ചെഴുതാമോ?

വിശന്നു ക്ഷീണിതനായ യേശുവിനോട് കല്ലിനെ അപ്പമാക്കി ഭക്ഷിക്കാൻ സാത്താൻ ആവശ്യപ്പെടുന്നു. “നീ ദൈവപുത്രനാണെങ്കിൽ ഈ കല്ല് അപ്പമാകാൻ കല്പിക്കുക”

(ലൂക്കാ 4:3). സ്വന്തം സുഖത്തിനും സൗകര്യത്തിനും സ്വാർത്ഥലാഭത്തിനും വേണ്ടി ദൈവികദാനങ്ങളുപയോഗിക്കുന്നത് തെറ്റും പാപവുമാണെന്ന് യേശു പ്രഖ്യാപിക്കുന്നു: "അപ്പം കൊണ്ടു മാത്രമല്ല, മനുഷ്യൻ ജീവിക്കുന്നത് എന്ന് എഴുതപ്പെട്ടിരിക്കുന്നു" (ലൂക്കാ 4:4).




അപ്പം കഴിച്ച് തൃപ്തരായ ജനം, യേശുവിനെ രാജാവാക്കാൻ അന്വേഷിച്ചപ്പോൾ
നശ്വരമായ അപ്പമല്ല, നിത്യജീവന്റെ അപ്പം തരുന്നവനെയാണ് നിങ്ങൾ തിരയേണ്ടത് എന്ന് യേശു അവരെ തിരുത്തി. അനശ്വരമായ ജീവന്റെ അപ്പംനല്കുന്ന യേശുവിന്റെ കുരിശുവഴിയിലൂടെ ശിഷ്യർ നടക്കണമെന്നതാണ് യേശു നല്കുന്ന മറുപടിയുടെ സാരം.

പിന്നീട്, പിശാച് യേശുവിനെ ഒരു ഉയർന്നസ്ഥലത്തേക്കു കൊണ്ടുപോയി.
യേശുവിനോടു പറഞ്ഞു:
"നീയെന്നെ ആരാധിച്ചാൽ ഇവയെല്ലാം നിന്റേതാകും" (ലൂക്കാ 4:7).
യേശു സാത്താനോടു പറഞ്ഞു:
"നിന്റെ ദൈവമായ കർത്താവിനെ നീ ആരാധിക്കണം;
അവനെ മാത്രമേ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു" (ലൂക്കാ 4:8).

ഭൂമിയുടെ കാവൽ ജോലിയാണ് മനുഷ്യർക്കുള്ളത് (ഉത്പ. 4:15).
കാവല്ക്കാരൻ ഉടമസ്ഥനാകാൻ പാടില്ല. (പുറ. 19:5, ലേവ്യ. 25:23).
എല്ലാം ദാനമായി ലഭിച്ചിരിക്കേ
മനുഷ്യന് അഹങ്കരിക്കാനൊന്നുമില്ല.

- ആത്മാവിലും സത്യത്തിലുമാണ് ദൈവത്തെ ആരാധിക്കേണ്ടത് (യോഹ. 4:24).

- വചനാധിഷ്ഠിതജീവിതം നയിക്കുമ്പോൾ നീതി ജലംപോലെയും സമാധാനം വറ്റാത്ത നീർച്ചാലുപോലെയും ജീവിതത്തിൽ നിറയും (ആമോ. 5:24).

- മനുഷ്യജീവിതത്തിന്റെ വളർച്ച മുരടിപ്പിക്കുന്ന അടിമത്തങ്ങളിൽ നിന്നു മോചിതരാക്കുന്ന പ്രക്രിയയിൽ പങ്കുചേരുന്നതും ദൈവത്തിനർപ്പിക്കുന്ന ആരാധനയാണ്.




◆ അനീതി നിറഞ്ഞ മനസ്സുള്ളവരും രക്തപങ്കിലമായ കരങ്ങളുള്ളവരും അർപ്പിക്കുന്ന ആരാധന ദൈവത്തിന് സ്വീകാര്യമല്ല. നന്മ പ്രവർത്തിച്ച്, മർദ്ദനം അവസാനിപ്പിച്ച് അനാഥർക്കും വിധവകൾക്കും പരദേശികൾക്കുംവേണ്ടി നീതി ചെയ്യുന്ന പ്രവർത്തനങ്ങൾ ദൈവത്തിനു സ്വീകാര്യമായ ആരാധന യാണ് (ഏശ. 1 :11-20).

◆ വഴിയിൽക്കിടക്കുന്ന മുറിവേറ്റ സഹോദരനെ സ്വന്തം കഴുതപ്പുറത്തു കയറ്റി സത്രത്തിലും തുടർന്ന് വീട്ടിലുമെത്തിക്കുന്ന പ്രവൃത്തി ദൈവത്തിനർപ്പിക്കുന്ന ആരാധന യാണ്.

പിന്നീട്, ജറുസലേം ദൈവാലയഗോപുരത്തിന്റെ ശൃംഗത്തിൽ യേശുവിനെ നിറുത്തിക്കൊണ്ടു സാത്താൻ പറഞ്ഞു:

"നീ ദൈവപുത്രനാണെങ്കിൽ ഇവിടെനിന്ന് താഴേക്കു ചാടുക. നിന്നെ രക്ഷിക്കാൻ അവൻ ദൂതന്മാരോടു കല്പിക്കുമെന്നും നിന്റെ കാൽ കല്ലിൽത്തട്ടാതെ അവർ നിന്നെ കൈകളിൽ താങ്ങിക്കൊള്ളുമെന്നും എഴുതപ്പെട്ടിട്ടുണ്ടല്ലോ" (ലൂക്കാ 4:10-11).

യേശു മറുപടി പറഞ്ഞു:

"നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്നും പറയപ്പെട്ടിരിക്കുന്നു" (ലൂക്കാ 4:12).

**ദൈവരാജ്യം ഭൂമിയിൽ കൊണ്ടുവരാൻ കുരിശിന്റെവഴിയാണു വേണ്ടത്. അദ്ധ്വാനിക്കാതെ നേടുന്നതൊന്നും നിലനില്ക്കില്ലെന്നും സഹനത്തിന്റെ പാതയിലൂടെയല്ലാതെ സ്നേഹം തെളിയിക്കാൻ സാധ്യമല്ലെന്നും യേശു പഠിപ്പിച്ചു.**

യേശു കുരിശിൽ കിടന്നപ്പോഴും ഇതുപോലൊരു പ്രലോഭനം കടന്നു വന്നു: "കുരിശിൽ നിന്ന് ഇറങ്ങി വരുക. നിന്നെയും ഞങ്ങളെയും രക്ഷിക്കുക" എന്ന് പരിഹാസപൂർവം ഇടത്തു വശത്തെ കള്ളൻ വിളിച്ചുപറഞ്ഞു. എന്നാൽ കുരിശുമരണംവഴി യേശു ലോകത്തോടു പറഞ്ഞു:

**കുരിശാണ് രക്ഷ, കുരിശിലാണ് രക്ഷ,**
**കുരിശിലൂടെയാണ് രക്ഷ.**




യേശുവിനു തന്റെ സമൂഹത്തെപ്പറ്റി വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. അന്നു നിലവിലിരുന്ന അധികാരദുർവിനിയോഗത്തെ ചോദ്യം ചെയ്തു കൊണ്ട്, അധികാരം സേവനത്തിനുള്ളതാണെന്ന് അവിടന്ന് പഠിപ്പിച്ചു. യഹൂദ ആചാരത്തിൽ നിലനിന്നിരുന്ന അർത്ഥശൂന്യങ്ങളായ നിയമങ്ങളെ യേശു ചോദ്യംചെയ്തത് യഹൂദമതത്തിലെ ഉന്നത സ്ഥാനീയരായിരുന്നവരെ രോഷാകുലരാക്കി. ദൈവദൂഷണം പറഞ്ഞെന്നും സ്വയം രാജാവായി ചമഞ്ഞെന്നുമുള്ള കുറ്റമാരോപിച്ചു. പീലാത്തോസിൽ നിന്നു വിധിസമ്പാദിച്ച യഹൂദർ കുരിശുമരണം യേശുവിനു നല്കി. കുരിശിന്റെ മുകളിൽ തറച്ചിരുന്ന കുറ്റപത്രം- 'യഹൂദരുടെ രാജാവായ യേശു' - ഇതു വെളിവാക്കുന്നതാണ്.

സ്വർണം ഉലയിൽ നീറി പരിശുദ്ധമാക്കപ്പെടുന്നതുപോലെ, സഹനങ്ങളിലൂടെ നാം വിശുദ്ധീകരിക്കപ്പെടുന്നു. ഉത്തമമായ ക്രിസ്തീയജീവിതം ക്രൂശിതന്റെ നിണമണിഞ്ഞ കാല്പാടുകൾ പിഞ്ചെല്ലുന്നതാണ്.

അനുദിനജീവിതത്തിൽ നമുക്കും ധാരാളം പ്രലോഭനങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. നമ്മുടെ വിശ്വാസജീവിതം ദൃഢപ്പെടുത്തുന്നതിനുള്ള അവസരങ്ങളായി അവയെ നാം മനസ്സിലാക്കണം.

**വിശ്വാസം പരീക്ഷിക്കപ്പെടുമ്പോൾ**
**നിങ്ങൾക്കതിൽ സ്ഥിരത ലഭിക്കുമെന്നറിയാമല്ലോ.**
**ഈ സ്ഥിരത പൂർണഫലം പുറപ്പെടുവിക്കുകയും**
**അങ്ങനെ നിങ്ങൾ പൂർണരും എല്ലാം തികഞ്ഞവരും**
**ഒന്നിനും കുറവില്ലാത്തവരും ആകുകയും ചെയ്യും**
**(യാക്കോ 1 :3-4).**

### നമ്മുക്കു മറക്കാതിരിക്കാം

ജീവിതത്തിൽ പ്രലോഭനങ്ങളുണ്ടാകുക സ്വാഭാവികമാണ്. എന്നാൽ പ്രലോഭനങ്ങളിൽ അകപ്പെടാതിരിക്കാനാണ് നാം ശ്രദ്ധിക്കേണ്ടത്. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അതിൽ നിന്നു മാറിനില്ക്കാൻ നാം ശ്രമിക്കണം. പ്രലോഭനങ്ങളുണ്ടായേക്കാവുന്ന സാഹചര്യങ്ങളിൽ നിന്നും സംഭാഷണങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും നാം മാറിനില്ക്കണം.




യേശുവിനെപ്പോലെ, പ്രലോഭനങ്ങൾ അതിജീവിക്കാൻ നമുക്കും പ്രാർത്ഥന ആവശ്യമാണ്. പ്രലോഭനങ്ങളിൽ അകപ്പെടാനിടയായാൽ കുമ്പസാരം എന്ന കൂദാശയിലൂടെ പാപമോചനം നേടുകയും മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുകയും വേണം.

**താഴെ കൊടുത്തിരിക്കുന്ന അവസരങ്ങൾ നമുക്കുണ്ടായേക്കാം. അവ നാം എങ്ങനെ നേരിടും?**

- അനുസരണക്കേട്.
- പ്രാർത്ഥിക്കാൻ താത്പര്യമില്ല.
- പഠിക്കാനുള്ള കാര്യങ്ങൾ പഠിക്കാതിരിക്കൽ.
- കള്ളം പറയാനുള്ള താത്പര്യം.
- അശ്ലീലചിത്രങ്ങൾ കാണാനുള്ള മോഹം.
- മറ്റുള്ളവരുടെ വസ്തുക്കളോടുള്ള അതിമോഹം.
- പണത്തോടുള്ള ആസക്തി.
- കളവു ചെയ്യാനുള്ള വാസന.
- കുറ്റം പറയാനുള്ള തോന്നൽ.

**പ്രലോഭനങ്ങളിൽ അകപ്പെടാതിരിക്കാൻ എന്തെല്ലാം ചെയ്യാനാകും ?**

- ഉണർന്നിരുന്ന് പ്രാർത്ഥിക്കാം.
- നല്ല ഗ്രന്ഥങ്ങൾ വായിക്കാം.
- വിശുദ്ധരുടെ ജീവിതവും മാതൃകയും പിന്തുടരാം.
- കൂടക്കൂടെ കുമ്പസാരിക്കുകയും വിശുദ്ധകുർബാനയിൽ പങ്കുചേരുകയും ചെയ്യാം.
- സുകൃതജപങ്ങൾ ചൊല്ലാം.
- മരിയഭക്തിയിൽ വളരാം.
- നല്ല സുഹൃത്തുക്കളെ നേടാം.



"ഓരോരുത്തനും മേലധികാരികൾക്കു വിധേയനായിരിക്കട്ടെ. എന്തെന്നാൽ, ദൈവത്തിൽ നിന്നല്ലാതെ അധികാരമില്ല" (റോമാ. 13/1).

## പ്രവർത്തനം

1. "പ്രലോഭനങ്ങളെ നേരിടാൻ ദൈവമേ എന്നെ സഹായിക്കണമേ" എന്ന അർത്ഥം വരുന്ന ഒരു ചെറുപ്രാർത്ഥന തയ്യാറാക്കുക.

2. ദൈവരാജ്യത്തിൽ എത്തിച്ചേരാൻ കുരിശിന്റെവഴി അനിവാര്യമണ്. നമ്മുടെ ജീവിതവുമായി താരതമ്യം ചെയ്ത് സമർത്ഥിക്കുക. ഉദാ. ഇന്ന് ഉച്ചയ്ക്കു 2.30 – ന് ടെലിവിഷനിൽ നമുക്കിഷ്ടപ്പെട്ട ഒരു സിനിമയുണ്ട്. നാളെ ചെയ്തു തീർക്കേണ്ട ഹോംവർക്ക് ധാരാളമുണ്ട്. ഏതിനോടായിരിക്കും കൂടുതൽ താത്പര്യം?



## ഗാനം

ദൈവസ്നേഹവിരുദ്ധമാം
ആശകളാണു പ്രലോഭനം
ഉണ്ടാകുന്നതു മാനുഷികം
അതിജീവിപ്പതു ദൈവികം!

യേശുവിനുണ്ടായ് പ്രലോഭനം
നമ്മുടെ കാര്യം പറയണമോ!
പ്രാർത്ഥനയാലുപവാസത്താൽ
അതിജീവിക്കാം പ്രലോഭനം

വിശ്വാസത്തിൽ ദൃഢമാകാൻ
സഹനം നമ്മൾക്കാവശ്യം
കുരിശിൻവഴികൾ പിഞ്ചെല്ലാം
രക്ഷയിലെത്തിച്ചേർന്നീടാം

## ഉത്തരമെഴുതുക

1. പ്രലോഭനങ്ങളെന്നാൽ എന്ത്?
2. പ്രലോഭനങ്ങളെ സൂചിപ്പിക്കാൻ പഴയനിയമത്തിലും പുതിയനിയമത്തിലും ഉപയോഗിച്ചിട്ടുള്ള പദങ്ങൾ ഏതെല്ലാം?




3. ആത്മാവാൽ മരുഭൂമിയിലേക്കു നയിക്കപ്പെട്ട യേശു അവിടെ നാല്പതുദിവസം എപ്രകാരമാണ് കഴിഞ്ഞുകൂടിയത്?
4. നീയെന്നെ ആരാധിച്ചാൽ ഇവയെല്ലാം നിന്റേതാകും എന്നു പറഞ്ഞ സാത്താനോട് യേശുവിന്റെ മറുപടി എന്തായിരുന്നു?
5. യേശു നേരിട്ട രണ്ടാമത്തെ പ്രലോഭനം നമുക്കുതരുന്ന പാഠമെന്ത്?

## ചർച്ച ചെയ്യുക

ദാനംതന്ന ദൈവത്തെ മറന്ന് സൃഷ്ടവസ്തുക്കളിൽ ആശ്രയം കണ്ടെത്തുന്ന ഇന്നത്തെ തലമുറയെ "നിന്റെ ദൈവമായ കർത്താവിനെ മാത്രമേ ആരാധിക്കാവൂ" എന്ന യേശുവിന്റെ മറുപടിയുടെ വെളിച്ചത്തിൽ വിലയിരുത്തുക.

## മന:പാഠമാക്കുക

അലസന്റെ മനസ്സ് സാത്താന്റെ പണിപ്പുരയാണ്.

## ദൈവവചനം ഓർമ്മിക്കാം

യേശു അവനോടു പറഞ്ഞു: "അപ്പം കൊണ്ടു മാത്രമല്ല, മനുഷ്യൻ ജീവിക്കുന്നത് എന്ന് എഴുതപ്പെട്ടിരിക്കുന്നു" (ലൂക്കാ 4:4).

## നമുക്കു പ്രാർത്ഥിക്കാം

സ്വർഗസ്ഥനായ പിതാവേ, പ്രലോഭനങ്ങളിൽ അകപ്പെടാതെ ജീവിക്കാനുള്ള കൃപാവരം നല്കി ഞങ്ങളെ അനുഗ്രഹിക്കണമേ!

## അവതരിപ്പിക്കാൻ

യേശുവിന്റെ ജീവിതത്തിലുണ്ടായ പ്രലോഭനങ്ങൾ എന്തെല്ലാമായിരുന്നു ? ഇവയെ യേശു എപ്രകാരമാണ് അതിജീവിച്ചത് ? വിശുദ്ധഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ അവതരിപ്പിക്കുക.

# 6

# ദൈവരാജ്യം





ഇത് നമ്മുടെ രാജ്യത്തിന്റെ ഭൂപടമാണ്. നമ്മുടെ രാജ്യത്തിന് ഭൂമിശാസ്ത്രപരമായ അതിരുകളുണ്ട്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണ് ഇന്ത്യ. ജനങ്ങളിൽ നിന്ന്, ജനങ്ങൾക്കു വേണ്ടി, ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഭരണകൂടമാണു നമ്മുടേത്. ഭരണഘടനയ്ക്ക് അനുസൃതമായ ഒരു നിയമവ്യവസ്ഥിതി നമ്മുടെ രാജ്യത്തുണ്ട്. നമ്മുടെ ജനങ്ങൾ നീതിയിലും സമാധാനത്തിലും തുല്യതയിലും സ്വാതന്ത്ര്യത്തിലും ജീവിക്കാനാണ് ഈ ക്രമീകരണം നടത്തിയിരിക്കുന്നത്. ഇതിനുള്ള പ്രചോദനം നമുക്കു ലഭിക്കുന്നത് ലോകത്തെ ഒരു കുടുംബമായി കാണുന്ന (വസുധൈവ കുടുംബകം) ആർഷഭാരതസംസ്കാരത്തിൽ നിന്നാണ്. ഈ സംസ്കാരം ലോകത്തിന്റെ സുഖവും നന്മയുമാണ് ലക്ഷ്യംവയ്ക്കുന്നത് (ലോകാഃ സമസ്താ സുഖിനോ ഭവന്തു).






മനുഷ്യരെല്ലാവരും ഒന്നുപോലെ കഴിയണം എന്ന ഒരു ദർശനം കേരളത്തിന്റെ പൊതു ഉത്സവമായ ഓണാഘോഷത്തിലും നാം കാണുന്നുണ്ട്.

ദൈവം നമ്മുടെ സ്നേഹമുള്ള പിതാവാണല്ലോ. ദൈവമക്കളായ നാം പരസ്പരം സ്നേഹത്തിലുംസാഹോദര്യത്തിലും ഐക്യത്തിലും വർത്തിക്കണം. ഇവിടെ ജാതിമതവർഗവർണ വ്യത്യാസം പാടില്ല.

ദൈവവും പ്രപഞ്ചവും സഹോദരങ്ങളും ഒത്തുചേരുന്ന അനുഭവമാണ് ദൈവരാജ്യാനുഭവം. ദൈവരാജ്യം പ്രധാനമായും നാം അനുഭവിക്കുന്നത് നമ്മുടെ കുടുംബത്തിൽത്തന്നെയാണ്. കുടുംബത്തിൽ മാതൃത്വവും പിതൃത്വവും നീതിയും തുല്യതയും വളർച്ചയും സന്തോഷവും സമാധാനവും സുരക്ഷിതത്വവും നമ്മൾ അനുഭവിക്കുന്നു. ദൈവം തന്നെയാണ് കുടുംബജീവിതം മനുഷ്യർക്കായി വിഭാവനം ചെയ്തത്.

**നമ്മുടെ കുടുംബം പരസ്പരസ്നേഹത്തിന്റെയും കൂട്ടായ്മയുടെയും കൂടാരമാകണം.**

കുടുംബത്തിലാണ് കുഞ്ഞുങ്ങൾ ജന്മം കൊള്ളുക. ഓരോ കുഞ്ഞും ദൈവിക ഛായയിൽ സൃഷ്ടിക്കപ്പെടുന്നു. സൃഷ്ടവസ്തുക്കളിൽ , സ്വയാവബോധമുള്ള മനുഷ്യനു മാത്രമേ ദൈവത്തെ അറിയാനും സ്നേഹിക്കാനും കഴിയൂ. അവനു മാത്രമേ ദൈവികജീവനിൽ പങ്കുപറ്റാനാവൂ. മനുഷ്യനെ ദൈവം തനിക്കായിത്തന്നെയാണ് സൃഷ്ടിച്ചത്. അതിനാൽ ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത് അമൂല്യമായ ആത്മാവിനെ സ്വർഗാനന്ദസൗഭാഗ്യത്തിനു പ്രാപ്തമാക്കുകയാണ് മനുഷ്യന്റെ കർത്തവ്യം. സഹോദരസ്നേഹത്തിലൂടെയും സേവനത്തിലൂടെയുമാണ് മനുഷ്യൻ ദൈവത്തോടുള്ള സ്നേഹവും കടപ്പാടും പ്രകടമാക്കേണ്ടത്. തനിക്കുവേണ്ടി മനുഷ്യനെ സൃഷ്ടിച്ച ദൈവം, മറ്റെല്ലാം സൃഷ്ടിച്ചതു മനുഷ്യനു വേണ്ടിയാണ്. എല്ലാം എല്ലാവർക്കുമായി സൃഷ്ടിക്കപ്പെട്ടതുകൊണ്ട് മനുഷ്യൻ പരസ്പരം പങ്കുവയ്ക്കലിലും സഹവർത്തിത്വത്തിലും ജീവിക്കണം. ഇതാണ് മനുഷ്യസൃഷ്ടിയുടെ ലക്ഷ്യവും മഹത്ത്വവും.




## ദൈവരാജ്യസങ്കല്പം പഴയഉടമ്പടിയിൽ

ആരോരുമില്ലാത്ത നാടോടികളെ ദൈവം അബ്രാമിലൂടെ വിളിച്ചു (ഉത്പ. 12:4) മോശയിലൂടെ സ്വന്തംജനമാക്കി (പുറ. 19:1-24:7). സ്വന്തം ജനതയെ മരുഭൂമിയിലൂടെ കാനാൻദേശത്തേക്കു നയിച്ചു. മരുഭൂമിയിലൂടെയുള്ള ഈ യാത്രയിലാണ് ദൈവവും ഇസ്രായേൽജനവും തമ്മിലുള്ള ബന്ധം സുദൃഢമായത്. കാനാൻദേശത്തായിരിക്കുമ്പോൾ ജനങ്ങളുടെ ഇടയിൽ സമ്പദ്സമൃദ്ധിയും സ്വാതന്ത്ര്യവും കൂട്ടായ്മയും നിറഞ്ഞുനിന്നിരുന്നു. ദൈവം സ്നേഹമുള്ള പിതാവും മനുഷ്യർ മക്കളും പരസ്പരംസഹോദരങ്ങളുമായി ജീവിച്ച ആ കാലഘട്ടം ഇരുന്നൂറ് വർഷത്തോളമായിരുന്നു.

കാനാൻദേശത്തു വസിച്ചിരുന്ന ഇസ്രായേൽജനതയ്ക്ക് ദൈവസ്നേഹത്തിൽ ജീവിക്കാനാവശ്യമായ നിയമങ്ങളും നിർദ്ദേശങ്ങളും അവിടുന്നു നല്കി. ദൈവം കൊടുത്ത കല്പനകളനുസരിച്ച് ഓരോരുത്തരും ആവശ്യാനുസാരം മാത്രമേ സൃഷ്ടവസ്തുക്കൾ ഉപയോഗിക്കാവൂ.

നിങ്ങളുടെ സ്വന്തം വസ്ത്രങ്ങളുടെ ശേഖരം നോക്കുക.
ആവശ്യമാണോ ആഡംബരമാണോ എന്നു കണ്ടെത്തുക.

കാലമേറെക്കഴിഞ്ഞപ്പോൾ സ്വാർത്ഥതനിറഞ്ഞ മനുഷ്യർ ദൈവത്തെ മറന്ന് അവരവരുടെ ബാബേൽഗോപുരം പണിതുയർത്തി. ദൈവം തന്റെ പ്രവാചകന്മാർവഴി അവരെ സീനായ്ഉടമ്പടിയിലേക്കു തിരികെ വരാൻ ആഹ്വാനംചെയ്തു. എന്നാൽ ഹൃദയകാഠിന്യവും വിശ്വാസരാഹിത്യവും നിറഞ്ഞ ഇസ്രായേൽ ജനത ദൈവത്തിന്റെ സ്വരം ശ്രവിച്ചില്ല.

ദൈവത്താൽ നയിക്കപ്പെടുന്ന അവസ്ഥയാണ് ദൈവരാജ്യം.
ദൈവത്തിന്റെ ഇഷ്ടത്തിന് നമ്മെത്തന്നെയും നമ്മുടെ സമൂഹത്തെയും വ്യവസ്ഥിതികളെയും പരിപൂർണമായി സമർപ്പിക്കുമ്പോൾ ദൈവരാജ്യം സംജാതമാകുന്നു. ദൈവരാജ്യത്തിന്റെ പൂർണത യുഗാന്തത്തിൽ കൈവരിക്കുന്നു.
നമ്മുടെ താത്പര്യങ്ങളല്ല ദൈവത്തിന്റെ ഹിതമാണ് നാമന്വേഷിക്കേണ്ടത്.




## ദാവീദിന്റെ സങ്കീർത്തനം 15

കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ആരു വസിക്കും ?
അങ്ങയുടെ വിശുദ്ധഗിരിയിൽ ആരു വസിക്കും?
നിഷ്കളങ്കനായി ജീവിക്കുകയും നീതി മാത്രം
പ്രവർത്തിക്കുകയും ഹൃദയംതുറന്നു
സത്യം പറയുകയും ചെയ്യുന്നവൻ;
പരദൂഷണം പറയുകയോ
സ്നേഹിതനെ ദ്രോഹിക്കുകയോ അയല്ക്കാരനെതിരേ
അപവാദം പരത്തുകയോ ചെയ്യാത്തവൻ;
ദുഷ്ടനെ പരിഹാസ്യനായി കരുതുകയും
ദൈവഭക്തനോട് ആദരം കാണിക്കുകയും
നഷ്ടം സഹിച്ചും പ്രതിജ്ഞ നിറവേറ്റുകയും ചെയ്യുന്നവൻ;
കടത്തിനു പലിശ ഈടാക്കുകയോ
നിർദോഷനെതിരേ കൈക്കൂലി വാങ്ങുകയോ
ചെയ്യാത്തവൻ;
ഇങ്ങനെയുള്ളവൻ നിർഭയനായിരിക്കും.

## ദൈവരാജ്യം പുതിയ ഉടമ്പടിയിൽ

ഈ പ്രപഞ്ചത്തെയും അതിനെ നയിക്കാൻ ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെയും ഉപേക്ഷിക്കാൻ ദൈവത്തിനും മനസ്സുവന്നില്ല. തന്റെ ഏകപുത്രനെപ്പോലും ഈ ലോകത്തിനു നല്കാൻതക്കവിധം അവിടന്ന് മനുഷ്യകുലത്തെയും ഈ ലോകത്തെയും ഏറെ സ്നേഹിച്ചു (യോഹ. 3.16).

ഏവർക്കും ജീവൻ സമൃദ്ധമായി നല്കാൻ (യോഹ. 10:10) യേശു ദൈവരാജ്യത്തിന്റെ സന്ദേശവുമായി ഈ ലോകത്തിലേക്കു വന്നു (മർക്കോ. 1:14-15). യേശു ലോകത്തിലേക്കു വന്നപ്പോൾ മനുഷ്യോചിതമല്ലാത്ത മനോഭാവങ്ങളും പ്രവർത്തനങ്ങളും വ്യവസ്ഥിതികളുമാണ് നിലനിന്നിരുന്നത്. ഈ അവസ്ഥ യേശുവിനെ വല്ലാതെ വേദനിപ്പിച്ചു. ഉച്ചനീചത്വങ്ങളില്ലാത്ത, എല്ലാവരും സഹോദരതുല്യം ജീവിക്കുന്ന സമൂഹസൃഷ്ടിക്കായി, ദൈവരാജ്യത്തിനായി, അവിടുന്ന് ആഹ്വാനം ചെയ്തു.




ദൈവത്തിന്റെ സ്നേഹം നീതിയായി നിറഞ്ഞുകവിഞ്ഞൊഴുകുന്ന സമൂഹത്തിൽ മനുഷ്യോചിതവും നീതിയിലധിഷ്ഠിതവുമായ വികസനമാവശ്യമാണെന്ന് യേശു പഠിപ്പിച്ചു. അന്നന്നു വേണ്ട ആഹാരം അന്നന്നു ലഭിക്കുന്ന കർമ്മപദ്ധതിയാണ് അവിടുന്ന് നമുക്കു നല്കുന്നത്. അങ്ങനെ സമാധാനവും പരിശുദ്ധാത്മാവിൽ നിറയുന്ന സന്തോഷവും തുടികൊട്ടുന്ന ദൈവരാജ്യം രൂപീകരിക്കാൻ യേശു തന്റെ ജീവൻ തന്നെ കാൽവരിയിൽ ബലിയായി സമർപ്പിച്ചു.

പുണ്യജീവിതമാതൃകയിലൂടെയാണ് യേശുവിന്റെ ദൈവരാജ്യത്തിൽ നമുക്കു ജീവിക്കാനാകുക. വിശ്വാസം, ശരണം, ഉപവി (സ്നേഹം) എന്നീ ദൈവികപുണ്യങ്ങളാണു ക്രിസ്തീയധാർമ്മികതയുടെ അടിസ്ഥാനം. മനുഷ്യഹൃദയത്തിൽ ദൈവം ഈ പുണ്യങ്ങൾ നിക്ഷേപിച്ചിട്ടുണ്ട്. മനുഷ്യനിലെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളുടെ സാക്ഷ്യങ്ങളാണവ. ദൈവികപുണ്യങ്ങൾക്കു പുറമേ സുകൃതജീവിതം കൊണ്ടു നേടാവുന്ന നാലു പുണ്യങ്ങളുണ്ട്. അവയെ 'മൗലികപുണ്യങ്ങൾ' എന്നു വിളിക്കുന്നു - വിവേകം, നീതി, ആത്മശക്തി, മിതത്വം. കൂടാതെ ചിന്തയ്ക്കും വിശ്വാസത്തിനും അനുസൃതമായി മനുഷ്യൻ വികാരങ്ങൾ നിയന്ത്രിച്ചും പ്രവൃത്തിനയിച്ചും പെരുമാറ്റം നിജപ്പെടുത്തിയും ചെയ്യുന്ന ധാർമ്മികപ്രവൃത്തികൾ 'മാനുഷികസുകൃതങ്ങൾ' എന്നു പറയപ്പെടുന്നു. യേശുവിന്റെ മാതൃകയാണ് ഇതിനായി നാം പിന്തുടരേണ്ടത്.

യേശുവിന്റെ ദൈവരാജ്യത്തിൽ ആകൃഷ്ടരായവരാണ് അപ്പസ്തോലന്മാർ. എന്നാൽ യഹൂദജനതയെപ്പോലെ അവരും പ്രതീക്ഷിച്ചത് വെറുമൊരു രാഷ്ട്രീയസ്വാതന്ത്ര്യവും മോചനവുമാണ്. അക്കാരണത്താൽത്തന്നെ, ഭരിക്കാനും ഇടത്തും വലത്തും ഇരിക്കാനും സ്വന്തംകീശ വീർപ്പിക്കാനും അധികാരത്തിന്റെ ശീതളഛായയിൽ ജീവിക്കാനും അവർ ആഗ്രഹിച്ചു.

എന്നാൽ ജീവനും സ്നേഹവും നീതിയും സാഹോദര്യവും നിറയുന്ന ലോകമാണ് യേശുവിന്റെ ദൈവരാജ്യം. ദൈവരാജ്യത്തിൽ പരസ്പരം പാദംകഴുകി സ്നേഹിക്കാനും ജീവൻനല്കി ശുശ്രൂഷിക്കാനും കുഞ്ഞുങ്ങളെപ്പോലെ നിഷ്കളങ്കരായി ദൈവത്തിൽ ആശ്രയിക്കാനും മറ്റുള്ളവരുടെ വിമോചനത്തിനായി അവരുടെ വീഴ്ചയിൽ നല്ല സമരിയാക്കാരനെപ്പോലെ വർത്തിക്കാനും യേശു ആവശ്യപ്പെടുന്നു.




ദൈവരാജ്യം പണിയുന്നവരും അതിൽ പ്രവേശിക്കേണ്ടവരും:

- ദരിദ്രർ
- വിലപിക്കുന്നവർ
- ശാന്തശീലർ
- നീതിക്കായി വിശക്കുന്നവർ, ദാഹിക്കുന്നവർ
- ഹൃദയശുദ്ധിയുള്ളവർ
- കരുണയുള്ളവർ
- സമാധാനം സ്ഥാപിക്കുന്നവർ
- നീതിക്കുവേണ്ടി പീഡനമേല്ക്കുന്നവർ (മത്താ. 5:1-7:28)

## ദൈവരാജ്യത്തിന്റെ പ്രത്യേകതകൾ

ദൈവരാജ്യത്തിന് നാലു മാനങ്ങളുണ്ട്:

### 1. ദൈവികമാനം

ദൈവത്തിന്റെ ശക്തിയാണ് ദൈവരാജ്യത്തിലെ ദൈവികമാനം എന്നതുകൊണ്ടർത്ഥമാക്കുന്നത്.

### 2. മാനുഷികമാനം

ദൈവരാജ്യം ആവശ്യപ്പെടുന്ന ത്യാഗമാണ് മാനുഷികമാനം.

### 3. വർത്തമാനകാലമാനം

ദൈവരാജ്യം ഇന്നും നമ്മുടെ ഇടയിൽ വളർന്നുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണ്.

### 4. ഭാവികാലമാനം

ജാഗ്രത പുലർത്തി ജീവിക്കേണ്ടതിനെക്കുറിച്ചും അന്ത്യവിധിയെക്കുറിച്ചും ഇതു സൂചിപ്പിക്കുന്നു.




## ദൈവരാജ്യസ്ഥാപനം സാധ്യമാക്കാൻ

ദാരിദ്ര്യനിർമ്മാർജ്ജനം

ആതുരശുശ്രൂഷ

എല്ലാ മനുഷ്യരും പരസ്പരം സ്നേഹിച്ചും അംഗീകരിച്ചും ബഹുമാനിച്ചും പങ്കുവച്ചുമൊക്കെ ജീവിക്കുമ്പോഴാണ് ദൈവരാജ്യസങ്കല്പം യാഥാർത്ഥ്യമാകുക.



## ഗാനം

ദൈവത്തിൻ സ്നേഹവും അവിടുത്തെ കരുണയും
നിറയുന്നതല്ലോ ദൈവരാജ്യം
ദൈവവും ഭൂമിയും മർത്ത്യനും പ്രകൃതിയും
ഒരുമയിൽ വാഴുന്ന ദൈവരാജ്യം !

ദൈവരാജ്യത്തിന്റെ ചെറുപതിപ്പാകുന്നു
ഭൂമിയിൽ സ്നേഹകുടുംബം
സ്നേഹിച്ചും സേവിച്ചും നന്മകൾ ചെയ്തും നാം
പുലരേണ്ട സ്നേഹകൂടാരം!

നന്മയും നീതിയും പാദം കഴുകലും
ദൃശ്യമായ്ത്തീരുന്ന ദൈവരാജ്യം
യേശുവിൻമാതൃക പിന്തുടർന്നീടുമ്പോൾ
യാഥാർത്ഥ്യമായ് വരും ദൈവരാജ്യം!




## ചർച്ച ചെയ്യുക

നമ്മുടെസമൂഹം ദൈവരാജ്യസമാനമാക്കാൻ നമുക്കെന്തെല്ലാം ചെയ്യാനാവും?

## ഉത്തരം കണ്ടെത്താം

1. ദൈവവും ഇസ്രായേൽജനവും തമ്മിലുള്ള ബന്ധം സുദൃഢമായത് എപ്രകാരമാണ്?
2. യേശു ലോകത്തിലേക്കു വന്നപ്പോൾ നിലനിന്നിരുന്ന വ്യവസ്ഥിതികളെന്തെല്ലാമാണ്?
3. എന്തിനു വേണ്ടിയാണ് യേശു തന്റെ ജീവൻ തന്നെ ബലിയായി സമർപ്പിച്ചത്?
4. ദൈവരാജ്യത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ്?

## മന:പാഠമാക്കാം

ദൈവരാജ്യത്തിൽ പരസ്പരം പാദംകഴുകി സ്നേഹിക്കാനും ജീവൻ നല്കി ശുശ്രൂഷിക്കാനും കുഞ്ഞുങ്ങളെപ്പോലെ നിഷ്കളങ്കരായി ദൈവത്തിൽ ആശ്രയിക്കാനും മറ്റുള്ളവരുടെ വീഴ്ചയിൽ അവരെ താങ്ങാനും നമുക്കു കടമയുണ്ട്.

## ദൈവവചനം ഓർമ്മിക്കാം

"എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ. 3:16).

## നമുക്കു പ്രാർത്ഥിക്കാം

കർത്താവേ, നിഷ്കളങ്കരായി ജീവിക്കാനും നീതിമാത്രം പ്രവർത്തിക്കാനും സ്നേഹിതനെ ദ്രോഹിക്കാതെയും അയല്ക്കാരനെതിരേ അപവാദം പറയാതെയും യഥാർത്ഥ ദൈവരാജ്യത്തിലെ അംഗങ്ങളായി ജീവിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.




## പ്രവർത്തനം

1. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജി ഗംഗാനദിയിൽ നിന്നു വെള്ളം കോരിയെടുത്ത് മുഖം കഴുകുന്ന ഒരു രംഗം ഓർമ്മയുണ്ടോ? ഒരു വിശദീകരണമെഴുതുക.

2. അന്നന്നുവേണ്ട ആഹാരം ഇന്നും ഞങ്ങൾക്കു തരണമേ എന്ന പ്രാർത്ഥനയുടെ അർത്ഥവ്യാപ്തി വിശദമാക്കുക.

യേശുവിന്റെ പ്രബോധനങ്ങളുടെ അന്ത:സത്തയാണ് ദൈവരാജ്യം. 'രാജ്യം' എന്നതിനെക്കാൾ 'ഭരണം' എന്നു പറയുന്നതാകും മനസ്സിലാക്കാനെളുപ്പം. ദൈവം ഭരിക്കുന്ന അവസ്ഥയാണ് ദൈവരാജ്യം. സമവീക്ഷണസുവിശേഷങ്ങളിൽ ദൈവരാജ്യം എന്ന പദം ഉപയോഗിക്കുമ്പോൾ മത്തായി അത് സ്വർഗരാജ്യം എന്നാക്കി മാറ്റി. ദൈവനാമം വൃഥാ പ്രയോഗിക്കാതിരിക്കാൻ, സമാനമായ 'സ്വർഗം' എന്ന പദം മത്തായി കണ്ടെത്തിയത് അദ്ദേഹത്തിന്റെ സുവിശേഷം യഹൂദക്രിസ്ത്യാനികൾക്കു വേണ്ടി എഴുതിയതുകൊണ്ടാണ്. ദൈവരാജ്യത്തിന് ഹീബ്രുവിൽ 'മൽക്കുത്ത് യാഹ്വേ' (Malcut Yahweh) എന്നും ഗ്രീക്കിൽ 'ബസിലേയ തൂ തെവൂ (Basileia tou Theou) എന്നുമാണ് ഉപയോഗിക്കുന്നത്. സുവിശേഷങ്ങളിൽ നാം കാണുന്ന കാര്യങ്ങളെല്ലാം ദൈവരാജ്യത്തിന്റെ അടിസ്ഥാനത്തിലാണ് വിശദീകരിക്കേണ്ടത്. ദൈവരാജ്യവും യേശുവും വേർതിരിക്കാനാകാത്തവിധം ഒന്നാണെന്നു പറയാം. യേശുവിന്റെ പ്രഥമപ്രസംഗത്തിന്റെ ഉള്ളടക്കം തന്നെ നോക്കു: "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1:14-15). യേശുവിന്റെ സാന്നിധ്യംതന്നെയാണ് ദൈവം ഭരിക്കുന്നുവെന്നതിനു തെളിവ്. കാരണം, യേശു 'ദൈവം നമ്മോടുകൂടെ' (ഇമ്മാനുവേൽ' മത്താ. 1:23) ആണ്. ദൈവരാജ്യത്തിൽ പ്രവേശിക്കുക യേശുവുമായി ബന്ധം സ്ഥാപിക്കുകവഴിയാണ്. യേശുവിന്റെ ശിഷ്യത്വം സ്വീകരിക്കുകയാണ് മാർഗം. പുതിയനിമയത്തിൽ ദൈവരാജ്യം (സ്വർഗരാജ്യം) എന്ന പദം ഉപയോഗിച്ചിരിക്കുന്നതു നോക്കുക.

| മത്താ. | മർക്കോ. | ലൂക്കാ | യോഹ. | അപ്പ. | പൗലോ. | മറ്റുള്ളവ |
|---|---|---|---|---|---|---|
| 55 | 20 | 46 | 5 | 8 | 14 | 16 |



# 7

# ഉപമകളിൽ വിരിയുന്ന ദൈവരാജ്യം




ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ യേശു എല്ലാവരെയും പഠിപ്പിച്ചു. തന്നെ ശ്രവിക്കുന്ന എല്ലാവർക്കും മനസ്സിലാകുന്ന 'അരമായ' ഭാഷയിലും ശൈലിയിലുമാണ് യേശു സംസാരിച്ചത്.

ഗലിലേയഗ്രാമക്കാരനായിരുന്ന യേശു തന്റെ പ്രസംഗങ്ങളിലും പ്രബോധനങ്ങളിലും താരതമ്യങ്ങളും സാരോപദേശങ്ങളും ഉപമകളും ധാരാളമായി ഉപയോഗപ്പെടുത്തി.

'പരാബൊളെ' എന്ന ഗ്രീക്കുപദമാണ് ഗ്രീക്കിൽ ഉപമയ്ക്ക് ഉപയോഗിക്കുന്നത്. 'പരാ' എന്നും 'ബാല്ലെയിൻ' എന്നുമുള്ള രണ്ടു പദങ്ങളുടെ സംയുക്തരൂപമാണത്. അരികിൽ എറിയുക, സ്ഥാപിക്കുക എന്നാണതിനർത്ഥം. രണ്ടു കാര്യങ്ങൾ തമ്മിൽ ഇവിടെ താരതമ്യപ്പെടുത്തുകയാണു ചെയ്യുക.

## താരതമ്യം

ശ്രോതാക്കൾക്ക് നന്നായി അറിയാവുന്ന ഒരു കാര്യത്തിൽ നിന്ന്, അറിഞ്ഞുകൂടാത്ത മറ്റൊന്നു വിശദമാക്കിക്കൊടുക്കുന്നു. ഉദാഹരണം: പുളിമാവ്. പുളിമാവിന്റെ പ്രവർത്തനം അറിയാത്തവരായി ആരുമില്ലതന്നെ.

## ഉപമ

നാടകീയതയോടെ ഒരു കാര്യം വിവരിക്കുന്നു. വിവരണവിഷയം സങ്കല്പസൃഷ്ടിയാണ്. എന്നാൽ അവതാരണശൈലിയുടെ നാടകീയത കൊണ്ട് വൈകാരികത നിറഞ്ഞുനില്ക്കും. ഉപമയുടെ അന്തത്തിൽ ശ്രോതാവ് മനസ്സിൽ വിധിപ്രസ്താവനനടത്താൻ പ്രേരിപ്പിക്കപ്പെടുന്നു. ഉദാഹരണം: ധൂർത്തപുത്രൻ, നല്ല സമരിയാക്കാരൻ, ധനവാനും ലാസറും തുടങ്ങിയവ.

## സാരോപദേശകഥ :

ഇത്തരം കഥകളിൽ ഓരോ കഥാപാത്രത്തിനും ഓരോ ഘടകത്തിനും അർത്ഥമുണ്ടാകും. കഥ പറയുന്നയാൾ തന്നെ അർത്ഥവും വിവരിച്ചുകൊടുക്കേണ്ടി വരും. സാങ്കല്പിക കഥയിൽ




നിന്ന് യാഥാർത്ഥ്യത്തിലേക്കുള്ള വഴി കഥാകാരൻ തന്നെ വെളിപ്പെടുത്തണം. ഉദാഹരണം: വിളവെടുപ്പ്, കൊയ്ത്തുകാർ.

“ഉപമകളിലൂടെയല്ലാതെ അവൻ അവരോട് സംസാരിച്ചില്ല” (മത്താ. 13:34).

യേശുവിന്റെ പ്രബോധനത്തിന്റെ കേന്ദ്രബിന്ദു ദൈവരാജ്യമായിരുന്നു. സാധാരണക്കാരുടെ അനുദിനജീവിതവുമായി ബന്ധപ്പെട്ട വസ്തുക്കളിലൂടെയും സംഭവങ്ങളിലൂടെയും കഥകളിലൂടെയും ഉപമകളിലൂടെയും അവിടന്ന് ദൈവരാജ്യത്തിന്റെരഹസ്യം ഏറെ ലളിതമായും വ്യക്തമായും അവർക്കു പകർന്നുകൊടുത്തു.

ആകാശത്തിലെ പറവയും വയലിലെ ലില്ലിയും പുളിമാവും ഉപ്പും സന്ധ്യയാകുമ്പോൾ വാടുന്ന പുല്ലും മഹത്ത്വമുള്ള സോളമനും യേശുവിന്റെ ഉപമകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

ഉപമകളിൽ ലളിതമായ തുടക്കം, പടിപടിയായുള്ള വളർച്ച, സർവംസ്പർശിയായ പരിസമാപ്തി എന്നിങ്ങനെ ദൈവരാജ്യത്തിന്റെ വിവിധ വശങ്ങൾ അവയുടെകൂടെ അവിടന്നു വെളിപ്പെടുത്തുന്നതായി കാണാം.

ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ ഉപമകളിലൂടെ യേശു അവതരിപ്പിച്ചു.

## ഉപമകളുടെ ലക്ഷ്യം

ദൈവരാജ്യത്തെക്കുറിച്ചുള്ള അറിവ് പണ്ഡിതനും പാമരനും ഒന്നു പോലെ ലഭിക്കണമെന്ന് യേശുവിനു നിർബന്ധമുണ്ടായിരുന്നു. അതിനുപുറമേ, കേൾവിക്കാരുടെ ഹൃദയകാഠിന്യത്തിന്റെ ആധിക്യം തുറന്നുകാട്ടാനും അവരെ മാനസാന്തരത്തിലേക്കും ജീവിതപരിവർത്തനത്തിലേക്കും ദൈവരാജ്യാനുഭവത്തിലേക്കും നയിക്കാനും ഉദ്ദേശിച്ചുള്ളവയാണ് യേശുപറഞ്ഞ ഉപമകൾ. യേശുവിന്റെ ഒരോ ഉപമയും പുതിയ തീരുമാനത്തിലേക്കുള്ള ഒരു വെല്ലുവിളിയാണ്. ഓരോ ഉപമയിലും ഒരു പുതിയ വെളിപാട് (Revelation) നല്കപ്പെടുന്നു. വെളിപ്പെടുത്തുന്ന യാഥാർത്ഥ്യങ്ങൾ ജീവിതത്തിൽ വലിയ വിപ്ലവത്തിന് (Revolution) വഴി തെളിക്കുന്നു. ആ വിപ്ലവമാകട്ടെ, ഒരു പുതിയ തീരുമാനത്തിലേക്ക് (Resolution) നയിക്കുന്നു. അങ്ങനെ ശ്രോതാക്കളെല്ലാം മാനസാന്തരത്തിലേക്കും പുതിയ ജീവനിലേക്കും പ്രവേശിപ്പിക്കപ്പെടുന്നു. ഇതാണ് യേശു പറഞ്ഞ ഓരോ ഉപമയുടെയും




ലക്ഷ്യം. പുതിയ ആകാശവും പുതിയ ഭൂമിയുമാണ് ഉപമകളിലൂടെ യേശു വിഭാവനം ചെയ്യുന്നത്.

യേശുവിന്റെ പ്രബോധനങ്ങൾ ശ്രവിച്ച് ദൈവരാജ്യാനുഭവത്തിലേക്കു കടന്നുവന്നവർ നിരവധിയാണ്.

## ദൈവരാജ്യം ഉപമകളിലൂടെ

ഉപമകളിലൂടെ ദൈവരാജ്യത്തിന്റെ വിവിധമാനങ്ങൾ യേശു വെളിപ്പെടുത്തി. യേശുവിന്റെ ദൈവരാജ്യപ്രബോധനങ്ങളിൽ വലിയൊരു പങ്കും ഉപമകളാണ്. ദൈവരാജ്യം എങ്ങനെ വളർന്നു വികാസംപ്രാപിക്കുന്നുവെന്ന് കടുകുമണിയുടെയും വിത്തിന്റെയും പുളിമാവിന്റെയും ഉപമകളിലൂടെ യേശു വ്യക്തമാക്കുന്നു. ഒരു വിത്ത് വളർന്നു വികസിച്ച് ശാഖകളും ഉപശാഖകളുമുള്ള വൻമരമായി മാറുന്നതുപോലെയാണ് ദൈവരാജ്യം വളർന്നു വികസിക്കുന്നത് (മത്താ.13:31-33; മർക്കോ. 4:26).

എല്ലാ ഉപമകളും ദൈവരാജ്യത്തോടു ബന്ധപ്പെടുത്തിയാണു മനസ്സിലാക്കേണ്ടത്. പിതാവിന്റെ ഭരണത്തിൽ സ്നേഹത്തോടും കൂട്ടായ്മയോടും സാഹോദര്യത്തോടും സഹകരണത്തോടും കൂടെ ജീവിക്കുമ്പോൾ ദൈവരാജ്യത്തിന്റെ യാഥാർത്ഥ്യവൽകരണം സംഭവിക്കുന്നു.

ചെറുതും നിസ്സാരവുമായ തുടക്കത്തിൽനിന്ന് വലിയ ഒരു സമൂഹത്തിന്റെ രൂപത്തിലേക്കു വളർന്ന് സമാധാനവും സന്തോഷവും ഈ ലോകത്തിൽ അനുഭവവേദ്യമാകുകയും ഇതിന്റെ പൂർണത ഭാവിയിൽ ലഭ്യമാകുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുകയാണ് ദൈവരാജ്യത്തിന്റെ പ്രത്യേകത.

മനുഷ്യഹൃദയങ്ങളിൽ എങ്ങനെ ദൈവരാജ്യം വളരുന്നുവെന്ന് വിതക്കാരന്റെ ഉപമ വ്യക്തമാക്കുന്നു (മത്താ. 13:3-9). വിതക്കാരനായ ദൈവം എല്ലാവരിലും സമഭാവനയോടെ വചനം വിതയ്ക്കുന്നു. എന്നാൽ നല്ല ഹൃദയങ്ങളിൽ മാത്രമാണ് വചനം വളർന്ന് ദൈവരാജ്യത്തിന്റെ ഫലം പുറപ്പെടുവിക്കുന്നത്.




ദൈവരാജ്യത്തിൽ ഏതുതരം മനോഭാവമുള്ളവരാണ് പ്രവേശിക്കുന്നതെന്നും ഉപമകകൾ വിശദീകരിക്കുന്നു. മാനസാന്തരപ്പെട്ട് ശിശുസഹജമായ നിഷ്കളങ്കതയോടെ, ആശ്രയബോധത്തോടെ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ യേശു ആവശ്യപ്പെടുന്നു. ദൈവരാജ്യത്തിൽ എന്തു ത്യാഗംസഹിക്കാനും നാം തയ്യാറാകണം. വയലിൽ ഒളിഞ്ഞിരിക്കുന്ന നിധി സ്വന്തമാക്കാനും നല്ല രത്നം കരസ്ഥമാക്കാനും തനിക്കുള്ളതെല്ലാം വിറ്റ വ്യാപാരിയുടെ മനസ്സായിരിക്കണം നമുക്കുണ്ടാകേണ്ടത്.

ദൈവത്തോടൊപ്പം സ്വപ്നം കണ്ടുകൊണ്ട്, മനുഷ്യരോടൊപ്പം കൈകൾ കോർത്തുപിടിച്ച് യുഗാന്തം ലക്ഷ്യമാക്കി കൂട്ടായ്മയോടെ യാത്ര ചെയ്യുമ്പോൾ നാമും യേശുസന്ദേശം ഉൾക്കൊള്ളുന്ന ഉപമകളായി മാറുന്നു.

ഉപമകളുടെ കേന്ദ്രആശയം അടിസ്ഥാനമാക്കി ഉപമകൾ ഏഴു ഗണങ്ങളായി തിരിക്കാം. താഴെ കൊടുത്തിരിക്കുന്ന ഉപമകളുടെ അധ്യായവും വാക്യവും കണ്ടെത്തുക.

| ഗണം | ഉപമ | വാക്യം |
|---|---|---|
| 1. ദൈവരാജ്യത്തിന്റെ ആരംഭം | വിതക്കാരന്റെ ഉപമ | |
| 2. ദൈവരാജ്യത്തിന്റെ വളർച്ച | a. വിത്തിന്റെ ഉപമ<br>b. കടുകുമണി<br>c. പുളിമാവ് | |
| 3. ദൈവരാജ്യത്തിന്റെ കൃപ, കാരുണ്യം | a. മുന്തിരത്തോട്ടത്തിലെ ജോലിക്കാർ<br>b. ധൂർത്തപുത്രൻ<br>c. ചുങ്കക്കാരനും ഫരിസേയനും<br>d. കടക്കാരായ രണ്ടുപേർ | |




| ഗണം | ഉപമ | വാക്യം |
|---|---|---|
| 4. ദൈവരാജ്യത്തിന്റെ വൈരുദ്ധ്യം | a. അവിശ്വസ്തനായ കാര്യസ്ഥൻ<br>b. ധനവാനും ലാസറും | |
| 5. ദൈവരാജ്യത്തിലെ പകരക്കാർ | a. വിവാഹവിരുന്ന്<br>b. താലന്ത്<br>c. മുന്തിരിത്തോട്ടത്തിലെ കൃഷിക്കാർ | |
| 6. ദൈവരാജ്യത്തിലെ അംഗങ്ങൾ | a. നീതിയുടെയും രത്നത്തിന്റെയും ഉപമ<br>b. ഭവനം പണിയുന്നവർ<br>c. നിർദ്ദയനായ ഭൃത്യൻ<br>d. ഗോപുരം പണിയുന്നവനും യുദ്ധത്തിനു പോകുന്ന രാജാവും<br>e. ന്യായാധിപനും വിധവയും<br>f. നല്ല സമരിയാക്കാരൻ<br>g. ഭോഷനായ ധനികൻ<br>h. ഫലം തരാത്ത അത്തിവൃക്ഷം | |
| 7. ദൈവരാജ്യത്തിന്റെ പൂർണത | a. കളകളുടെ ഉപമ<br>b. കടലിൽ എറിയപ്പെട്ട വല | |

“ഞാൻ എന്റെ സർവസ സമ്പത്തും ദാനം ചെയ്താലും എന്റെ ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്താലും സ്നേഹ മില്ലെങ്കിൽ എനിക്ക് ഒരു പ്രയോജനവുമില്ല” (1 കൊറി. 13/3).

## ഉപമകളുടെ വ്യാഖ്യാനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഉപമകളിലെ പ്രധാനഘടകം ഏതെന്നു കണ്ടുപിടിക്കുക. അതിനെ എങ്ങനെ താരതമ്യ പ്പെടുത്തിയിരിക്കുന്നെന്നു മനസ്സിലാക്കുക (എല്ലാ വിശദാംശങ്ങളും താരതമ്യപ്പെടുത്ത ണമെന്നില്ല).

2. ഉപമയിൽ പറയപ്പെട്ടിരിക്കുന്ന ജീവിതപശ്ചാത്തലം മനസ്സിലാക്കുക. യേശുവിന്റെ കേൾവിക്കാർ എന്ത് അർത്ഥത്തിലാണതു മനസ്സിലാക്കിയത് എന്നു പറയുക.

യേശു പറഞ്ഞ ഉപമകളെല്ലാം നമുക്കുള്ള വലിയ പാഠങ്ങളാണ്. ഉപമകൾ നാം നന്നായി വായിക്കുകയും മനസ്സിലാക്കുകയും അതിൽനിന്ന് പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുകയും വേണം. നമ്മുടെ സുഹൃത്തുക്കൾക്കും ഇളയസഹോദരങ്ങൾക്കുമൊക്കെ പറഞ്ഞുകൊടുക്കാവുന്ന സുന്ദരമായ കഥകൾ കൂടിയാണവ. ഉപമകകൾവഴി യേശു പഠിപ്പിച്ച തിരുവചനങ്ങൾ നാം മന:പാഠമാക്കുകയും ജീവിതനിയമങ്ങളായി അവ സ്വീകരിക്കുകയും വേണം.

## ഗാനം



ആകാശത്തിൽ പാറും പറവയും
വയലിൽ വിരിയും ലില്ലിയും
സന്ധ്യയ്ക്കുവാടും പൂവും പുല്ലും
വന്മരമാകും കടുകിൻചെടിയും
വിത്തുവിതയ്ക്കും കർഷകനും, നാം
കണ്ടിടുമേശുവിനുപമകളിൽ

കാര്യം പറയുവാനേശുമഹേശൻ
ഉപമകകൾ മാധ്യമമാക്കുന്നു
ദൈവരാജ്യം വെളിവാക്കുകയാണീ-
യുപമകൾ തന്നുടെ ലക്ഷ്യം
കേൾവിക്കാരുടെ മാനസമുണരാൻ
ഉപമകൾ നല്ലൊരു മാദ്ധ്യമമാം!




## ചർച്ച ചെയ്യുക

ധനവാനും ലാസറും (ലൂക്കാ 16:19-31) എന്ന ഉപമയിൽ നിന്നു ലഭിക്കുന്ന സന്ദേശം.

## ഉത്തരം കണ്ടെത്തുക

1. ബൈബിളിൽ യേശു പറയുന്ന ഉപമകൾ കണ്ടെത്തുക.
2. വിതക്കാരന്റെ ഉപമയുടെ അർത്ഥമെന്ത്?
3. എന്താണ് ഉപമ?
4. ഉപമകളുടെ ലക്ഷ്യമെന്ത്?
3. ഉപമ വ്യാഖ്യാനിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്തെല്ലാം?

## മന:പാഠമാക്കാം

നല്ല ഹൃദയങ്ങളിൽ മാത്രമാണ് വചനംവളർന്ന് ദൈവരാജ്യത്തിന്റെ ഫലം പുറപ്പെടുവിക്കുന്നത്.

## ദൈവവചനം ഓർമ്മിക്കാം

"ഉള്ളവനു നല്കപ്പെടും, അവനു സമൃദ്ധിയുണ്ടാകുകയും ചെയ്യും. ഇല്ലാത്തവനിൽ നിന്ന് ഉള്ളതുപോലും എടുക്കപ്പെടും" (മത്താ. 13-12).

## നമുക്കു പ്രാർത്ഥിക്കാം

പിതാവായ ദൈവമേ, നല്ല നിലത്തു വീണ് നൂറുമേനി ഫലംപുറപ്പെടുവിച്ച വിത്തുപോലെ ഞങ്ങൾ കുടുംബത്തിനും സമൂഹത്തിനും സഭയ്ക്കും നൻമ ചെയ്യുന്നവരായി വളർന്നുവരാൻ കൃപ ചൊരിയണമേ.

## അവതരിപ്പിക്കാൻ

വിതക്കാരന്റെ ഉപമ ക്ലാസ്സിൽ അവതരിപ്പിക്കുക.

# 8

# അദ്ഭുതങ്ങളിൽ വിരിയുന്ന ദൈവരാജ്യം






അ[redacted]

**മനുഷ്യന്റെ സ്വാഭാവികബുദ്ധിക്കും കഴിവിനും അതീതമായ പ്രതിഭാസങ്ങളോ പ്രവർത്തനങ്ങളോ സംഭവങ്ങളോ ആണ് അദ്ഭുതങ്ങൾ.**

[redacted]

**യേശു പ്രവർത്തിച്ച അദ്ഭുതങ്ങൾ ദൈവത്തിന്റെ പ്രത്യേക ഇടപെടലുകളും ദൈവരാജ്യത്തിന്റെ അടയാളങ്ങളുമാണ്.**

[redacted]




## അദ്ഭുതങ്ങൾ : ദൈവരാജ്യത്തിന്റെ അടയാളങ്ങൾ

യഹൂദജനത പ്രതീക്ഷിച്ചിരുന്ന വിമോചനയുഗം (മെസ്സയാനിക് യുഗം, ഏശ. 35:5-6; 42:18; 61:1) യേശുവിന്റെ അദ്ഭുതങ്ങളിലൂടെ പ്രകാശിതമായി. അന്ധന്മാർ കാണുകയും മുടന്തൻമാർ നടക്കുകയും കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുകയും ബധിരർ കേൾക്കുകയും മരിച്ചവർ ഉയിർപ്പിക്കപ്പെടുകയും ദരിദ്രരോട് സദ്വാർത്ത പ്രഘോഷിക്കപ്പെടുകയും ചെയ്യുന്നതാണ് യേശുവിന്റെ അദ്ഭുതലോകം (മത്താ. 11:5).

ഈ അദ്ഭുതങ്ങളെല്ലാം ദൈവരാജ്യത്തിന്റെ അടയാളങ്ങളാണ്. തന്റെ ആധികാരികമായ വചനത്താലാണ് യേശു അദ്ഭുതങ്ങൾ പ്രവർത്തിച്ചത്. യേശു അദ്ഭുതം പ്രവർത്തിച്ചപ്പോഴെല്ലാം അതു സ്വീകരിച്ച ആളുടെ വിശ്വാസം അവിടുന്ന് ആവശ്യപ്പെട്ടിരുന്നു. അദ്ഭുതം പ്രവർത്തിക്കുമ്പോൾ ആ പ്രവൃത്തികളെക്കാൾ അതു സ്വീകരിക്കേണ്ട വ്യക്തിക്കുണ്ടായിരിക്കേണ്ട ദൈവവിശ്വാസത്തിനാണ് യേശു ഊന്നൽ നല്കിയത്. സ്വീകരിച്ചയാൾ ദൈവത്തിലുള്ള വിശ്വാസം പ്രഖ്യാപിച്ചതുകൊണ്ടാണ് അദ്ഭുതങ്ങൾ നടന്നത്.

വിശ്വാസമില്ലാത്തവരുടെ ഇടയിൽ യേശുവിന് അദ്ഭുതം പ്രവർത്തിക്കാൻ സാധിച്ചില്ല. ഒരാൾക്കുവേണ്ടി മറ്റൊരാളോ സമൂഹമോ വിശ്വാസം പ്രഖ്യാപിച്ചപ്പോഴും യേശു അദ്ഭുതം പ്രവർത്തിച്ചിട്ടുണ്ട് (മത്താ. 8:1-10).

എന്നാൽ യേശു തനിക്കുവേണ്ടിയോ തന്നെത്തന്നെ രക്ഷിക്കാൻവേണ്ടിയോ ഒരദ്ഭുതംപോലും പ്രവർത്തിച്ചിട്ടില്ല (ഉദാ: മരുഭൂമിയിലെ പരീക്ഷാസമയം; കുരിശുമരണസമയം തുടങ്ങിയവ).

**ജനത്തെ വിശ്വാസത്തിലേക്കും ദൈവരാജ്യപ്രഘോഷണത്തിലേക്കും നയിക്കുക എന്നതാണ് യേശുവിന്റെ അദ്ഭുതങ്ങളുടെ ലക്ഷ്യം.**

## ബൈബിളിലെ അദ്ഭുതങ്ങൾ

ദൈവാത്മാവാൽ അഭിഷിക്തനായ യേശു പാപികളോടും സമൂഹം പുറന്തള്ളിയവരോടുമുള്ള സഹവാസവും സമീപനവും നസ്രത്തിലെ സിനഗോഗിൽ വച്ച് പ്രഖ്യാപിക്കുകയും (ലൂക്കാ 4:18-21) അദ്ഭുതങ്ങളിലൂടെ അതു സ്ഥിരീകരിക്കുകയും ചെയ്തു.




യേശുവിന്റെ അദ്ഭുതങ്ങൾ ദൈവരാജ്യസ്ഥാപനത്തിന്റെ അടയാളങ്ങളാണ്. ജനങ്ങളെ ദൈവവിശ്വാസത്തിലേക്കു നയിക്കുകയും അവർക്ക് സൗഖ്യം നല്കുകയും താൻ ദൈവപുത്രനാണെന്നു വെളിപ്പെടുത്തുകയുമായിരുന്നു യേശുവിന്റെ അദ്ഭുതങ്ങളുടെ ലക്ഷ്യം. സ്വന്തം പ്രശസ്തിക്കുവേണ്ടി അവിടന്ന് ഒരദ്ഭുതവും പ്രവർത്തിച്ചില്ല. സ്നേഹവും അനുകമ്പയുമാണ് അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ യേശുവിനെ പ്രേരിപ്പിച്ചത്. താൻ വാഗ്ദാനംചെയ്യുന്ന രക്ഷ എല്ലാവർക്കും വേണ്ടിയുള്ളതാണെന്ന് തന്റെ പ്രവർത്തനങ്ങളിലൂടെ അവിടന്നു തെളിയിച്ചു. സ്ത്രീയെന്നോ പുരുഷനെന്നോ ദരിദ്രനെന്നോ ധനികനെന്നോ അധികാരമുള്ളവനെന്നോ സേവകനെന്നോ ഭേദമില്ലാതെ എല്ലാവർക്കും അവിടന്ന് ആശ്വാസം നല്കി. വിശ്വാസവും പ്രാർത്ഥനയുമുണ്ടെങ്കിൽ തന്റെ നാമത്തിൽ അദ്ഭുതങ്ങൾ പ്രവർത്തിക്കാനും രോഗശാന്തി നല്കാനും നമുക്കു കഴിയുമെന്ന് യേശു പഠിപ്പിക്കുന്നു.

യേശുവിന്റെ അദ്ഭുതങ്ങൾ അവയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ നാലായി തിരിച്ചിരിക്കുന്നു.

1. പ്രകൃതിയിലുള്ള അദ്ഭുതങ്ങൾ (Nature Miracles). ഉദാ. യേശു കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു (മത്താ. 8:23-37), അയ്യായിരം പേർക്കു ഭക്ഷണം നല്കുന്നു (മത്താ. 14:13-21), വെള്ളത്തിനു മീതേ നടക്കുന്നു (മത്താ. 14: 22-33) തുടങ്ങിയവ.

2. രോഗശാന്തി (Healing Miracles). ഉദാ. കുഷ്ഠരോഗി (മത്താ 8:1-4), ശതാധിപന്റെ ഭൃത്യൻ (മത്താ. 8 :5-13), പത്രോസിന്റെ അമ്മായിയമ്മ (മത്താ. 8:14-17) തുടങ്ങിയവ.

3. പിശാചിനെ ബഹിഷ്കരിക്കൽ (Exorusim). ഉദാ: മത്താ. 8:28-34; 17:14-21 തുടങ്ങിയവ

4. മരിച്ചവരെ ഉയിർപ്പിക്കൽ (Miracles of bringing back to life). ഉദാഹരണം: ജായ്റോസിന്റെ മകൾ (മത്താ 9:18-26), നായിമിലെ വിധവയുടെ മകൻ (ലൂക്കാ 7:11-17), ബഥനിയിലെ ലാസർ (യോഹ. 11:38-44)).

യേശുവിന്റെ അദ്ഭുതങ്ങളെ പ്രകൃത്യതീതഅദ്ഭുതങ്ങളെന്നും (9 എണ്ണം) സൗഖ്യദായക അദ്ഭുതങ്ങളെന്നും (27 എണ്ണം) ആയി വിഭജിച്ചു കാണാറുണ്ട്.

പ്രകൃത്യതീതഅദ്ഭുതങ്ങളിൽ കടലിൽ വച്ചു നടന്ന അഞ്ച് അദ്ഭുതങ്ങളിലൂടെയും കരയിൽ വച്ചുനടന്ന നാല് അദ്ഭുതങ്ങളിലൂടെയും പ്രകൃതിയുടെ ക്രൂരതയിൽ നിന്നും വിശപ്പിൽ നിന്നും മോചനം പ്രാപിക്കുന്ന ദൈവരാജ്യാനുഭവം യേശു വെളിപ്പെടുത്തുന്നു.




- സൗഖ്യദായകഅദ്ഭുതങ്ങളിലേക്കു കടക്കുമ്പോൾ മരിച്ചവരെ ഉയിർപ്പിക്കുന്ന മൂന്ന് അദ്ഭുതങ്ങളിലൂടെ (ലൂക്കാ 7:11-17, മത്താ. 9:18-26, യോഹ. 11:1-44) മരണത്തിന്റെ മേലുള്ള ദൈവരാജ്യവിജയം യേശു പ്രഘോഷിക്കുന്നു.
- സൗഖ്യദായകഅദ്ഭുതങ്ങളിൽ രോഗശാന്തി നല്കുന്ന എട്ട് അദ്ഭുതങ്ങളിലൂടെ മനുഷ്യന്റെ രോഗവും വേദനയും ഇല്ലാതാകുന്ന ദൈവരാജ്യാനുഭവം പകർന്നുതരുന്നു.
- പിശാചുബാധകൾ ഒഴിപ്പിക്കുന്ന ആറ് അദ്ഭുതങ്ങളിലൂടെ സാത്താന്റെ ഭരണത്തിന്റെ അന്ത്യവും ദൈവരാജ്യത്തിന്റെ തുടക്കവും കുറിക്കുന്നു.

**ജനത്തെ വിശ്വാസത്തിലേക്കു നയിക്കുക എന്നതായിരുന്നു യേശുവിന്റെ അദ്ഭുതങ്ങളുടെ ലക്ഷ്യം**

അംഗവൈകല്യംസംഭവിച്ചവരെ സുഖപ്പെടുത്തിയതിലൂടെ ദൈവരാജ്യസന്തോഷത്തിലേക്ക് അവരെ നയിക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള യേശുവിന്റെ വിജയം പൂർണമാകുന്നത് അവിടത്തെ ഉത്ഥാനത്തിലൂടെയാണ്. യേശു പ്രവർത്തിച്ച അദ്ഭുതങ്ങളുടെയെല്ലാം പൂർണതയാണ് യേശുവിന്റെ ഉത്ഥാനം. എന്നാൽ, മറ്റ് അദ്ഭുതങ്ങളോടു തുലനം ചെയ്യാൻ സാധിക്കാത്തതുകൊണ്ട്, യേശുവിന്റെ ഉത്ഥാനത്തെ അദ്ഭുതങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താറുമില്ല.

- പുറപ്പാട് സംഭവവും പെസഹാആചരണവും ഇസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ അദ്ഭുതങ്ങളാണ്.
- അദ്ഭുതങ്ങൾ പരിശുദ്ധാത്മാവിന്റെ അടയാളങ്ങളാണ് - വിശുദ്ധ പൗലോസ്
- അദ്ഭുതങ്ങൾ രക്ഷയുടെ അടയാളങ്ങളാണ് (ഹെബ്രാ. 2:4).
- അദ്ഭുതങ്ങൾ വിശ്വാസത്തിലേക്ക് ആനയിക്കുന്ന സൂചകങ്ങളാണ്.
- അദ്ഭുതങ്ങൾ ദൈവവചനത്തിന്റെ സ്ഥിരീകരണമാണ്.
- യേശുവിൽ വിശ്വാസമുള്ളിടത്തുമാത്രമേ അദ്ഭുതങ്ങൾനടക്കുകയുള്ളൂ (മർക്കോ. 2:5; 5:34; 7:29; 9:23, മത്താ. 8:10; 9:23, യോഹ. 4:50; 11:40).

യേശുപ്രവർത്തിച്ച അദ്ഭുതങ്ങളെല്ലാം മിശിഹായുടെ അടയാളങ്ങളാണ്. അദ്ഭുതങ്ങളിലെല്ലാം യേശുവിന്റെ ദൈവികത മാത്രമല്ല വെളിപ്പെടുന്നത്, അവിടത്തെ സ്നേഹവും




[redacted]



## ഗാനം

അമാനുഷികമായിടും സംഭവങ്ങളും
പ്രകൃത്യതീതമായിടും പ്രതിഭാസവും
അദ്ഭുതങ്ങളാണു, നാമറിയണം
യേശുതമ്പുരാൻ ചെയ്തു കരുണയാൽ

താന്തരായവർക്കു ശാന്തി നല്കിയും
അന്ധരായവർക്കു കാഴ്ച നല്കിയും
മൃതിയടഞ്ഞവർക്കു ജീവനേകിയും
യേശു ചെയ്യുമദ്ഭുതങ്ങൾ,അടയാളമായ്

വിശ്വാസമാർന്ന മർത്ത്യനെപ്പൊഴും
അദ്ഭുതങ്ങൾ ദൃശ്യമായ് വന്നിടും
പ്രാർത്ഥനയ്ക്കു ശേഷമാണേശുവിൻ
അദ്ഭുതങ്ങളെന്ന സത്യമോർക്കുവിൻ!

## ചർച്ച ചെയ്യുക

[redacted]




## ഉത്തരം കണ്ടെത്തുക

1. യേശു തന്റെ പരസ്യജീവിതകാലത്ത് ആദ്യമായി ചെയ്യുന്ന അദ്ഭുതമേത്?

2. അദ്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്നതിനുമുമ്പ് യേശു ചെയ്തിരുന്നതെന്ത്?

3. എങ്ങനെയുള്ളവരാണ് ദൈവരാജ്യത്തിൽ പ്രവേശിക്കുക?

4. എന്താണ് ദൈവരാജ്യം?

5. യേശുവിന്റെ അദ്ഭുതത്തിനു വിധേയരാകുന്ന വ്യക്തികൾക്ക് ഉണ്ടായിരിക്കേണ്ട സ്വഭാവ വിശേഷമെന്ത്?

## മനഃപാഠമാക്കാം

പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള യേശുവിന്റെ വിജയം പൂർണമാകുന്നത് അവിടത്തെ ഉത്ഥാനത്തിലൂടെയാണ്.

## ദൈവവചനം ഓർമ്മിക്കാം

"അന്ധൻമാർ കാഴ്ചപ്രാപിക്കുന്നു, മുടന്തന്മാർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു, ബധിരർ കേൾക്കുന്നു, മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു, ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു" (മത്താ. 11:5).

## നമുക്കു പ്രാർത്ഥിക്കാം

വിശ്വപ്രകാശമായ ദൈവമേ, ജീവിക്കുന്ന യേശുവിന്റെ അദ്ഭുതങ്ങളും അടയാളങ്ങളും ഇന്നും സ്വീകരിക്കാൻ തക്ക വിശ്വാസം ഞങ്ങൾക്കു നല്കണമേ.

## പ്രവർത്തിക്കുക

യേശു കടലിൽ വച്ചു പ്രവർത്തിക്കുന്ന അദ്ഭുതങ്ങൾ ഏതെന്ന് വിശുദ്ധഗ്രന്ഥത്തിൽ നിന്നു കണ്ടെത്തുക.



# 9

# യേശു സമഗ്രവിമോചകൻ



"നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യ. 19/2).

ചരിത്രത്തിലുടനീളം, മനുഷ്യവിമോചനത്തിനായി പ്രവർത്തിച്ച അനേകം വ്യക്തികളെ കാണാം. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ച ഗാന്ധിജി, വർണവിവേചനത്തിനെതിരായി പ്രവർത്തിച്ച മാർട്ടിൻ ലൂഥർ കിംഗ്, അടിമകളുടെ വിമോചനത്തിനായി പ്രവർത്തിച്ച ഏബ്രഹാംലിങ്കൺ, വചനാധിഷ്ഠിതനീതിക്കുവേണ്ടി പടപൊരുതിയ സാൽവഡോറിലെ ആർച്ചുബിഷപ്പ് റൊമേരോ, മൊളോക്കോ ദ്വീപിലെ കുഷ്ഠരോഗികൾക്കായി ജീവിതം സമർപ്പിച്ച ഫാ. ഡാമിയൻ, സമൂഹത്തിലെ അവഗണിക്കപ്പെട്ടവർക്കായി പ്രവർത്തിച്ച മദർ തെരേസ, അസംഘടിത, അധഃകൃത വർഗത്തിന്റെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിച്ച സി. റാണി മരിയ തുടങ്ങിയവരെല്ലാം നമുക്കു സുപരിചിതരാണ്.

**മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കുകയും അവർക്കു വേണ്ടി ജീവിക്കുകയും ചെയ്യുമ്പോഴാണ് നാം ക്രിസ്തുശിഷ്യരാകുന്നത്.**

ഈ മഹാത്മാക്കൾക്കൊക്കെ മനുഷ്യരുടെ മോചനത്തിനായി പ്രവർത്തിക്കാനുള്ള പ്രേരണ ലഭിച്ചത് യേശുവിന്റെ ജീവിതത്തിൽ നിന്നാണ്. മനുഷ്യകുലത്തിന്റെ സമഗ്ര വിമോചകൻ യേശുവാണല്ലോ.

## വിമോചനം പഴയ ഉടമ്പടിയിൽ

ദൈവത്തിന്റെ സ്നേഹവും ജീവനും അറിവും (ഉത്പ. 1: 26) നല്കി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തോടുകൂടെ ആയിരിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. എന്നാൽ ദൈവം നല്കിയ സ്വാതന്ത്ര്യം ദുരുപയോഗിച്ച (ഉത്പ. 3:7) മനുഷ്യൻ പാപത്തിന്റെ അടിമയായി. പാപം ചെയ്ത് ദൈവത്തിൽ നിന്നകന്നു.

ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ടപ്പോൾ മനുഷ്യൻ ദൈവത്തിൽ നിന്നും തമ്മിൽ തമ്മിലും അകന്നു (ഉത്പ.3:12, 4:8-10). ദൈവത്തിൽ നിന്നകന്ന മനുഷ്യനെ അബ്രാഹത്തിലൂടെ ദൈവം തിരികെ വിളിച്ചു (ഉത്പ. 12:1-4).

ബൈബിളിലെ ഉത്പത്തി പുസ്തകത്തിലാണ് പൂർവപിതാക്കന്മാരുടെ കാലത്തെപ്പറ്റി പരാമർശിക്കുന്നത്. ബി.സി 2000-നും 1700-നും മദ്ധ്യേ മെസപ്പൊട്ടോമിയായിലെ ഊർ എന്ന ദേശത്തു വസിച്ചിരുന്ന അബ്രാഹം ദൈവത്തിന്റെ കല്പനപ്രകാരം




പലസ്തീനായിൽ കുടിയേറിപ്പാർത്തു. പലസ്തീനായിൽ ക്ഷാമമുണ്ടായപ്പോൾ അബ്രാഹത്തിന്റെ പൗത്രനായ യാക്കോബും പുത്രന്മാരും സമീപരാജ്യമായ ഈജിപ്തിൽ അഭയം തേടി. ക്രമേണ കുടുംബം മുഴുവനും അവിടെ താമസമാക്കി. അവിടെ അവർ ഒരു ഗണ്യ ശക്തിയായി വളർന്നു. ഇസ്രായേല്യരുടെ വളർച്ചയിൽ ആശങ്കാകുലരായ ഈജിപ്തുകാർ അവരെ കഠിനമായി കഷ്ടപ്പെടുത്തി അടിമകളാക്കി.

പിന്നീട് സമത്വസുന്ദരമായ സ്വാതന്ത്ര്യവും കൂട്ടായ്മയും നിറഞ്ഞ സമൂഹം രൂപപ്പെടുത്താനുള്ള ഒരു യാത്ര തുടങ്ങാൻ ദൈവം മോശയിലൂടെ ആഹ്വാനം ചെയ്തു (പുറപ്പാട്). ഈജിപ്തിൽ അടിമകളായി കഴിഞ്ഞ ജനത്തിന്റെ ക്ലേശങ്ങൾ കാണുകയും രോദനം കേൾക്കുകയും യാതനകൾ അറിയുകയും ചെയ്ത ദൈവം അവരുടെ മോചനത്തിനായി ഇറങ്ങിവന്നു (പുറ. 3:7-8). മരുഭൂമിയിലൂടെയുള്ള ക്ലേശപൂർണമായ യാത്രയിൽ മോചകനായ ദൈവം മന്നയായും വെള്ളമായും തണലായും വെളിച്ചമായും വഴിതെളിച്ച് അവരോടുകൂടെ ഉണ്ടായിരുന്നു. ഏകദേശം ഇരുന്നൂറു വർഷങ്ങൾ ദൈവത്തിന്റെ സമഗ്രവിമോചനം പ്രതീക്ഷിച്ചുകൊണ്ട് ഇസ്രായേൽക്കാർ കാനാൻ ദേശത്തു ജീവിച്ചു.

സമൂഹം തള്ളിക്കളഞ്ഞവരോട് യേശു രക്ഷയുടെ സുവിശേഷം പ്രസംഗിച്ചു, വിശന്നവർക്ക് ആഹാരം നല്കി, അന്ധർക്കു കാഴ്ച നല്കി, ചെകിടർക്കു കേൾവിശക്തി നല്കി, മൂകർക്ക് സംസാരശേഷി നല്കി, തളർവാതരോഗികളെയും കുഷ്ഠരോഗികളെയും സുഖപ്പെടുത്തി, മരിച്ചവരെ ഉയിർപ്പിച്ചു, പിശാചുബാധിതരെ മോചിപ്പിച്ചു, പാപികളെ പാപത്തിന്റെ ബന്ധനത്തിൽനിന്നു മോചിപ്പിച്ചു. ഉന്നതജാതിക്കാർ ഉപേക്ഷിച്ച ചുങ്കക്കാരോടും പാപികളോടുമൊത്തു ഭക്ഷിക്കുകയും അവരെ മാനസാന്തരത്തിലേക്കു നയിക്കുകയും ചെയ്തു. അവസാനം രക്തംചിന്തി, കുരിശിൽമരിച്ച് മനുഷ്യനെ പാപത്തിന്റെ ബന്ധനത്തിൽനിന്നു മോചിപ്പിച്ചു. അങ്ങനെയാണ് യേശു തന്റെ വിമോചനദൗത്യം നിർവഹിച്ചത്. പാപത്തിന്റെ ബന്ധനത്തിൽനിന്നു സ്വയം മോചനം നേടുകയും സഹജീവികളുടെ ജീവിതക്ലേശങ്ങളിൽ അവരെ സഹായിക്കുകയുംവഴി യേശുവിന്റെ വിമോചനദൗത്യത്തിൽ നമുക്കും പങ്കുകാരാകാം. വിദ്യാഭ്യാസമില്ലാത്തവർ, കിടപ്പാടമില്ലാത്തവർ, പട്ടിണി അനുഭവിക്കുന്നവർ, അനാഥത്വം അനുഭവിക്കുന്നവർ, ചെയ്യാത്ത കുറ്റത്തിനു ശിക്ഷ അനുഭവിക്കുന്നവർ, സമാധാനമില്ലാത്തവർ തുടങ്ങിയവരെല്ലാം നമ്മുടെ സഹായവും കരുണയും ആവശ്യമുള്ളവരാണ്. അവരെ അവഗണിക്കുന്നവർക്ക് ക്രിസ്ത്യാനികളാകാൻ സാധിക്കുകയില്ല.




ഈജിപ്തിൽ നിന്നു പുറപ്പെട്ട ഇസ്രായേൽജനം ചെങ്കടൽ കടന്ന് സീനായ് മലയുടെ സമീപത്ത് ഒത്തുചേർന്നു. രണ്ടു നിർണായകസംഭവങ്ങൾക്ക് ഈ ഒത്തുചേരൽ സാക്ഷ്യംവഹിച്ചു. ഇസ്രായേൽക്കാർ നിയമം ലംഘിക്കുകയും അവർ പിന്നീട് യാഹ്‌വേയുമായി ഉടമ്പടി ബന്ധത്തിൽ ഏർപ്പെടുകയും ചെയ്തു. ഉടമ്പടിയിലൂടെ ഇസ്രായേല്യർ ദൈവത്തിന്റെ സ്വന്തംജനമായിത്തീർന്നു. ദൈവത്തോടുള്ള വിശ്വസ്തത പാലിക്കുക, നിയമം അനുസരിക്കുക എന്നിവ ഇസ്രായേല്യരുടെ കടമയായിത്തീർന്നു. ഉടമ്പടിയിലൂടെ അംഗീകരിച്ചുറപ്പിക്കപ്പെട്ട ഏകദൈവവിശ്വാസം ജനതയുടെ ഐക്യത്തെ ഏറെ സഹായിച്ചു.

കാലാന്തരത്തിൽ ജനത്തെ സമഗ്രവിമോചനത്തിലേക്കു നയിക്കേണ്ട രാജാക്കന്മാർ കൊന്നും കൊലവിളിച്ചും സ്വാർത്ഥരായപ്പോൾ ജനങ്ങൾ ചൂഷണത്തിനും അടിമത്തത്തിനും വിധേയരായി. ദൈവത്തെ മറന്ന് വിഗ്രഹാരാധനയിൽ മുഴുകിയും സനാതനസത്യധർമ്മങ്ങൾ വെടിഞ്ഞും ജനം അധഃപതിച്ചു. ജനത്തിന്റെ ദാരുണമായ അവസ്ഥ മനസ്സിലാക്കിയ ദൈവം തന്റെ പ്രവാചകരിലൂടെ ജനത്തിന്റെ മോചനത്തിനായി ആഹ്വാനം ചെയ്തു. കാലത്തിന്റെ പൂർണതയിൽ സർവജനങ്ങളുടെയും സമഗ്രവിമോചനത്തിനായി ദൈവം തന്റെ ഏകപുത്രനെ ഭൂമിയിലേക്കയച്ചു.

**ദൈവത്തിന്റെ സ്നേഹം എന്നും നിലനില്ക്കുന്നതാണ്.**
**അവിടത്തെ വഴികൾ എന്നും നമ്മുടെ നന്മയ്ക്കുവേണ്ടിയുള്ളതാണ്.**

## വിമോചകനായ യേശു

പിറക്കാനൊരിടം നിഷേധിക്കപ്പെട്ട യേശു എല്ലാവർക്കും കിടക്കാനൊരിടമുണ്ടാകുന്ന കാലം സ്വപ്നംകണ്ടു. എല്ലാവരുടെയും ആവശ്യങ്ങൾക്കനുസരിച്ച് എല്ലാം ലഭ്യമാകണമെന്ന് (പുറ. 19: 5), (ലേവ്യ. 25:23) അവിടുന്ന് ആഗ്രഹിച്ചു. എന്നാൽ ദൈവഹിതമനുസരിച്ചല്ല യേശു ജീവിച്ചസമൂഹം മുന്നോട്ടുനീങ്ങിയത്. മനുഷ്യരുടെ കണ്ണുനീരിലൂടെ വചനം വായിച്ച യേശു ഒരു പുതിയ യുഗം പ്രഖ്യാപിച്ച് 12-ാം വയസ്സിലും 30-ാം വയസ്സിലും സമഗ്രവിമോചനത്തിന്റെ കാഹളം മുഴക്കി.

“അവൻ ഉപാധ്യായന്മാരുടെ ഇടയിലിരുന്ന്, അവർ പറയുന്നതു കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു” (ലൂക്കാ 2:46-47).




30-ാം വയസ്സിൽ നസ്രത്തിലെ സിനഗോഗിൽ വചനവായനയ്ക്കായി എഴുന്നേറ്റ യേശു ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽ നിന്ന് ഇപ്രകാരം വായിച്ചു: "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19). ഈ തിരുവെഴുത്ത് ഇന്ന് ഇവിടെ ഇപ്പോൾ നിറവേറിയിരിക്കുന്നു എന്നു പ്രഖ്യാപിച്ചുകൊണ്ട് സമഗ്രവിമോചനത്തിന്റെ സദ്വാർത്ത നല്കി ദൈവരാജ്യത്തിലേക്ക് എല്ലാവരെയും യേശു സ്വാഗതം ചെയ്തു (ലൂക്കാ 4:21).

വിശന്നു വലഞ്ഞ ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശുവിന്റെ അനുകമ്പ
അപ്പമായി മാറി (മത്താ. 14:14-17, 15:32).
വഴിയരികിൽ കിടന്ന അന്ധനു കാഴ്ചയായി (മർക്കോ. 10:46-52).
ചെകിടനു കേൾവിയായും മുടന്തനു സൗഖ്യമായും കുഷ്ഠരോഗിക്ക് സാന്ത്വനമായും
മരിച്ചവർക്കു ജീവനായും യേശു സമഗ്രവിമോചനം അനുഭവവേദ്യമാക്കി.

## സമഗ്രവിമോചനം നമ്മിലൂടെ

യേശുവിന്റെ സന്ദേശങ്ങളിലും പ്രവർത്തനങ്ങളിലും സമഗ്രവിമോചനത്തിലൂടെ സംജാതമാകുന്ന ദൈവരാജ്യസന്ദേശമാണ് നമുക്കു ലഭിക്കുക. യേശുവിന്റെ കർമ്മ പദ്ധതിയായ 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ....' എന്ന പ്രാർത്ഥനയിലും 'അന്നന്നു വേണ്ട ആഹാരം ഇന്നും ഞങ്ങൾക്കു നല്കണമേ' എന്നു പ്രാർത്ഥിക്കുന്ന ഭാഗത്തും മനുഷ്യന്റെ സമഗ്രവിമോചനത്തിന്റെ കാഹളധ്വനി മുഴങ്ങുന്നു. മനുഷ്യന്റെ സമഗ്ര വിമോചനത്തിനായി നിയമങ്ങളും ആചാരാനുഷ്ഠാനങ്ങളും വ്യാഖ്യാനിക്കാനും ക്രമപ്പെടുത്താനും യേശു ആവശ്യപ്പെടുന്നു. സുവിശേഷങ്ങളിൽ ഒരിടത്തും അനീതിയോടും അധർമ്മത്തോടും അസത്യത്തോടും ഒരു വിധ സന്ധിസംഭാഷണത്തിനും തയ്യാറായില്ല. യേശു നടന്നവഴിയാണ് നമ്മുടെയും വഴി. സ്വാർത്ഥലാഭത്തിനുവേണ്ടി നാം വഴിമാറി നടക്കരുത്.

രക്ഷകനായ ക്രിസ്തുവിന്റെ ജീവിതമാണ് നമ്മുടെ ജീവിതത്തിന്റെ കേന്ദ്ര ബിന്ദു. ദൈവരാജ്യത്തിന്റെ പ്രഘോഷകനായി യേശു പരസ്യജീവിതമാരംഭിച്ചു. ദൈവരാജ്യ




പ്രഘോഷണത്തിന് തന്നോടു പങ്കുചേരുന്നതിന് പന്ത്രണ്ടു പേരടങ്ങുന്ന അപ്പസ്തോലഗണത്തെ യേശു ഒരുക്കുകയുണ്ടായി. ജീവിതത്തിന്റെ വിവിധ തുറകളിൽപ്പെട്ട മുക്കുവരും ചുങ്കക്കാരും മറ്റുമായ ഇവരെ തന്റെ ജീവിതകാലത്ത് കൂടെ കൊണ്ടുനടന്ന് സ്നേഹത്തിന്റെ സദ്വാർത്ത പ്രചരിപ്പിക്കുന്നതിനു പരിശീലിപ്പിക്കുകയും അധികാരം നല്കുകയും ചെയ്തു. യേശുവിന്റെ ദൈവരാജ്യത്തിന്റെ ഇന്നത്തെ പ്രചാരകർ നാമോരോരുത്തരുമാണ്. നമ്മുടെ വിശുദ്ധജീവിതവും പുണ്യപ്രവൃത്തികളുംവഴി ഈ ദൗത്യത്തിൽ നമുക്കു പങ്കുചേരാനാവും. അപ്പസ്തോലന്മാരെപ്പോലെ യേശുവിന്റെ കൂടെ നടക്കുകയും അവിടത്തെ സ്നേഹം എല്ലാവരുമായി നാം പങ്കുവയ്ക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

## നമുക്കു മറക്കാതിരിക്കാം

നാം ജീവിക്കുന്ന സമൂഹത്തെ യേശുവിന്റെ കണ്ണുകളിലൂടെ കാണുകയും യേശുവിന്റെ കാതുകളിലൂടെ കേൾക്കുകയും യേശുവിന്റെ മനസ്സുകൊണ്ട് മനസ്സിലാക്കുകയും ചെയ്യണം. നമ്മുടെ സമൂഹത്തിൽ നന്മകാണാനും നന്മ പ്രോത്സാഹിപ്പിക്കാനും നന്മയ്ക്കുവേണ്ടി നിലകൊള്ളാനും നമുക്കു കഴിയണം.

നമ്മുടെ സമൂഹത്തിൽ അവശതയനുഭവിക്കുന്നവരുടെയും വേദനയനുഭവിക്കുന്നവരുടെയും സ്വരം നാം കേൾക്കുകയും അതു കേൾക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്. സ്നേഹവും നീതിയും സത്യവും സാഹോദര്യവും നമ്മുടെ ജീവിതത്തിന്റെ മുഖമുദ്രകളാകണം. ദരിദ്രരെയും പുറന്തള്ളപ്പെട്ടവരെയും അവഗണിക്കപ്പെട്ടവരെയും ശക്തിപ്പെടുത്തിക്കൊണ്ട് യേശുവിന്റെ സമഗ്രവിമോചനത്തിൽ നമുക്കും പങ്കാളികളാകാം. സമഗ്രവിമോചനത്തിന് തടസ്സംനില്ക്കുന്ന ആളുകളെയും ചിന്താധാരകളെയും പ്രസ്ഥാനങ്ങളെയും തിരിച്ചറിയാനും വേരോടെ പിഴുതെറിയാനും വേണ്ട ധൈര്യം യേശുവിനെപ്പോലെ നാമും കാണിക്കണം.

**മനുഷ്യന്റെ സമഗ്രവളർച്ചയാണ് വിമോചനം.**
**വിമോചനത്തിലൂടെയാണ് ദൈവരാജ്യം സാധ്യമാകുക.**

ആരും ആരെയും അടിമകളാക്കരുത്. ദൈവപിതാവിന്റെ മക്കളായ നാമെല്ലാവരും തുല്യരാണ്. നമ്മുടെ സ്നേഹവലയത്തിൽ നിന്ന് ആരെയും മാറ്റിനിർത്തരുത്. മറ്റുള്ളവർക്കു




[redacted]

## ചർച്ച ചെയ്യുക

[redacted]



## ഗാനം

പാപം വഴിയായി ദൈവത്തിൽനിന്നേറെ
ദൂരെയകന്നുപോയ് മർത്ത്യവംശം
പാപവിമോചനമേകുവാൻ തന്നേക
പുത്രനെ മണ്ണിലയച്ചു ദൈവം

ബന്ധിതർക്കെന്നാളും മോചനം നല്കാനും
അന്ധർക്കു കാഴ്ച നല്കീടുവാനും
മർദ്ദിതർക്കെപ്പോഴും സ്വാതന്ത്ര്യമേകാനും
യേശുവീ ഭൂമിയിൽ ജാതനായി

പാപത്തിൻ ബന്ധനമാകെയഴിക്കുവാൻ
മാനവമോചനം [redacted]
സ്വന്തജീവൻ [redacted]
കാരുണ്യമോടെ [redacted]




## ഉത്തരം കണ്ടെത്താം

1. യേശുവിന്റെ സമഗ്രവിമോചനം - നോട്ട് കുറിക്കുക.
2. പഴയനിയമത്തിലെ ദൈവം, മോചകനായ ദൈവമാണ്. സമർത്ഥിക്കുക.
3. മനുഷ്യരാശിയുടെ മോചനപ്രക്രിയയിൽ നിങ്ങളെ സ്വാധീനിച്ച ഒരു വ്യക്തിയെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക.
4. വിമോചനം എന്ന പദം അർത്ഥമാക്കുന്നതെന്ത്?
5. യേശുവിന്റെ സമഗ്രവിമോചനത്തിൽ നമുക്ക് എങ്ങനെ പങ്കുചേരാം?

## മന:പാഠമാക്കാം

സമൂഹത്തിൽ അവശതയനുഭവിക്കുന്നവരുടെയും വേദനയനുഭവിക്കുന്നവരുടെയും സ്വരം നാം കേൾക്കുകയും അതു കേൾക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും വേണം.

## ദൈവവചനം ഓർമ്മിക്കാം

“കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു” (ലൂക്കാ 4:18-19).

## നമുക്കു പ്രാർത്ഥിക്കാം

സ്നേഹപിതാവേ, അങ്ങയുടെ ജീവനും സ്നേഹവും നല്കി സൃഷ്ടിക്കപ്പെട്ട ഞങ്ങൾക്ക് ഒരു നാളും അങ്ങയെ വേർപിരിയാതിരിക്കാനുള്ള അനുഗ്രഹം നല്കണമേ.

## പ്രവർത്തിക്കുക

ഒരു അഖണ്ഡബൈബിൾപാരായണപരിപാടി സംഘടിപ്പിക്കുക.




കുഗ്രാമത്തിൽ ജനിച്ച ഒരു യുവാവ്.
വളർന്നതാകട്ടെ, മറ്റൊരു ഗ്രാമത്തിലും.
അവൻ പാവപ്പെട്ടവനായിരുന്നു.
മുപ്പതുവയസ്സുവരെ ആശാരിപ്പണി ചെയ്തു.
അടുത്ത മൂന്നുവർഷം നന്മ ചെയ്തുകൊണ്ട് അവൻ സഞ്ചരിച്ചു.

അവൻ ഒരു പുസ്തകവും രചിച്ചില്ല.
ഒരു ഉദ്യോഗവും വഹിച്ചില്ല.
തലചായ്ക്കാൻ അവനിടമില്ലായിരുന്നു.
സ്വന്തമായ ഒരു കുടുംബമില്ലായിരുന്നു.
അവൻ ഒരു കോളേജിലും പഠിച്ചില്ല.
മഹാനഗരങ്ങൾ അവന് അന്യമായിരുന്നു.

ജനിച്ച സ്ഥലത്തുനിന്ന് ഇരുന്നൂറു മൈലിലധികം
അവൻ യാത്ര ചെയ്തില്ല.
'വലിയവർ' ചെയ്യുന്നതൊന്നും അവൻ ചെയ്തില്ല.
താൻ തന്നെയല്ലാതെ മറ്റ് അധികാരപത്രങ്ങൾ
അവനുണ്ടായിരുന്നില്ല.

യുവാവായിരുന്നപ്പോൾത്തന്നെ പൊതുജനാഭിപ്രായം
അവനെതിരേ ആഞ്ഞടിച്ചു.
സ്നേഹിതന്മാർ അവനെവിട്ട് ഓടിപ്പോയി.
ശത്രുമദ്ധ്യത്തിലേക്ക് പിന്തള്ളപ്പെട്ടു.
ആഭാസകരമായൊരു വിചാരണയ്ക്ക് അവൻ വിധേയനായി.

കള്ളന്മാരുടെ മദ്ധ്യേ ക്രൂശിക്കപ്പെട്ടു.
അവന്റെ സ്വത്ത് ഉടുതുണി മാത്രമായിരുന്നു.
കുരിശിൽ പിടഞ്ഞുമരിക്കുന്നതിനിടയിൽ
അതും അവന്റെ ഘാതകർ കുറിയിട്ടെടുത്തു.
അവന് ശവക്കല്ലറയ്ക്ക് ഭാഗ്യമുണ്ടായത്
ഒരു നല്ല മനുഷ്യന്റെ ദാക്ഷിണ്യം കൊണ്ടുമാത്രം.
നീണ്ട പത്തൊമ്പതു നൂറ്റാണ്ടുകൾ കഴിഞ്ഞിരിക്കുന്നു;

"സർവശക്തന്റെ ശാസനം അവഗണിക്കരുത." അവിടുന്ന് മുറിവേല്പിക്കും; എന്നാൽ, വച്ചുകെട്ടും; അവിടുന്നു പ്രഹരിക്കും, എന്നാൽ അവിടുത്തെ കരം സുഖപ്പെടുത്തും" (ജോബ് 5/18).



ഇന്നിതാ അവൻ മനുഷ്യരാശിയുടെ കേന്ദ്രബിന്ദുവാണ്.
സമഗ്രവിമോചനത്തിന്റെ നേതാവാണ്.

ഇന്നുവരെ ലോകത്തിൽ അണിനിരന്ന സേനകളെയും
ഇക്കാലമത്രയും സമുദ്രത്തിലൂടെ നീങ്ങിയ
നാവികപ്പടകളെയും
ഇതുവരെ സമ്മേളിച്ച പാർലമെന്റുകളെയും
നാളിതുവരെ ഭരണം നടത്തിയ രാജാക്കന്മാരെയും
ഒന്നിച്ചെടുത്താൽപ്പോലും

ആ ഏകാന്തപഥികന്റെ ജീവിതം
മനുഷ്യരാശിയുടെ മേൽ ചെലുത്തിയിട്ടുള്ള
സ്വാധീനത്തെ വെല്ലാൻ സാധ്യമല്ല.






# 10

# സഹനദാസൻ




ദൈവം വാഗ്ദാനംചെയ്ത സ്വാതന്ത്ര്യത്തിന്റെയും കൂട്ടായ്മയുടെയും നാടായ കാനാൻദേശത്തെ ഐശ്വര്യപൂർണമായവാസം അധികനാൾ നീണ്ടുനിന്നില്ല എന്നു നാം പഠിച്ചിട്ടുണ്ടല്ലോ. ന്യായാധിപന്മാരുടെ കാലം കഴിഞ്ഞപ്പോൾ രാജഭരണമാരംഭിച്ചു. രാജാക്കന്മാരുടെ സ്വേച്ഛാധിപത്യവും ആഡംബരവും ജനജീവിതം ദുസ്സഹമാക്കി. എങ്കിലും ദൈവം വാഗ്ദാനം ചെയ്ത വിമോചകനായ മിശിഹാ തങ്ങളെ രക്ഷിക്കുമെന്ന പ്രതീക്ഷയോടെ നല്ലൊരു നാളെയെ സ്വപനം കണ്ട് അവർ കഴിഞ്ഞു.

**പഴയനിയമവീക്ഷണമനുസരിച്ച്, തന്റെ ജനത്തെ പഠിപ്പിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും വേണ്ടിയാണ് ദൈവം സഹനം അനുവദിക്കുന്നത്.**

## മിശിഹാ യഹൂദരുടെ വീക്ഷണത്തിൽ

യുഗാന്തത്തിൽ ദൈവം ഇടപെടുമെന്നും ദൈവം നേരിട്ടോ അതോ ഒരു പ്രതിപുരുഷൻ വഴിയോ അവരെ രക്ഷിക്കുമെന്ന ചിന്ത യഹൂദരുടെ ഇടയിൽ ഉണ്ടായിരുന്നു. തദനുസാരം, ദാവീദിന്റെ വംശത്തിലും ഗോത്രത്തിലുംപെട്ട ഒരു രാജാവ് വരുമെന്നും അവൻ ദൈവനീതിക്കനുസരിച്ച് ഭരണം നടത്തുമെന്നും അങ്ങനെ സമത്വസുന്ദരമായ ഒരു ലോകം ഉണ്ടാകുമെന്നും ഇസ്രായേൽജനം പ്രതീക്ഷിച്ചു.

ഏകദൈവവിശ്വാസമാണ് യഹൂദമതത്തിന്റെ സുപ്രധാനമായ സവിശേഷത. നമ്മുടെ ദൈവമായ കർത്താവ് ഒരേയൊരു കർത്താവാണ് (നിയ. 6:4) എന്ന പ്രാർത്ഥന ദൈവത്തിന്റെ ഏകത വ്യക്തമായി പഠിപ്പിക്കുന്നു. ഏകദൈവമായ യാഹ്‌വേയെ പൂർണ ശക്തിയോടും പൂർണഹൃദയത്തോടും പൂർണാത്മാവോടും കൂടെ സ്നേഹിക്കണം (നിയ. 6:5). എന്നാണ് നിയമം അനുശാസിക്കുന്നത്. ഏകദൈവമായ യാഹ്‌വേയുമായി ഇസ്രായേൽ വിവാഹബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നു. അതിനാൽ ബഹുദൈവവിശ്വാസത്തിന് ഇസ്രായേൽജനതയ്ക്കിടയിൽ ഒരു സ്ഥാനവുമില്ല. ഒരു രക്ഷകൻ വരുമെന്നും എല്ലാ യഹൂദർക്കും രക്ഷ പ്രദാനംചെയ്യുമെന്നും കുഞ്ഞാടും സിംഹക്കുട്ടിയും ഒരുമിച്ചു മേയുന്ന (ഏശ. 65:25) സമാധാനത്തിന്റെ രാജ്യം സ്ഥാപിക്കുമെന്നും യഹൂദർ ഇന്നും വിശ്വസിക്കുന്നു. എന്നാൽ ആ മിശിഹാ ത്രിതൈ്വകദൈവത്തിലെ രണ്ടാമത്തെ ആളായ പുത്രനായ ദൈവമാണെന്ന് അവർ വിശ്വസിക്കുന്നില്ല.




യഹൂദരുടെ സങ്കല്പത്തിലുള്ള മിശിഹാ സർവാധിപത്യത്തിന്റെയും പ്രതാപത്തിന്റെയും ഐശ്വര്യത്തിന്റെയും പ്രതിരൂപമാണ്. ഈ മിശിഹായ്ക്ക് സഹനം അന്യമായിരുന്നു. സഹിക്കുന്ന മിശിഹായെയല്ല, റോമാക്കാർ സർവാധിപത്യംപുലർത്തി ഭരിക്കുന്ന ഇസ്രായേൽ ജനതയ്ക്ക് എല്ലാ രംഗങ്ങളിലും വിജയം നേടിക്കൊടുക്കുകയും ശത്രുക്കളെ അമർച്ചചെയ്യുകയും നശിപ്പിക്കുകയും ചെയ്യുന്ന മിശിഹായെയാണ് അവർ പ്രതീക്ഷിച്ചത്.

## മിശിഹാ: യേശുവിൽ

ദൈവത്തിന്റെ പദ്ധതികളും നമ്മുടെ ചിന്തകളും തമ്മിൽ
വ്യത്യാസമുണ്ടാകാം.
പ്രാർത്ഥനയിലൂടെ ദൈവഹിതമറിയുകയാണു വേണ്ടത്.

യേശുവിൽ നാം കണ്ടെത്തുന്ന മിശിഹാദർശനം സ്നേഹത്തിൽ നിന്നു രൂപപ്പെട്ടതാണ്. അത് ഇസ്രായേലിന്റെ മിശിഹാ എന്ന ചിന്തയിൽനിന്ന് തികച്ചും വ്യത്യസ്തവുമാണ്. എല്ലാവർക്കുംവേണ്ടി, പ്രത്യേകിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നു പുറന്തള്ളപ്പെട്ടവർക്കുവേണ്ടി, യേശു സഹനദാസനായി മാറുന്നു.

സഹനം ജീവിതത്തിൽ ഉണ്ടാകരുതെന്നുപദേശിക്കുന്ന പത്രോസിനെ യേശു സാത്താനെന്നു വിളിച്ചുശാസിച്ചുകൊണ്ട് പിന്നിലേക്കു മാറിനില്ക്കാൻ ആവശ്യപ്പെടുന്നു (മത്താ.16:23). അപ്പമില്ലാത്തവരുമായി അപ്പംപങ്കുവച്ചും കരയുന്നവരെ ആശ്വസിപ്പിച്ചും മറ്റുള്ളവരുടെ സഹനത്തിൽ പങ്കുചേരാനാകുമെന്ന് യേശു പഠിപ്പിച്ചു. തന്റെ പരസ്യജീവിതത്തിലുടനീളം, സഹിക്കുന്ന മനുഷ്യർക്കുവേണ്ടി യേശു നിലകൊള്ളുകയും മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി സഹനത്തിന്റെ കാല്വരി കയറുകയും ചെയ്തു.

## കണ്ണീരൊപ്പുന്ന യേശു

സുവിശേഷലോകം മുഴുവൻ, സഹിക്കുന്നവരുടെ ലോകമാണ്. മറ്റുള്ളവരുടെ സഹനത്തിലുള്ള പങ്കുചേരലാണ് യേശു പ്രവർത്തിച്ച അദ്ഭുതങ്ങളെല്ലാം. യേശുവിന്റെ പീഡാസഹനത്തിലും കുരിശുമരണത്തിലുമാണ് അവിടത്തെ സഹനത്തിന്റെ പാരമ്യം നാം ദർശിക്കുന്നത്.




മാനുഷികമായി ചിന്തിക്കുമ്പോൾ ആർക്കും സഹനം സ്വീകാര്യമല്ല. സഹനത്തിനു മുമ്പിൽ യേശുപോലും പതറുന്നു. ഗത്സമേൻതോട്ടത്തിലെ ഏകാന്തതയും ഒറ്റപ്പെടലും രക്തം വിയർക്കലും കാല്‌വരിയുമെല്ലാം യേശുവിനെ അസ്വസ്ഥനാക്കുകയും സഹനത്തിൽ നിന്നു മാറിനില്ക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

"പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകറ്റണമേ" എന്ന് യേശു പ്രാർത്ഥിച്ചു.

എന്നാൽ ദൈവതിരുമുമ്പിലുള്ള കീഴ്‌വഴങ്ങലും ദൈവത്തിന്റെ ശക്തിപ്പെടുത്തലുമാണ് സഹനം സ്വീകരിക്കാൻ യേശുവിനു മനക്കരുത്തുനല്കിയത്.

കണ്ടാൽ മനുഷ്യനല്ലെന്നു തോന്നുമാറ് പീഡനം മൂലം വിരൂപമാക്കപ്പെട്ട സഹനദാസനെക്കുറിച്ച് ഏശയ്യാ പ്രവാചകൻ പറയുന്നു:

"അവനെ കണ്ടവർ അമ്പരന്നുപോയി;
മനുഷ്യനെന്നു തോന്നാത്തവിധം
അവൻ വിരൂപനായിരിക്കുന്നു. ..." (ഏശ. 52:14).

ഏശയ്യാപ്രവാചകന്റെ പുസ്തകത്തിലെ നാലുഗീതങ്ങളെയാണ് കർത്താവിന്റെ ദാസനെപ്പറ്റിയുള്ള ഗീതങ്ങൾ എന്നു വിളിക്കുന്നത് (ഏശ. 42:1–4; 49:1–6; 50:4–9; 52:13–53:12). എന്നാൽ ദൈവത്തിന്റെ ദാസനെപ്പറ്റി ജനത്തിനു മതിപ്പുണ്ടായിരുന്നില്ല. ശ്രദ്ധാർഹമായ രൂപഭംഗിയോ ഗാംഭീര്യമോ സൗന്ദര്യമോ അവനുണ്ടായിരുന്നില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവൻ വേദനയും ദുഃഖവും നിറഞ്ഞവനായിരുന്നു. അവനെ കണ്ടവർ മുഖംതിരിച്ചു കളഞ്ഞു (ഏശ. 53:2, 3). ജനത്തിനു വേണ്ടിയാണ് അവൻ പീഡകളേറ്റത് (53:4). എന്നാൽ അതു മനസ്സിലാക്കാൻ അവർക്കു കഴിഞ്ഞില്ല. അവൻ മുറിവേറ്റതു കൊണ്ടാണ് ജനം സുഖം പ്രാപിച്ചത് (53:6) . ജനത്തിന്റെ പാപം നിമിത്തമാണ് അവൻ പീഡനമേറ്റു മരിക്കേണ്ടിവന്നത് (53:9). ദൈവത്തിന്റെ തിരുവിഷ്ടപ്രകാരമാണ് ദാസൻ ഇതെല്ലാം സഹിക്കുന്നത് (53:10).

"ഞാൻ എതിർക്കുകയോ പിൻമാറുകയോ ചെയ്തില്ല. അടിച്ചവർക്കു പുറവും താടിമീശ പറിച്ചവർക്കു കവിളുകളും ഞാൻ കാണിച്ചുകൊടുത്തു. നിന്ദയിൽ നിന്നും തുപ്പലിൽ നിന്നും ഞാൻ മുഖംതിരിച്ചില്ല. ദൈവമായ കർത്താവ് എന്നെ സഹായിക്കുന്നതിനാൽ ഞാൻ പതറുകയില്ല" (ഏശ. 50: 5–7).



സഹനദാസൻ

ഏശയ്യാ പ്രവചിച്ച സഹനദാസന്റെ ഈ രൂപം യേശുവിൽ പൂർത്തിയാകുന്നു. എല്ലാവരാലും നിന്ദിതനായി, ഭ്രഷ്ടരാക്കപ്പെട്ടവരോടൊപ്പം മരണം കൈവരിച്ച യേശു, മരണത്തിന്റെ സൗകുമാര്യം നമ്മെ പഠിപ്പിക്കുന്നു. സഹനത്തിലൂടെ സ്നേഹത്തിന്റെ ലോകം പണിതീർക്കാൻ യേശു നമ്മെ ക്ഷണിക്കുന്നു.

## സഹനം നമ്മുടെ ജീവിതത്തിൽ

ക്രിസ്തുശിഷ്യർ ക്രിസ്തുവിന്റെ പിന്നാലേ പോകേണ്ടവരാണ്. സ്വയം പരിത്യജിച്ച് (മത്താ. 16:24) ഗുരുവിന്റെ പാതയിലൂടെ നടന്ന് ദൈവരാജ്യത്തിന്റെ വരവിനുവേണ്ടി ജീവിക്കേണ്ടവരാണ്. ക്രിസ്തുവിനും അവിടത്തെ ദൈവരാജ്യത്തിനും വേണ്ടി നേരിടേണ്ടിവരുന്ന അനുദിനകുരിശും വഹിച്ചു ജീവിക്കേണ്ടവരാണ് ക്രൈസ്തവരായ നാം.

തിന്മ ആധിപത്യം പുലർത്തുന്ന ഈ യുഗത്തിൽ സഹനം അനിവാര്യമാണ് (റോമാ 8:18; ഗലാ. 1:4). ക്രിസ്തുവിശ്വാസി ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗമെന്ന നിലയിൽ സഹനംവഴി ക്രിസ്തുവിന്റെ സഹനത്തിൽ പങ്കുചേരുന്നു (റോമാ. 8:31-39; 12:4-21). ക്രിസ്തുവിന്റെ പ്രവർത്തനശൈലി ലോകത്തിന്റേതിനു വിരുദ്ധമാകയാൽ ക്രിസ്തുവിന്റെ ശൈലി അനുകരിക്കുന്ന ക്രിസ്തുശിഷ്യനും പ്രതിസന്ധികളും സഹനങ്ങളും നേരിടേണ്ടിവരും (യോഹ. 15:18; 1 കൊറി. 2:8).

- സഹനങ്ങളിൽ നാം ദൈവത്തെ പഴിക്കരുത് (റോമാ. 5:3-4; 1 തെസ. 3:3).
- ക്ഷമയോടും മനോധൈര്യത്തോടുംകൂടെ നാം സഹനങ്ങൾ ഏറ്റുവാങ്ങണം (മത്താ. 13:21; മാർക്കോ. 4:17).
- സഹനങ്ങൾക്കിടയിൽ നാം പ്രത്യാശ വെടിയരുത് (റോമാ. 8:20; 1 തെസ. 1 :3).
- സഹനത്തിൽ സന്തോഷിക്കുക (മത്താ. 5:12; യോഹ. 14:28).
- മറ്റൊരാളുടെ സഹനം നമ്മുടെതന്നെ സഹനമായി അനുഭവപ്പെടുന്ന പരോന്മുഖതയും സഹജഭാവവും നമുക്കാവശ്യമാണ് (ലൂക്കാ. 10:29 -37; 1 കൊറി. 12:26).
- തിന്മയ്ക്കുപകരം തിന്മചെയ്യാതെ തിന്മയെ നന്മകൊണ്ട് കീഴടക്കണം (മത്താ. 5:38-45; ലൂക്കാ 6:27-30).




**നാം സഹിക്കുമ്പോൾ നാം ഒറ്റയ്ക്കല്ല, ക്രൂശിതനായ യേശുവും നമ്മൊടൊത്തു സഹിക്കുന്നു. യേശുവിന്റെ പീഡകളുടെ കുറവ് നമ്മുടെ ശരീരത്തിലൂടെ നാം നികത്തുന്നു.**

1. നമ്മുടെ ഭക്ഷണം, വസ്ത്രം, അറിവ്, സുഖസൗകര്യങ്ങൾ എന്നിവ ഇല്ലാത്തവരുമായി പങ്കുവയ്ക്കുന്നതിലൂടെയും സഹിക്കുന്ന മനുഷ്യരോടുള്ള അനുകമ്പവഴി അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നതിലൂടെയും മറ്റുള്ളവർക്കു വേണ്ടി സഹിച്ചുകൊണ്ട് സ്നേഹത്തിന്റെ കല്പന പൂർത്തിയാക്കാൻ നമുക്കു കഴിയും.

സഹനത്തിന്റെ ദു:ഖവെള്ളിയിലൂടെ കടന്നുപോയാണ് ഉത്ഥാനത്തിന്റെ വിജയം യേശു നേടിയത്. സഹനങ്ങളിലൂടെമാത്രമേ നമുക്കും ജീവിതവിജയം നേടാനാവൂ. ഭരണാധികാരികളാൽ തെറ്റിദ്ധരിക്കപ്പെട്ടും ശിഷ്യന്മാരാൽ ഉപേക്ഷിക്കപ്പെട്ടും ശത്രുക്കളുടെ പീഡനങ്ങൾ ഏറ്റുവാങ്ങിയും സഹനത്തിലൂടെ കടന്നുപോയപ്പോഴും പരിപൂർണമായി പിതാവിലാശ്രയിച്ച യേശുവിനെപ്പോലെ സഹനങ്ങളുണ്ടാകുമ്പോൾ തളരാതെ ദൈവത്തിൽ പൂർണമായി ആശ്രയിക്കാൻ നമുക്കു കഴിയണം.

**സഹനങ്ങളാണ് സ്നേഹത്തിന്റെ ആഴം കൂട്ടുന്നത്. മറ്റുള്ളവർക്കുവേണ്ടി സഹിക്കുകയും അവരുടെ സഹനത്തിൽ പങ്കുചേരുകയും വേണം.**

“ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത, നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല: തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണം വരെ - അതേ കുരിശുമരണം വരെ - അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കുമുപരിയായ നാമം നല്കുകയും ചെയ്തു. ഇത് യേശുവിന്റെ നാമത്തിനുമുമ്പിൽ സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനും വേണ്ടിയാണ്” (ഫിലി. 2:6-11).

മനുഷ്യജീവിതത്തിന്റെ ഭാഗമാണ് സഹനം. ജീവിതവിജയത്തിന് ആവശ്യവുമാണത്. വിജയങ്ങളിലേക്കും മഹത്ത്വങ്ങളിലേക്കും പ്രവേശിച്ച ആളുകൾ സഹനത്തിന്റെ വഴികളിൽ





സഞ്ചരിച്ചവരാണ്. മുള്ളുകൾ നിറഞ്ഞ ജീവിതവഴികൾ നമ്മെ തളർത്തരുത്. സഹനങ്ങൾ നാം ധീരതയോടെ നേരിടണം. സഹിക്കുന്നവരെ നാം ശക്തിപ്പെടുത്തണം. നീതിക്കുവേണ്ടി സഹനത്തിന്റെ വഴികളിൽ ആയിരിക്കുന്നവർക്കുവേണ്ടി നാമും ശബ്ദമുയർത്തണം. നമ്മുടെ രക്ഷയ്ക്കു വേണ്ടി സഹിച്ച യേശുവിന്റെ മാതൃകയാണു പിന്തുടരേണ്ടത്. നമുക്കു സഹനങ്ങളുണ്ടാകുമ്പോൾ യേശുവിന്റെ പീഡാസഹനങ്ങൾ നമ്മുടെ ഓർമ്മയിൽ വരണം. മറ്റുള്ളവർക്കുവേണ്ടി സഹനങ്ങൾ ഏറ്റുവാങ്ങുന്നതും മറ്റുള്ളവരുടെ സഹനത്തിൽ പങ്കുചേരുന്നതും ക്രിസ്തീയമായ മനോഭാവമാണ്.

## ഗാനം

യേശു സഹിച്ചതു നമ്മൾക്കായ്
നമ്മുടെ പാപവിമുക്തിക്കായ്
പീഡകളേറ്റതു നമ്മൾക്കായ്
മൃത്യു വരിച്ചതു മുക്തിക്കായ്

മറ്റുള്ളവരുടെ ദു:ഖത്തിൽ
നമുക്കു പങ്കുചേർന്നീടാം
അവരുടെ കണ്ണീർ തുടയ്ക്കുവാൻ
നമ്മുടെ കൈകൾ നീട്ടീടാം

സഹനം വന്നുനിറക്കുമ്പോൾ
ധീരതയോടതു നേരിടണം
സഹനം ജീവിതവിജയവഴി
സ്വർഗം നല്കും പുണ്യവഴി!

## ചർച്ച ചെയ്യുക

സഹനം അനുഗ്രഹമോ ശാപമോ? വിശുദ്ധ അൽഫോൻസാമ്മയുടെ സഹനജീവിതത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുക.




## ഉത്തരം കണ്ടെത്തുക

1. തേനും പാലുമൊഴുകുന്ന കാനാൻദേശം എന്നതുകൊണ്ട് നിങ്ങൾ അർത്ഥമാക്കുന്നതെന്ത്?
2. യഹൂദർ പ്രതീക്ഷിച്ചിരുന്നത് എങ്ങനെയുള്ള മിശിഹായെയാണ്?
3. മറ്റുള്ളവരുടെ സഹനത്തിൽ യേശു എപ്രകാരമാണു പങ്കുചേർന്നത്?
4. ജീവിതത്തിൽ സഹനങ്ങളുണ്ടാകുമ്പോൾ നമ്മൾ എന്തുചെയ്യണം ?
5. ഗത്സമേൻ തോട്ടത്തിലെ യേശുവിന്റെ പ്രാർത്ഥന നമുക്കു നല്കുന്ന സന്ദേശമെന്ത്?

## മന:പാഠമാക്കാം

സഹനത്തിലൂടെ സ്നേഹത്തിന്റെ ലോകം പണിയാൻ യേശു നമ്മെ ക്ഷണിക്കുന്നു.

## ദൈവവചനം ഓർമ്മിക്കാം

"അടിച്ചവർക്കു പുറവും താടിമീശ പറിച്ചവർക്കു കവിളുകളും ഞാൻ കാണിച്ചു കൊടുത്തു. നിന്ദയിൽ നിന്നും തുപ്പലിൽ നിന്നും ഞാൻ മുഖം തിരിച്ചില്ല" (ഏശ. 50: 6).

## നമുക്കു പ്രാർത്ഥിക്കാം

പിതാവേ, ഞങ്ങളെ വേദനിപ്പിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കാനും ജീവിതത്തിലുണ്ടാകുന്ന സഹനങ്ങൾ സന്തോഷത്തോടെ സ്വീകരിക്കാനുമുള്ള കൃപനല്കി ഞങ്ങളെ അനുഗ്രഹിക്കണമേ.

## പ്രവർത്തിക്കുക

യേശുവിന്റെ സഹനം ജീവിതത്തിൽ പകർത്തിയ വിശുദ്ധരുടെ ജീവചരിത്രം ശേഖരിക്കുക.



# 11

# ഉത്ഥാനം ജീവന്റെആഘോഷം




യേശുവിന്റെ ദൈവരാജ്യപ്രഘോഷണം അവിടത്തെ നയിച്ചത് പീഡാസഹനത്തിലേക്കും മരണത്തിലേക്കുമാണ്. യേശുവിനെ ഇല്ലാതാക്കുന്നതിലൂടെ അവിടത്തെ പ്രബോധനങ്ങളും ഇല്ലാതാകുമെന്ന് ശത്രുക്കൾ കരുതി. മരണം എന്ന ശത്രുവിനെ യേശു തന്റെ മരണത്തിലൂടെ തോല്പിച്ചുകൊണ്ട് മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ് മരണത്തിനുമേൽ ആധിപത്യം കൈവരിച്ചു. മരണം ജീവിതത്തിന്റെ അവസാനവാക്കല്ലെന്നും പുതിയ ജീവിതത്തിന്റെ വാതിലാണെന്നും തന്റെ ഉത്ഥാനംവഴി യേശു ലോകത്തിനു കാണിച്ചുകൊടുത്തു. മരണത്തിനുമപ്പുറത്തേക്കുള്ള ദൈവരാജ്യത്തിന്റെ വിസ്തൃതകവാടങ്ങൾ തന്റെ ഉത്ഥാനംവഴി യേശു തുറന്നിട്ടു.

**മരണത്തെയും മരിച്ചവരെയും നാം ഭയപ്പെടേണ്ടതില്ല. മരണം നിത്യജീവന്റെ കവാടമാണ്.**

ക്രിസ്തു മരിച്ചവരിൽനിന്ന് ഉത്ഥാനംചെയ്തതുപോലെ അവസാനദിനത്തിൽ മനുഷ്യരെല്ലാം ഉത്ഥാനം ചെയ്യും എന്നത് ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രമാണ് (യോഹ. 6:39-40; 5:29). നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ അന്ത്യവിധിയുടെ ഉയിർപ്പിനായും ക്രിസ്തുവിന്റെ ഉയിർപ്പിന്റെ ശക്തിയാൽ കല്ലറയിൽ നിന്നു പുറത്തുവരും (ലൂക്കാ 24:34 ; ഫിലി. 3:21 ; 1 കൊറി. 15:44) എന്നു ബൈബിൾ പഠിപ്പിക്കുന്നു.

**യേശുവിന്റെ ചുംബനം**

"ഈശോ എന്റെ ആത്മാവിൽ പതിച്ച ആ പ്രഥമചുംബനം എത്ര മാധുര്യസംപൂർണമായിരുന്നു! അത് ഒരു സ്നേഹചുംബനമായിരുന്നു. എന്നെ അവിടന്നു സ്നേഹിക്കുന്നതായി തോന്നി. ഞാൻ ഇപ്രകാരം മറുപടി പറഞ്ഞു: "ഞാൻ അങ്ങയെ സ്നേഹിക്കുന്നു; എന്നന്നേക്കുമായി ഞാൻ അങ്ങേക്ക് സമർപ്പിക്കുകയും ചെയ്യുന്നു." ഞങ്ങൾ പരസ്പരം യാതൊന്നും ആവശ്യപ്പെട്ടില്ല. സമരവും ക്ലേശവുമൊന്നുമില്ലായിരുന്നു. ഈശോയും ഈ സാധുവായ കൊച്ചുത്രേസ്യായും പരസ്പരം വീക്ഷിക്കുകയും പരസ്പരം മനസ്സിലാക്കുകയും ചെയ്യാൻ തുടങ്ങിയിട്ട് വളരെ നാളായി. അന്നത്തേതു വെറും കടാക്ഷം മാത്രമായിരുന്നില്ല; മഹാസമുദ്രത്തിൽ ലയിച്ചുപോകുന്ന ഒരുതുള്ളി വെള്ളംപോലെ ത്രേസ്യ അദൃശ്യയായി. ഈശോ മാത്രം ശേഷിച്ചു. അവിടുന്നായിരുന്നു ഗുരുവും രാജാവും." *(വിശുദ്ധ കൊച്ചുത്രേസ്യാ തന്റെ പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തെപ്പറ്റി).*




## ഉത്ഥാനത്തിന്റെ സന്തോഷം

യേശുവിന്റെമരണം അവിടത്തെ ശിഷ്യന്മാരെയും അനുയായികളെയും തീരാദു:ഖത്തിലാഴ്ത്തി. ആഴ്ചയുടെ ആദ്യദിവസം അതിരാവിലേ ഇരുൾ നീങ്ങുംമുമ്പ് ഗലീലിയിൽനിന്ന് അവിടത്തെ അനുഗമിച്ചിരുന്ന ഏതാനും സ്ത്രീകൾ സുഗന്ധദ്രവ്യങ്ങളുമായി യേശുവിന്റെ കല്ലറയിലെത്തി. കല്ലറയിൽ നിന്ന് കല്ല് ഉരുട്ടി മാറ്റപ്പെട്ടിരിക്കുന്നതായി അവർ കണ്ടു. കല്ലറയുടെ അകത്തു കടന്നു നോക്കിയപ്പോൾ യേശുവിന്റെ ശരീരം അവിടെ കണ്ടില്ല. അവിടെ പ്രത്യക്ഷപ്പെട്ട ദൂതന്മാർ, യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്ന സന്തോഷവാർത്ത അവരെ അറിയിച്ചു:

“ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്തിന്? അവൻ ഇവിടെയില്ല. ഉയിർപ്പിക്കപ്പെട്ടു. മനുഷ്യപുത്രൻ പാപികളുടെ കൈയിൽ ഏല്പിക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യേണ്ടിയിരിക്കുന്നു എന്ന് താൻ ഗലീലിയിൽ ആയിരുന്നപ്പോൾത്തന്നെ അവൻ നിങ്ങളോടു പറഞ്ഞത് ഓർമ്മിക്കുവിൻ” (ലൂക്കാ 24:5-7).

നിത്യവാസസ്ഥലം, പറുദീസ, സ്വർഗീയ ജറുസലേം, ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ ആയിരിക്കുക തുടങ്ങിയവയാണ് സ്വർഗീയജീവിതത്തെയും സ്വർഗത്തെയും ദ്യോതിപ്പിക്കാൻ വിശുദ്ധ ഗ്രന്ഥം ഉപയോഗിക്കുന്ന സംജ്ഞകൾ ദൈവവരത്താൽ നീതീകരിക്കപ്പെട്ടവർക്ക് - പൂർണമായി ശുദ്ധീകരിക്കപ്പെട്ടവർക്ക്- ക്രിസ്തുവുമായുള്ള നിത്യസഹവാസവും ത്രിയേകദൈവദർശനവും ലഭിക്കുന്നതാണ്. സ്വർഗീയസൗഭാഗ്യം അതിനാൽ മഹത്ത്വീകൃതനായ ക്രിസ്തുവുമൊത്തുള്ള നിത്യ ജീവിതവും ത്രിയേകദൈവത്തിന്റെ ജീവനിൽ പങ്കുചേരലുമാണ്.

മനുഷ്യന്റെ ചിന്തകളെയും കണക്കുകൂട്ടലുകളെയും
കീഴ്മേൽ മറിക്കുന്നതായിരുന്നു യേശുവിന്റെ ഉത്ഥാനം. ഉത്ഥാനം ഒരു പുതിയ
ജീവിതത്തിന്റെ തുടക്കമാണ്;
മരണമില്ലാത്ത ലോകത്തിന്റെ തുടക്കം. മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം
തീർക്കാനുള്ള ഒരു ക്ഷണമാണത് (വെളി. 21: 3). മനുഷ്യരെ മരങ്ങളായി കാണുന്ന
കണ്ണുകളുടെ അന്തവും മനുഷ്യരെ മനുഷ്യരായി കാണാനുള്ള കണ്ണുകളുടെ
തുറവിയുമാണ് ഉത്ഥാനം (മർക്കോ. 8:22-26).




ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഈ ലോകത്തുകൊണ്ടുവരാൻ ഓരോ വിശ്വാസിക്കുമുള്ള ആഹ്വാനമാണ് യേശുവിന്റെ ഉത്ഥാനം.

## ഉത്ഥാനത്തിന്റെ ഫലങ്ങൾ

ആദിപാപം മൂലം നിത്യമരണത്തിനു വിധേയനായ മനുഷ്യനെ യേശു വീണ്ടെടുത്തത് ഉത്ഥാനത്തിലൂടെയാണ്. ജീവിച്ചിരിക്കുന്നവരെ മാത്രമല്ല, പാതാളത്തിൽ ഇറങ്ങുകവഴി തനിക്കുമുമ്പേ മരിച്ചുപോയ നീതിമാന്മാരെയും മരണത്തിന്റെ ആധിപത്യത്തിൽ നിന്ന് യേശു മോചിപ്പിച്ചു (CCC 633).

യേശുവിന്റെ മരണത്തോടെ ചിതറിപ്പോയ ശിഷ്യരെ ഒരുമിച്ചുചേർത്തത് യേശുവിന്റെ ഉത്ഥാനംവഴിയാണ്. യഹൂദരെ ഭയന്നു കഴിഞ്ഞിരുന്ന ശിഷ്യന്മാർ ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടിയപ്പോൾ ധൈര്യവും ശക്തിയും നിറഞ്ഞവരായി. കൂട്ടായ്മയുടെ അനുഭവത്തിലേക്ക് അവർ തിരികെ വന്നു.

**മരിച്ചവർക്കുവേണ്ടി നാം പ്രാർത്ഥിക്കണം.
യേശുവിന്റെ ഉത്ഥാനത്തിന്റെ
സന്തോഷത്തിൽ മരിച്ചവരും ജീവിച്ചിരിക്കുന്നവരും
പങ്കുചേരണ്ടതുണ്ട്.**

എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്കുണ്ടായ അനുഭവം ശ്രദ്ധേയമാണ്. പ്രത്യാശ നഷ്ടപ്പെട്ട് നിരാശരും ദു:ഖിതരുമായ അവസ്ഥയിലാണ് യേശുവിന്റെ രണ്ടു ശിഷ്യന്മാർ എമ്മാവൂസിലേക്കു യാത്രപുറപ്പെട്ടത്. എന്നാൽ വഴിമദ്ധ്യേ അവരോടൊപ്പം യാത്രയാരംഭിച്ച യേശു അവർക്ക് വചനംവ്യാഖ്യാനിച്ചുകൊടുത്തു. പിന്നീട് അവർക്ക് അപ്പം മുറിച്ചു കൊടുത്തപ്പോൾ അവരുടെ കണ്ണുകൾതുറന്നു. അവരുടെ മനസ്സിനെ ഗ്രസിച്ചിരുന്ന നഷ്ടബോധവും നിരാശതയും അപ്രത്യക്ഷമായി. അങ്ങനെ യേശുവിന്റെ ഉത്ഥാനം അവരെ പുതിയ ജീവന് ഉടമകളാക്കി.

ഉയിർത്തെഴുന്നേറ്റയേശു പലപ്രാവശ്യം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട് അവരെ ധൈര്യപ്പെടുത്തുന്നുണ്ട്. ലോകമെങ്ങും പോയി തന്റെ സുവിശേഷമറിയിക്കാനുള്ള ദൗത്യം അവിടന്ന് ശിഷ്യന്മാരെ ഏല്പിച്ചു.




"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും" (മർക്കോ. 16:15-16).

ദൈവരാജ്യ പ്രഘോഷണത്തിനായി ലോകത്തിന്റെ അതിർത്തികൾ വരെ പോകാൻ ഉത്ഥാനാനുഭവം അപ്പസ്തോലന്മാർക്കു പ്രചോദനമേകി.

ഉത്ഥാനം ചെയ്ത യേശു സദാ നമ്മുടെ കൂടെയുണ്ട്.
അവിടുന്ന് നമ്മുടെ കൂടെയുള്ളതാണ്
നമ്മുടെ ശക്തിയും ധൈര്യവും.

ഉത്ഥാനംകഴിഞ്ഞ് നാല്പതുദിവസങ്ങൾ യേശു ശിഷ്യന്മാരോടൊത്ത് ഉണ്ടായിരുന്നു. നാല്പതാംനാൾ ശിഷ്യന്മാരുടെ സാന്നിധ്യത്തിൽ അവിടുന്ന് സ്വർഗാരോഹണം ചെയ്തു.

## ഉത്ഥാനാനുഭവം നമ്മുടെ ഭാവിജീവിതത്തിൽ

യേശുവിന്റെ ഉത്ഥാനം ശിഷ്യന്മാർക്കെന്നപോലെ നമുക്കും ധൈര്യവും പ്രതീക്ഷയും പകരുന്നു. നാമും നമ്മുടെ കുടുംബങ്ങളും ഇടവകകളും അടിസ്ഥാന ക്രൈസ്തവസമൂഹങ്ങളും ഉണരുകയും ഉയരുകയും സമഗ്രമായ വളർച്ച പ്രാപിക്കുകയും ചെയ്യുമ്പോൾ ഉത്ഥാനാനുഭവം നമ്മിൽ സഫലമാകുന്നു. യേശുവിനോടൊപ്പം നാമും ഉയിർക്കുന്നു.

നമ്മുടെ സമൂഹത്തിൽ മൃതരെപ്പോലെ ജീവിക്കുന്നവരെ സ്നേഹത്തിന്റെ തൈലം പൂശി തൊട്ടുണർത്തുമ്പോൾ ഉത്ഥാനാനുഭവമുണ്ടാകുന്നു. സ്നേഹമുള്ളിടത്ത് ഇരുൾ ഇല്ല. നമ്മുടെ പരസ്പരസ്നേഹത്തിലൂടെ ഉത്ഥാനത്തിന്റെ പ്രകാശം എല്ലായിടത്തും പ്രസരിക്കണം.

അതിരാവിലേ ഇരുൾനീങ്ങുംമുമ്പേ വിശ്വാസത്തിന്റെ ദീപവുമായി അന്ധകാരത്തിലേക്കു കുതിക്കുന്ന വിശ്വാസത്തിന്റെ ഉടമകൾക്കാണ് ഉത്ഥാനാനുഭവം സംലഭ്യമാകുക.

ഉത്ഥിതനായ യേശു നവജീവന്റെ ഉറവിടമാണ്. ജ്ഞാനസ്നാനം വഴി യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലും നാം പങ്കുചേരുന്നു. ഉത്ഥാനം മരണാനന്തര ജീവിതത്തിലുള്ള നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ്.

"സഹോദരർ ഏകമനസ്സായി
ഒരുമിച്ചു വസിക്കുന്നത്
എത്ര വിശിഷ്ടവും
സന്തോഷപ്രദവുമാണ്!"
(സങ്കീ. 133/1).





## ഗാനം

[redacted]ത്തിൻ, അവസാനവാക്കല്ല മരണം
യവനികവീഴലുമല്ല
പുതുജീവിതത്തിൻ സ്വർണകവാടംമരണം
പ്രത്യാശവയ്ക്കണം നമ്മൾ

മരണത്തിനപ്പുറം കാത്തിരിക്കുന്നു
ശോഭായമാനം സ്വർഗം
ഉത്ഥിതനേശുമഹേശൻ പ്രവേശിച്ച
സത്യസനാതന സ്ഥാനം

പുതിയൊരാകാശവും പുതിയൊരു ഭൂമിയും
മരണത്തിനപ്പുറം കാണാം
സ്വർഗത്തിൽ [redacted]
നമ്മെയെത്തിക്കു[redacted]

## ചർച്ച ചെയ്യുക

[redacted]

## ഉത്തരം കണ്ടെത്താം

[redacted]




## മന:പാഠമാക്കാം

മരണം ജീവിതത്തിന്റെ അവസാനവാക്കല്ല. പുതിയ ജീവിതത്തിന്റെ വാതിലാണ്.

## ദൈവവചനം ഓർമ്മിക്കാം

"അനുഗ്രഹിച്ചുകൊണ്ടിരിക്കേ അവൻ അവരിൽ നിന്നു മറയുകയും സ്വർഗത്തിലേക്കു സംവഹിക്കപ്പെടുകയും ചെയ്തു (ലൂക്കാ 24:51).

## നമുക്കു പ്രാർത്ഥിക്കാം

യേശുവിന്റെ ഉത്ഥാനംവഴി, മരണം പുതിയജീവിതത്തിന്റെ വാതിലാണെന്നു ഞങ്ങളെ പഠിപ്പിച്ച ദൈവമേ, മനുഷ്യരെ മനുഷ്യരായിക്കാണാൻ ഞങ്ങളുടെ നയനങ്ങൾ തുറന്നു തരണമേ.

## അവതരിപ്പിക്കാൻ

യേശുവിന്റെ ഉത്ഥാനവും തുടർന്നു കല്ലറയിലെത്തിയ സ്ത്രീകൾക്കുണ്ടായ അനുഭവവും ക്ലാസ്സിൽ അവതരിപ്പിക്കുക.

# 12

# ക്രിസ്തു ഇന്നും ജീവിക്കുന്നു






**യേ**ശുവിന് നമ്മോടുള്ള സ്നേഹം അവിടുത്തെ മരണത്തോടുകൂടെ അവസാ നിക്കുന്നില്ല, മറിച്ച്, ഉയിർപ്പിലൂടെ പൂർണത പ്രാപിക്കുകയാണു ചെയ്തത്. യേശു പറഞ്ഞു:

"ചെറിയൊരജഗണമേ, നിങ്ങൾ
ഭയപ്പെടേണ്ട.
നിങ്ങളെ ഞാൻ അനാഥരായി
വിടുകയില്ല
ലോകാവസാനം വരെ ഞാൻ
നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (യോഹ 14:18).

യേശുവിന്റെ സഹനവും മരണവും ഉത്ഥാനവുമെല്ലാം നമ്മോടുള്ള സ്നേഹത്തിന്റെ അടയാളങ്ങളാണ്.

## സഭയിൽ ജീവിക്കുന്ന ക്രിസ്തു

ചരിത്രത്തിൽ സഭ ക്രിസ്തുവിന്റെ പിന്തുടർച്ചയാണ്. ദൈവരാജ്യം ലോകത്തിനു പകർന്നുനല്കാൻ മലമുകളിൽ തെളിച്ച ദീപമാണ് സഭ (മത്താ. 5:14-16). മാത്രമല്ല, ലോകത്തെ പുളിപ്പിക്കുന്ന പുളിമാവായും (മത്താ. 13:31-33) ലോകത്തിന് രുചി പകരുന്നതും കേടുകൂടാതെ സൂക്ഷിക്കുന്നതുമായ ഉപ്പായും സഭ മാറുന്നു (മത്താ. 5:13-16).

"ലോകത്തിലുള്ളവയോ ലോകം തന്നെയോ
ക്രിസ്തുവിനെക്കാൾ സുന്ദരമല്ല.
അവിടന്ന് സൂര്യനെപ്പോലെ പ്രത്യക്ഷപ്പെട്ടപ്പോൾ
നക്ഷത്രങ്ങൾ നിഷ്പ്രഭമായി" (റോസനോവ്).

"പൗലോസിനോടു മറുതലിക്കുന്ന ഒരു തത്ത്വജ്ഞാനിയാകാനോ യേശുവിനെ ധിക്കരിക്കുന്ന ഒരു അരിസ്റ്റോട്ടിലാകാനോ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം, യേശുവിന്റെ നാമത്തിനല്ലാതെ സ്വർഗത്തിൻകീഴിലുള്ള ഒന്നിനും എന്നെ രക്ഷിക്കാൻ സാധിക്കുകയില്ല" *(അബേലാർഡ്).*




സഭ ക്രിസ്തുവിന്റെ പിന്തുടർച്ചയാണ്.
സഭയെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്.
സഭാംഗങ്ങളായ നാം സഭയെ സ്നേഹിക്കുകയും
സഭ പഠിപ്പിക്കുന്ന കാര്യങ്ങൾ അനുസരിക്കുകയും വേണം.

## വചനത്തിൽ ജീവിക്കുന്ന ക്രിസ്തു

പിതാവായ ദൈവത്തിന്റെ വചനമായ യേശുക്രിസ്തുവിനെ വിശുദ്ധഗ്രന്ഥംവഴി നമുക്ക് അറിയാൻ കഴിയും. ആദിയിൽ ദൈവത്തോടുകൂടെയായിരുന്ന വചനമായ യേശു (യോഹ. 1:2) തന്നെത്തന്നെ ഇന്നും വെളിപ്പെടുത്തിത്തരുന്നത് വചനം വഴിയാണ്.
നാം വചനം വായിക്കുമ്പോൾ നിക്കൊദേമൂസിനും എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്കും യേശു വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊടുത്തതുപോലെ, തന്റെ പരിശുദ്ധാത്മാവ് വഴി ഇന്നും നമുക്കു വ്യാഖ്യാനിച്ചുനല്കുന്നു (ലൂക്കാ 24 :13-27; യോഹ. 3:1-21).

"അവൻ വിശുദ്ധലിഖിതം വിശദീകരിച്ചുകൊണ്ട് നമ്മോടു സംസാരിച്ചപ്പോൾ
നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ?" (ലൂക്കാ 24:32).
ദൈവവചനത്തിലൂടെ യേശു ഇന്നും നമ്മോടു സംസാരിക്കുന്നു.
യേശുവിന്റെ വചനം വായിക്കുകയും മനസ്സിലാക്കുകയും അതനുസരിച്ചു ജീവിക്കുകയും
വേണം.

"ക്രിസ്തുവിന്റെ കാലത്താണ് ഞാൻ ജീവിച്ചിരുന്നതെങ്കിൽ, കണ്ണുനീരുകൊണ്ടല്ല, എന്റെ ഹൃദയരക്തംകൊണ്ടുതന്നെ ഞാനവിടത്തെ പാദങ്ങൾ കഴുകുമായിരുന്നു"

(വിവേകാനന്ദൻ)

"മതവിഭാഗത്തിന്റെ അർത്ഥത്തിൽ ഞാനൊരു ക്രിസ്ത്യാനിയല്ല, ശരിതന്നെ. എങ്കിലും ലൗകികവും ഐഹികവുമായ എന്റെ സകല വ്യാപാരങ്ങളെയും നയിക്കുന്ന അഹിംസാസിദ്ധാന്തത്തിലുള്ള എന്റെ അക്ഷയമായ വിശ്വാസത്തിന്റെ രൂപവൽകരണത്തിൽ ഒരു ഘടകം ക്രൂശിതനായ ക്രിസ്തുവിന്റെ മാതൃകയാണ്"

(മഹാത്മാഗാന്ധി).




## കൂട്ടായ്മയിൽ ജീവിക്കുന്ന ക്രിസ്തു

ആദിമസഭയിലേതുപോലെ, അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന (അപ്പ. 2:42) എന്നിവയിൽ ജീവിക്കുന്ന സമൂഹങ്ങളിലൂടെ യേശു ഇന്നും ജീവിക്കുന്നു.

മനുഷ്യരാശിയുടെ എല്ലാ ഗുണങ്ങളും യേശുവിൽ മൂർത്തീഭവിച്ചിരുന്നു. ജീവിതത്തിന്റെ അർത്ഥവും ഉദ്ദേശ്യവും അറിയാനുള്ള മനുഷ്യന്റെ ദാഹം ശമിപ്പിക്കാനുള്ള വറ്റാത്ത ഉറവിടമാണ് യേശുക്രിസ്തു. അന്ധകാരത്തിൽ കിടന്ന് ഉഴലുന്ന മനുഷ്യന് പ്രകാശമാനമായ ഒരു മാർഗം അവിടന്നു കാണിച്ചുകൊടുത്തു. ക്രിസ്തുവിന്റെ സാമ്രാജ്യം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഒന്നത്രേ. മനുഷ്യഹൃദയങ്ങളിൽ ആധിപത്യം ചെലുത്തിക്കൊണ്ട് അത് ലോകാവസാനംവരെ നിലകൊള്ളും. (കെ.പി. കേശവമേനോൻ)

**തകരാത്ത സാമ്രാജ്യം**

"അലക്സാണ്ടർ ഒരു സാമ്രാജ്യം സ്ഥാപിച്ചു,
അത് തകർന്നുപോയി.
ജൂലിയസ് സീസർ വെട്ടിപ്പിടിച്ച
മഹത്തായ റോമാസാമ്രാജ്യവും
നാമാവശേഷമായി.
ഞാനും
ഒരു സാമ്രാജ്യം സ്ഥാപിച്ചിട്ടുണ്ട്;
തീർച്ചയായും
അതും കഥാവശേഷമാകും.
എന്നാൽ ക്രിസ്തു
ഒരു സാമ്രാജ്യം സ്ഥാപിച്ചിട്ടുണ്ട്;
അത് ഒരുകാലത്തും
തകരില്ല." -നെപ്പോളിയൻ

## കൂദാശകളിൽ ജീവിക്കുന്ന ക്രിസ്തു


"നിനക്കു ചെയ്യാൻ കഴിവുള്ള നന്മ അതു ലഭിക്കാൻ അവകാശമുള്ളവർക്കു നിഷേധിക്കരുത്" (സുഭാ. 3/27).

യേശുവിന്റെ ദൈവരാജ്യപ്രഘോഷണം ഇന്നും കൂദാശകളിലൂടെ തുടരുന്നു:

### ജ്ഞാനസ്നാനം

ജ്ഞാനസ്നാനം സ്വീകരിച്ച നമുക്ക് യേശുവിനോടൊപ്പം ദൈവരാജ്യത്തിനുവേണ്ടി പീഡനങ്ങളേറ്റെടുക്കാനും ഉയിർക്കാനുമുള്ള പ്രാപ്തി ലഭിക്കുന്നു. അങ്ങനെ നമ്മിലൂടെ യേശു ദൈവരാജ്യപ്രഘോഷണം ഇന്നും തുടരുന്നു. രക്ഷിക്കപ്പെട്ടവരുടെയും രക്ഷിക്കപ്പെടേണ്ടവരുടെയും സമൂഹത്തിൽ നമ്മെ ഉൾച്ചേർക്കുന്നു.

### സ്ഥൈര്യലേപനം

സ്ഥൈര്യലേപനത്തിലൂടെ പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ട് ദൈവരാജ്യപ്രഘോഷണത്തിന് നമുക്കു ശക്തി പകരുന്ന യേശു നമ്മിൽ നിത്യം ജീവിക്കുന്നു.

### വിശുദ്ധ കുർബാന

വിശുദ്ധ കുർബാനയിലൂടെ യേശു തന്റെ തിരുശരീരവും തിരുരക്തവും നല്കുകവഴി നമ്മുടെജീവിതം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. അതു വഴി യേശു നമ്മിൽ ജീവിക്കുന്നു.

### അനുരഞ്ജനം

അനുരഞ്ജനംവഴി നമ്മെ പാപത്തിൽ നിന്നു മോചിപ്പിച്ചുകൊണ്ട് ദൈവപിതാവിന്റെ സ്നേഹത്തിലേക്ക് നമ്മെ ക്ഷണിക്കുകയും ദൈവരാജ്യത്തിൽ ജീവിക്കാൻ നമ്മെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു

### വിവാഹം

വിവാഹം എന്ന കൂദാശയിലൂടെ ദൈവവും ജനവും തമ്മിലുള്ള വിശുദ്ധവും വിശ്വസ്തവുമായ ഉടമ്പടിയിൽ ജീവിക്കാനും ക്രിസ്തുവിന്റെ അനുയായികൾക്ക് ജന്മം കൊടുക്കാനും ക്രിസ്തു നമ്മെ ഒരുക്കുന്നു.




### പൗരോഹിത്യം

പൗരോഹിത്യത്തിലൂടെ ഇന്നും ജീവിക്കുന്ന യേശു ദൈവരാജ്യത്തിനു വേണ്ടി സർവവും പരിത്യജിച്ച് ജീവൻനല്കി നമ്മെ ശുശ്രൂഷിക്കുന്നു (മർക്കോ. 10:45).

കൂദാശകളിലൂടെ യേശുവിന്റെ സ്നേഹവും സാന്നിദ്ധ്യവും നാം അനുഭവിച്ചറിയുന്നു. കുർബാന, കുമ്പസാരം എന്നീ കൂദാശകൾ നിരന്തരം സ്വീകരിച്ച് അവിടുത്തെ അനുഗ്രഹങ്ങൾ പ്രാപിക്കുകയും അവിടത്തെ അനുഭവിച്ചറിയുകയും വേണം.

“എന്തെന്നാൽ, രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചുകൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും” (മത്താ. 18:20).

മനുഷ്യാവകാശസംരക്ഷണത്തിനായി നീതിയുക്തമായി പോരാടുന്നതിലൂടെ (മത്താ. 5:6) യേശു ഇന്നും ജീവിക്കുന്നു. നാം മറ്റുള്ളവർക്ക് നന്മചെയ്യുമ്പോഴും കരുണ കാണിക്കുമ്പോഴുമൊക്കെ ക്രിസ്തു നമ്മിൽ ജീവിക്കുന്നു.

ദൈവം സ്നേഹമാകുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല (1 യോഹ.4:8). മറ്റുള്ളവരെ നാം സ്നേഹിക്കുമ്പോഴാണ് നാം ദൈവമക്കളാകുക. നമ്മുടെ സ്നേഹത്തിൽ നിന്ന് ആരെയും മാറ്റി നിർത്തരുത്.

### ക്രിസ്തുവിനെ നാം കണ്ടുമുട്ടുന്ന മേഖലകൾ

വിശക്കുന്നവനിൽ, ദാഹിക്കുന്നവനിൽ, പരദേശിയിൽ, നഗ്നനിൽ, രോഗിയിൽ, കാരാഗൃഹവാസിയിൽ, വഴിയരികിൽ കിടക്കുന്നവനിൽ.........

“എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ, എനിക്കു തന്നെയാണു ചെയ്തുതന്നത്” (മത്താ. 25:40).

നാം കണ്ടു മുട്ടുന്ന ഒരോ മനുഷ്യനും യേശുവിന്റെ പ്രതിരൂപമാണ്.



"നിന്റെ പിതാവിന്റെ
കല്പന കാത്തുകൊള്ളുക.
മാതാവിന്റെ ഉപദേശം
നിരസിക്കയുമരുത്"
(സുഭാ. 6/20).



## ഗാനം

ലോകാന്ത്യത്തോളവും ഞാൻ
നിങ്ങളോടൊപ്പമുണ്ടാകും
ചെറുതാകുമജഗണമേ
പേടിച്ചിടേണ്ട തെല്ലും

സഭയെന്റെ നേർപ്രതീകം
അതിലെന്നും ഞാൻ വസിക്കും
മലമേലേ തെളിയും ദീപം
എന്ന പോൽ വഴികാട്ടും ഞാൻ

വചനത്തിൽ ജീവിക്കുവിൻ
ചൈതന്യം സ്വീകരിപ്പിൻ
കൂദാശ കൈക്കൊള്ളുവിൻ
നിത്യം ഞാൻ തുണയേകിടും

## ചർച്ച ചെയ്യുക

ക്രിസ്തു നമ്മിൽ ജീവിക്കുന്നു എന്നു ബോദ്ധ്യമാകുന്ന സന്ദർഭങ്ങൾ.

## ഉത്തരം കണ്ടെത്താം

1. തിരുസഭ എന്നാൽ എന്ത്?
2. കൂദാശകൾ എത്ര? ഏതെല്ലാം?
3. എന്തിലൂടെയാണ് യേശു തന്നെത്തന്നെ നമുക്കു വെളിപ്പെടുത്തിത്തരുന്നത്?
4. യേശുവിന്റെ ദൈവരാജ്യപ്രഘോഷനം ഇന്നും തുടരുന്നത് എന്തിലൂടെയാണ്?

## മന:പാഠമാക്കാം

ദൈവരാജ്യം ലോകത്തിനു പകർന്നുനല്കാൻ മലമുകളിൽ തെളിക്കപ്പെട്ട ദീപമാണ് സഭ.




## ദൈവവചനം ഓർമ്മിക്കാം

"എന്തെന്നാൽ, രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും" (മത്താ. 18:20).

## നമുക്കു പ്രാർത്ഥിക്കാം

സ്നേഹനിധിയായ ദൈവമേ, വിശക്കുന്നവരിലും രോഗികളിലും ആരോരും നോക്കാനില്ലാതെ വഴിയരികിൽ കിടക്കുന്നവരിലും യേശുവിന്റെ രൂപം ദർശിച്ച് അവരെ വേണ്ടവിധത്തിൽ സഹായിക്കാനുള്ള കൃപാവരം നല്കി ഞങ്ങളെ അനുഗ്രഹിക്കണമേ.

## പ്രവർത്തിക്കുക

ആരോരുമില്ലാതെ വഴിയരികിലും ആശുപത്രികളിലുമായി കഴിയുന്നവർക്ക് ഒരു നേരത്തെയെങ്കിലും ആഹാരം നല്കുക.



# വിശുദ്ധ ജോൺ മരിയ വിയാനി

**പ**തിനെട്ടാം നൂറ്റാണ്ട്. വിപ്ലവത്തിന്റെ തീച്ചൂളയിൽ നീറിക്കൊണ്ടിരിക്കുന്ന ഫ്രാൻസിൽ അക്കാലത്ത് മതവിശ്വാസവും മതാനുഷ്ഠാനങ്ങളും നിരോധിക്കപ്പെട്ടിരുന്നു. വിശ്വാസികളായ ക്രൈസ്തവർ ഏറെ ക്ലേശങ്ങൾ സഹിച്ച് രഹസ്യമായാണ് മതകർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നത്. മതബോധനവും മതാഭ്യാസവും ശിക്ഷാർഹമായ നാളുകളായിരുന്നു അത്.

ഫ്രാൻസിൽ ലിയോൺസിനടുത്തുള്ള ഡാഡില്ലി എന്ന ഗ്രാമത്തിൽ ഇക്കാലത്ത് ഒരു ഭക്ത ദമ്പതികൾ താമസിച്ചിരുന്നു - മാത്യു വിയാനിയും മേരി ബെലൂസിയും. സാധുജനസേവനത്തിലും കാരുണ്യപ്രവൃത്തികളിലും അതീവതാത്പര്യം കാണിച്ചു ജീവിച്ച ഈ ദമ്പതികളെ സമീപവാസികളെല്ലാം ആദരപൂർവമാണ് കണ്ടിരുന്നത്. 1786 മെയ് 8-ന് അവർക്ക് ഒരു പുത്രൻ ജനിച്ചു; ജോൺ മരിയ വിയാനി എന്ന് മാതാപിതാക്കൾ ആ കുഞ്ഞിന് പേരിട്ടു.



മതവിശ്വാസം നിരോധിച്ചിരുന്നതുകൊണ്ട് വിശ്വാസികളാരും പരസ്യമായി പ്രാർത്ഥിച്ചിരുന്നില്ല. വൈദികർ രാത്രികാലങ്ങളിൽ വളരെ രഹസ്യമായി എത്തിയാണ് വിശ്വാസികൾക്കാവശ്യമായ ഉപദേശങ്ങൾ നല്കിയിരുന്നത്. ഇത്തരം അനുഭവങ്ങളെല്ലാം ബാലനായ ജോണിനെ ഏറെ സ്വാധീനിച്ചിരുന്നു. രഹസ്യമായി പ്രാർത്ഥിക്കാനും വൈദികരുടെ ഉപദേശങ്ങളിൽ ജാഗ്രതയോടെ പങ്കെടുക്കാനും ജോൺ ഏറെ താത്പര്യം പുലർത്തിയിരുന്നു. പരിശുദ്ധ കന്യകമറിയത്തോടുള്ള കൊച്ചുജോണിന്റെ അതിരറ്റ സ്നേഹവും ഭക്തിയും മറ്റുള്ളവരെ അദ്ഭുതപ്പെടുത്തിയിരുന്നു. ജോണിനെപ്പോലെ നല്ല കുട്ടിയായി വളരാൻ മാതാപിതാക്കൾ തങ്ങളുടെ മക്കളെ ഉപദേശിക്കാനും മറന്നില്ല.

എല്ലാവരുടെയും രക്ഷയ്ക്കായി മരണംവരിച്ച യേശുവിലുള്ള വിശ്വാസവും പരിശുദ്ധ അമ്മയോടുള്ള വാത്സല്യവും നിമിത്തം ഒരു വൈദികനാകാൻ ജോൺ ആഗ്രഹിച്ചു. പ്രാർത്ഥനയ്ക്കും ഉപദേശത്തിനുമായെത്തുന്ന വൈദികരെയെല്ലാം ബഹുമാനത്തോടും കൗതുകത്തോടും കൂടെ നോക്കിനിന്നിട്ടുള്ള ജോൺ, ഫാദർ ആബെ ബെയ്‌ലിയെ ഏറെ സ്നേഹിച്ചിരുന്നു. ഇരുപതാമത്തെ വയസ്സിൽ ബെയ്‌ലി അച്ചന്റെ കീഴിൽ അവൻ പഠനമാരംഭിച്ചു. വൈദികനായി ജനത്തിനു നന്മ ചെയ്യണമെന്ന ജോണിന്റെ ആഗ്രഹത്തെ അയല്ക്കാരും ബന്ധുക്കളുമെല്ലാം പ്രോത്സാഹിപ്പിച്ചിരുന്നു. പക്ഷേ, പഠിക്കാൻ ജോൺ വളരെ മോശമായിരുന്നു; പ്രത്യേകിച്ച് ലത്തീൻഭാഷാപഠനം ഒരുവിധത്തിലും സാധിച്ചിരുന്നില്ല.

അങ്ങനെയിരിക്കേ, സ്വേച്ഛാധിപതിയായ നെപ്പോളിയൻ, നിർബന്ധിത സൈന്യസേവനത്തിന് ഉത്തരവിട്ടു. സൈന്യസേവനത്തിൽ ചേർന്നാൽ തന്റെ പഠനം തടസ്സമാകുമെന്നു കണ്ട ജോൺ ഒരു വർഷം നൊവെയിലെ കുട്ടികളെ പഠിപ്പിക്കാൻ രഹസ്യമായി അങ്ങോട്ടു പോയി.

1810-ൽ സഹോദരൻ ഫ്രാൻസിസിന് സൈനിക സേവനത്തിനു പ്രായമായപ്പോൾ ജോൺ വിയാനി കുടുംബാവകാശങ്ങൾ അനുജനു നല്കി. പ്രത്യുപകാരമായി ജോണിനു വേണ്ടി ഫ്രാൻസിസ് സൈന്യത്തിൽ ചേർന്നു. ജോൺ ബെയ്‌ലിയച്ചന്റെ അടുക്കലേക്കു മടങ്ങി പഠനം തുടരുകയും ചെയ്തു.

1813-ൽ ബെയ്‌ലിയച്ചന്റെ നിർദ്ദേശപ്രകാരം ജോൺ സെമിനാരിയിൽ ചേർന്നു. പഠിക്കാൻ മോശമായിരുന്ന ജോൺ, സെമിനാരിപഠനകാലത്തും വ്യത്യസ്തനായിരുന്നില്ല. എന്നാൽ ജോണിന്റെ നിഷ്കളങ്കതയും സ്നേഹവും പ്രാർത്ഥനാചൈതന്യവും സഹപാഠികളുടെയും അധികാരികളുടെയും ശ്രദ്ധ പിടിച്ചുപറ്റി. വൈദികപട്ടസ്വീകരണത്തിനു സമയമായപ്പോൾ, സെമിനാരി റെക്ടർ ജോണിനെ സംബന്ധിച്ച കാര്യങ്ങളെല്ലാം ലിയോൺസിലെ വികാർ ജനറലായിരുന്ന മോൺസിഞ്ഞോർ ഉർബനെ അറിയിച്ചു. ജോൺ വിയാനിയുടെ വിശിഷ്ട ഗുണങ്ങളെക്കുറിച്ച് പൂർണബോധ്യമുണ്ടായിരുന്ന ഫാദർ ബെയ്‌ലി തന്റെ പ്രിയശിഷ്യന്റെ വൈദികപട്ടത്തിനുവേണ്ടി പ്രത്യേകം അപ്പീൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ദൈവഭക്തിയിൽ ഒന്നാംസ്ഥാനം ജോണിനാണെന്ന് സെമിനാരി റെക്ടർ ഉറപ്പിച്ചു പറഞ്ഞതു കേട്ടപ്പോൾ വികാർ ജനറൽ പറഞ്ഞു: “എങ്കിൽ വിയാനിക്കു ഞാൻ വൈദികപട്ടം കൊടുക്കാൻ

[redacted]

[redacted]